അതിനുശേഷം 'എം.എൽ.എ. റോഡിന് പണം ബാധകമല്ല' എന്നു പറഞ്ഞ ഉപമുഖ്യമന്ത്രി, എഴുതി അയച്ചത് പണം ഉണ്ടോയെന്ന് അന്വേഷിക്കാനാണ്. സ്ഥലം ഉണ്ടോ എന്നല്ല. അതിനുശേഷം ചീഫ് എഞ്ചിനീയർ നോട്ടെഴുതി സ്ഥലം ഉണ്ടോ എന്ന്. ഇതെല്ലാം കഴിഞ്ഞതിനുശേഷം വി.എ.മുഹമ്മദും ഇവരുമെല്ലാം കൂടിയാലോചിച്ചതിനുശേഷം ഇദ്ദേഹം എനിക്കൊരു മറുപടി തന്നു അതാണ് വിചിത്രം. മറുപടി തന്നതിൽ 'ഗൗരിയമ്മ എഞ്ചിനീയറുമായി ചേർന്ന് സ്ഥലം എഴുതിക്കൊടുത്തു എന്നു പറയുന്നത് ശരിയാണ്. 25 പേരുള്ളതിൽ ആറു പേർ ഒപ്പിട്ടിട്ടില്ല' എന്ന്. ഇത് പക്ഷപാതപരമായ ഒരു നടപടിയാണ് എന്നുള്ളതുകൊണ്ട് ഞാനിത് പത്രത്തിന് കൊടുത്തു. പത്രത്തിൽ കൊടുത്തതിൽ അദ്ദേഹം പ്രകോപിച്ചിരിക്കുന്നു. അത് കഴിഞ്ഞതിനുശേഷം ഇവിടെ വന്നു പറയുന്നു 'വസ്തു ഉടമസ്ഥന്റെ പേരിൽ ഗൗരിയമ്മ ഒപ്പിട്ടുകൊടുത്തു' എന്ന്. ഇത് ആക്ഷേപാർഹമാണ്. ഇങ്ങനെ പറഞ്ഞു കൂടാത്തതാണ്. ഞാൻ ഇത് നിഷേധിക്കുന്നു. മുഴുവൻ വസ്തു ഉടമസ്ഥൻമാരും ഒപ്പിട്ടു കൊടുത്തതാണ്. ഇവർക്കിത് നടത്താൻ കഴിയില്ലാഞ്ഞിട്ട് ടെൻഡർ വിളിച്ച് സാങ്ഷൻ കൊടുക്കാതെ വച്ചിരിക്കുന്ന വർക്കാണിത്.

ഉപമുഖ്യമന്ത്രി (ശ്രീ. കെ. അവുക്കാദർകുട്ടിനഹ): സർ, ഗൗരിയമ്മ ഏത്ര വികാരത്തോടെ കാര്യങ്ങൾ ഉന്നയിച്ചാലും യാഥാർത്ഥ്യം യാഥാർത്ഥ്യമല്ലാതാവുകയില്ല. എല്ലാവരും ഒപ്പിട്ടുകൊടുത്തു എന്നു പറയുന്ന ഗൗരിയമ്മ തന്നെ പറയുന്നു ഒരാൾ സ്ഥലം കൊടുക്കാൻ തയ്യാറായില്ല എന്ന്: ഞാൻ പറഞ്ഞത് ആറ് പേർ തയ്യാറായില്ല എന്നാണ്. ഒരാൾ സ്ഥലം കൊടുത്തില്ല എന്ന് ഗൗരിയമ്മ പറഞ്ഞല്ലോ. ഞാൻ പറഞ്ഞു ആറാൾ കൊടുത്തില്ല എന്ന്. ഏത് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കാണോ നിങ്ങൾ ഒപ്പിട്ട് കൊടുത്തത്, ആ എക്സിക്യൂട്ടീവ് എഞ്ചിനീയർ പറയുന്നു ആറാൾ സ്ഥലംതരാൻ തയ്യാറായില്ല എന്ന്. ഗൗരിയമ്മതന്നെ ഇവിടെ സമ്മതിച്ചു ഒരാൾ കൊടുക്കാൻ തയ്യാറായില്ല എന്ന്. ഞാൻ പറഞ്ഞത് ആറാൾ സ്ഥലം കൊടുക്കാൻ തയ്യാറായില്ല എന്നതും ശരിയാണ്. അത്രയേയുള്ളൂ.

XII. നിയമനിർമ്മാണകാര്യം

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

ജലസേചനവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 1986-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവകുപ്പുമന്ത്രി *(ശ്രീ. ഇ. അഹമ്മദ്): സർ, ഞാൻ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഈ നിയമത്തെ സംബന്ധിച്ച് പറയുമ്പോൾ, കോതമംഗലം മുനിസിപ്പാലിറ്റിയെപ്പറ്റി ആദ്യം പറയേണ്ടതുണ്ട്. മുനിസിപ്പാലിറ്റി നിയമം അനുസരിച്ച് ഒരു മുനിസിപ്പാലിറ്റി പുതിയതായി നിലവിൽ വന്നാൽ ആറു മാസത്തിനകം തെരഞ്ഞെടുക്കപ്പെട്ട ബോഡി നിലവിൽ വരണം. അല്ലെങ്കിൽ 96 മാസം. അതിനകം

LIBRARY ARCHIVES Kerala Legislative Assembly

നടക്കാൻ കഴിയാത്തതുകൊണ്ട് 108 മാസം എന്ന നിലയിലേക്ക് അതിന്റെ കാലാവധി വർദ്ധിപ്പിക്കുന്ന ഓർഡിനൻസായിരുന്നു. അത് റീപ്ലേസ് ചെയ്യാൻ വേണ്ടിയിട്ടുള്ള നിയമമാണിത്. വളരെ സിമ്പിളാണ്. അത് പെട്ടെന്ന് പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. പി. സി. ജോർജ്ജ്: സർ, I move that the Kerala Municipalities (Amendment) Bill, 1936 as reported by the Subject Committee be recommitted to the same Subject Committee.

ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി പറഞ്ഞതുപോലെ ഇത് വളരെ നിസ്സാരമായ ഭേദഗതി നിയമമാണ്. ഇപ്പോൾ 96 മാസമെന്നത് 108 മാസമാകുന്നു. 108 മാസം ആകുമ്പോഴേക്കും ഇതൊരു 120 മാസമാക്കണമെന്ന ഒരു നിയമം ഉണ്ടാക്കേണ്ട ഗതികേട് നമുക്കുണ്ടാകുമോ എന്ന് എനിക്ക് സംശയമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് എത്രയും വേഗം തെരഞ്ഞെടുപ്പു നടത്തണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. 1978-ൽ ഏകദേശം പന്ത്രണ്ടോളം മുനിസിപ്പാലിറ്റികൾ ഉണ്ടായി. തൊടുപുഴ മുനിസിപ്പാലിറ്റിയിലും (കോതമംഗലം മുനിസിപ്പാലിറ്റി എന്നാണ് മാണി സർ പറഞ്ഞത്) തെരഞ്ഞെടുപ്പു നടത്തുവാൻ നമുക്കു കഴിഞ്ഞിട്ടില്ല. വർക്കലയിലും കഴിഞ്ഞിട്ടില്ല. എന്തുകൊണ്ടാണ് ഈ ഗതികെട്ട സാഹചര്യം ഉണ്ടാകുന്നതെന്ന് നമ്മൾ പരിശോധിക്കണം. മുനിസിപ്പാലിറ്റി തെരഞ്ഞെടുപ്പുകൾ എത്രയും വേഗം നടത്തണമെന്ന എന്റെ കാഴ്ചപ്പാട് ഞാൻ പരസ്യമായിട്ടുതന്നെ രേഖപ്പെടുത്തുകയാണ്. എന്തിനിങ്ങനെ നീട്ടിക്കൊണ്ടുപോകുന്നു.

മറ്റൊരുകാര്യം പറയാനുള്ളത് മുനിസിപ്പാലിറ്റികൾ രൂപീകരിക്കുമ്പോൾ പല കാര്യങ്ങളും ചിന്തിക്കേണ്ടതായിട്ടുണ്ട്. നിയമത്തിൽ പറയുന്നത് 80 ശതമാനത്തിൽ കൂടുതൽ അർബൻ പോപ്പുലേഷനുള്ള സ്ഥലങ്ങളിൽ മാത്രമെ മുനിസിപ്പാലിറ്റി ആകാവൂ എന്നാണ്. എന്നാൽ 1978-ൽ ഉണ്ടാക്കിയ പന്ത്രണ്ട് മുനിസിപ്പാലിറ്റികളുടെ ഗതി ഇന്നെന്താണ്?

വലിയ നമ്പർ തോട്ടങ്ങൾ ഉൾപ്പെടെയുള്ള പ്രദേശങ്ങൾ ചില രാഷ്ട്രീയ പാർട്ടികളുടെ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളാക്കിയതുകൊണ്ട് ഇന്ന് വന്നിരിക്കുന്ന ബുദ്ധിമുട്ടുകളിലൊന്നാണ് മുനിസിപ്പാലിറ്റികളിൽ ഫണ്ടില്ലെന്നുള്ളത്. ടാക്സ് ഡബിൾ ചെയ്തിരിക്കുന്നുവെങ്കിലും മുനിസിപ്പാലിറ്റികളിൽ വികസന പ്രവർത്തനങ്ങൾ നടത്തുവാനുള്ള പണമില്ല.

ശ്രീ. കാനം രാജേന്ദ്രൻ: ബഹുമാനപ്പെട്ട മന്ത്രിയുടെ മുനിസിപ്പാലിറ്റിയായ പാലാ മുനിസിപ്പാലിറ്റിയെക്കുറിച്ചാണോ ബഹുമാനപ്പെട്ട മെമ്പർ ഉദ്ദേശിച്ചത്?

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട കാനം രാജേന്ദ്രൻ തെറ്റിപ്പോയി. ഈ അടുത്തകാലത്ത് പാലാ മുനിസിപ്പാലിറ്റിയിൽ ഉള്ളതുപോലെ പണം ഒരു മുനിസിപ്പാലിറ്റിയിലും ഇല്ല. അവിടെ ഒരു കുഴപ്പവുമില്ല. നമ്മുടെ ബഹുമാനപ്പെട്ട നേതാവായ ശ്രീ. കെ. എം. മാണി ആത്മാർത്ഥമായി പാലായുടെ കാര്യങ്ങൾ കൈകാര്യം ചെയ്യുന്നുണ്ട്. അതുകൊണ്ട് അവിടെ ഒരു കുഴപ്പവുമില്ല. എൺപതുശതമാനം അർബൻ പോപ്പുലേഷനുള്ള പ്രദേശങ്ങളാണ് മുനിസിപ്പാലിറ്റിയാക്കേണ്ടതെന്ന നിയമമുണ്ടെങ്കിലും നമ്മുടെ രാഷ്ട്രീയ

LIBRARY ARCHIVES Kerala Legislative Assembly

കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ മുനിസിപ്പാലിറ്റികളെ രൂപീകരിക്കുന്നതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുകളുണ്ടാകുന്നുണ്ട്. അതിന്റെ ഫലമായിട്ട് റബ്ബർ തോട്ടങ്ങളും തേയില തോട്ടങ്ങളുമാണ് മുനിസിപ്പൽ പ്രദേശങ്ങളിലെ സ്ഥലങ്ങളായി മാറുന്നത്. നമ്മുടെ ഒരു നിയമമനുസരിച്ച്, ബഹുമാനപ്പെട്ട രമേശ് ചെന്നിത്തലയുടെ വകുപ്പിലെ കമ്മ്യൂണിറ്റി ഡവലപ്പ്മെന്റ് ഡിപ്പാർട്ടുമെന്റിലെ യാതൊരു പ്രവർത്തനങ്ങളും മുനിസിപ്പാലിറ്റി ഏരിയയിൽ പാടില്ലെന്നാണ്. അങ്ങനെവരുമ്പോൾ, ധാരാളം ബുദ്ധിമുട്ടുകളുണ്ട്. 1978-ൽ ഉണ്ടാക്കിയ പന്ത്രണ്ട് മുനിസിപ്പാലിറ്റികളിലും മുനിസിപ്പൽ ഏരിയയായി മാറിയിരിക്കുന്ന, പാവപ്പെട്ട ആളുകൾ അധിവസിക്കുന്ന ഗ്രാമപ്രദേശങ്ങളിലും ധാരാളം ബുദ്ധിമുട്ടുകളുമുണ്ട്. അവിടെയൊക്കെ ടാക്സ് വർദ്ധിപ്പിച്ചു, എന്നാൽ വികസനപ്രവർത്തനങ്ങൾ ഒന്നും തന്നെ നടക്കുന്നില്ല. ആർ.എൽ.ഇ.ജി.പി. യിലോ, എൻ.ആർ.ഇ.പി. യിലോ റോഡുകൾ ഉണ്ടാകണമെന്നുവച്ചാൽപോലും ഇതുപോലുള്ള മുനിസിപ്പൽ ഏരിയായിൽ ഇന്ന് റോഡുകൾ ഉണ്ടാക്കാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. നേരത്തെ സൂചിപ്പിച്ചതുപോലെ ഈ മുനിസിപ്പാലിറ്റികൾക്കൊക്കെത്തന്നെ സാമ്പത്തികമായ ബുദ്ധിമുട്ടുകളുണ്ട്. അതിനകത്ത് റബ്ബർ തോട്ടങ്ങളോ, തേയിലത്തോട്ടങ്ങളോ, ഏലത്തോട്ടങ്ങളോ, കാപ്പിത്തോട്ടങ്ങളോ ഉള്ള പ്രദേശങ്ങൾ മുനിസിപ്പൽ ഏരിയയിൽ വരുന്നതുകൊണ്ട് ധാരാളം ബുദ്ധിമുട്ടുകളുണ്ടാകുന്നു. അതുകൊണ്ട് ടാക്സ് എത്ര വർദ്ധിപ്പിച്ചാലും ആ ഗ്രാമപ്രദേശങ്ങളുടെ വളർച്ചയ്ക്കുവേണ്ടി പണം കണ്ടെത്താൻ ഇന്ന് മുനിസിപ്പാലിറ്റികൾക്ക് കഴിയുന്നില്ല. ഈ ബുദ്ധിമുട്ട് ബഹുമാനപ്പെട്ട മന്ത്രി കണക്കാക്കണമെന്നു മാത്രമേ എനിക്ക് അഭ്യർത്ഥിക്കുവാനുള്ളു. കാരണം, ഇനിയും പുതിയ മുനിസിപ്പാലിറ്റികളൊക്കെ ഉണ്ടാകാനുള്ള സാഹചര്യമുണ്ടെന്നറിയാവുന്നതുകൊണ്ട് ഞാൻ സൂചിപ്പിക്കുകയാണ്. അത് പ്രത്യേകം ശ്രദ്ധിക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്.

അതുപോലെ തിരഞ്ഞെടുപ്പു നടത്താനുള്ള കാലാവധി 96 മാസങ്ങളെന്നുള്ളത് 108 മാസങ്ങളാക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഇപ്പോൾ ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലൊക്കെയാണെങ്കിൽ മുനിസിപ്പാലിറ്റികളൊക്കെ സത്യത്തിൽ നിലവിലില്ല. നിലവിലില്ലെന്ന അഭിപ്രായം എനിക്കുമുണ്ട്, അത് ഞാൻ തർക്കിക്കുന്നില്ല. പക്ഷേ ഇന്ന് മുനിസിപ്പാലിറ്റികളുടെ ഭരണം നടത്തുന്നതാരാണ്? 1978-ൽ മുനിസിപ്പാലിറ്റി രൂപീകരിച്ചിരിക്കുന്ന തൊടുപുഴയിലും കോതമംഗലത്തുമൊക്കെ 1987 ആരംഭിക്കുന്ന ഈ കാലഘട്ടംവരെയും ഉദ്യോഗസ്ഥൻമാരാണ് മുനിസിപ്പാലിറ്റികൾ ഭരിച്ചുകൊണ്ടിരിക്കുന്നത്. ഉദ്യോഗസ്ഥൻമാരുടെ മുനിസിപ്പാലിറ്റി ഭരണംകൊണ്ട് ചില ഗുണമുണ്ട്. അത് ഞാൻ നിഷേധിക്കുന്നില്ല. വല്ല ഐ.ആർ.ഡി.പി.ക്കാരനും പെട്ടിക്കട വച്ചിട്ടുണ്ടെങ്കിൽ ആ പെട്ടിക്കടയെല്ലാം എടുത്തു തോട്ടിലിടാൻ ഈ ഉദ്യോഗസ്ഥൻമാരുടെ ഭരണംകൊണ്ട് ഉപകരിക്കുന്നുണ്ട്. ഒരു ജനാധിപത്യ ഭരണമാണെങ്കിൽ, സാമാന്യ മര്യാദയുടെ പുറത്ത്, പാവപ്പെട്ട വല്ല ഹരിജനങ്ങളോ, ഗിരിജനങ്ങളോ പെട്ടിക്കടകൾ വല്ലതും വച്ചിട്ടുണ്ടെങ്കിൽ അതെടുത്ത് തോട്ടിലെറിയുകയില്ല. എന്നാൽ ഈ ഉദ്യോഗസ്ഥൻമാർ അതെടുത്ത് എറിയുന്നു. അങ്ങനെ ഉദ്യോഗസ്ഥൻമാരുടെ ഭരണം നിലനിൽക്കുന്ന ഒരു സാഹചര്യം സൃഷ്ടിക്കുന്നതിനു വേണ്ടി കൊണ്ടുവന്നിരിക്കുന്ന ഒരു ബില്ലെന്നുള്ള നിലയിൽ ഞാൻ അത്ര സന്തോഷത്തോടുകൂടിയല്ല ഈ ബില്ലിനെ അനുകൂലിക്കുന്നത്. എങ്കിലും ഞാൻ ഈ ബില്ലിനെ അനുകൂലിക്കുകയാണ്. അതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഏത്രയുംവേഗം മുനിസിപ്പാലിറ്റികളുടെ തിരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള നടപടികളും ഗവൺമെൻറ് സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഈ ബില്ലിനെ ഞാൻ അനുകൂലിക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. കെ. പങ്കജാക്ഷൻ: സർ, ഞാൻ ഭേഗതി അവതരിപ്പിക്കുന്നു.

The Kerala Municipalities (Amendment) Bill, 1986 as reported by the Subject Committee be circulated for obtaining public opinion.

ഞാൻ ഈ ബില്ലിനെ എതിർക്കുകയാണ്. ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടണമെന്ന നിർദ്ദേശമാണ് ഞാൻ വച്ചിരുന്നത്. എന്നാൽ നോട്ടീസിൽ അച്ചടിച്ചു വന്നപ്പോൾ പൊതുജനാഭിപ്രായത്തിന് വിടണമെന്ന നിലയ്ക്ക് വന്നു. ഏതായാലും ഈ നിയമം പാസ്സാക്കുകയെന്നുപറഞ്ഞാൽ, ഇതിനെത്തുടർന്ന് ഇവിടെ അവതരിപ്പിച്ച് പാസ്സാക്കാനിരിക്കുന്ന കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേഗതി) ബില്ലും കേരള മുനിസിപ്പൽ കോർപ്പറേഷൻ (ഭേഗതി) ബില്ലും ഈ സഭ അംഗീകരിക്കുകയെന്നുപറഞ്ഞാൽ, ഈ ഗവൺമെൻറിൻെറ ജനാധിപത്യവിരുദ്ധമായ നടപടികൾക്ക്, നയങ്ങൾക്ക് ഈ സഭ അംഗീകാരം നൽകുന്നുവെന്നാണ്. കഴിയുമെങ്കിൽ, ഇവിടെ അധികാരത്തിലിരുന്നുകൊണ്ട്, ഉദ്യോഗസ്ഥൻമാരിൽക്കൂടി, ഉദ്യോഗസ്ഥൻമാരെ സ്വാധീനിക്കുവാൻ കഴിയുന്ന തങ്ങളുടെ പാർട്ടി പ്രവർത്തകരിൽക്കൂടി എക്കാലവും നമ്മുടെ പ്രാദേശിക ജനാധിപത്യ സ്ഥാപനങ്ങളെ നിയന്ത്രിക്കുകയെന്ന ലക്ഷ്യം മാത്രമാണ് ഇന്ന് ഈ ഗവൺമെൻറിനുള്ളത്. ഇവരെ മാത്രമായി വേർതിരിച്ച് പഴി പറഞ്ഞിട്ട് കാര്യമുണ്ടെന്നു തോന്നുന്നില്ല. തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽക്കൂടി ഭരണനിർവ്വഹണം നടത്തുകയെന്നത് ഈ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെൻറിന് നേതൃത്വം നൽകുന്ന കോൺഗ്രസ് പണ്ടേ അവസാനിപ്പിച്ചുകഴിഞ്ഞ ഒരു നയമാണ്. കഴിഞ്ഞ ഒന്ന്, ഒന്നര ദശാബ്ദക്കാലമായി ശ്രീമതി ഇന്ദിരാഗാന്ധി നേതൃത്വം നൽകിയിരുന്ന ഇൻഡ്യൻ നാഷണൽ കോൺഗ്രസ്, തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളിൽക്കൂടിയല്ല അവരുടെ സംഘടനകളെ നയിക്കുന്നത്. മുകളിൽനിന്ന് അടിച്ചേൽപ്പിക്കുകയാണ്. പ്രസ്ഥാനത്തിൻെറ തലപ്പത്തിരിക്കുന്ന വ്യക്തിയും അദ്ദേഹത്തിൻെറ ചില ഏജൻറൻമാരും പേർന്ന് ഇൻഡ്യയിലെ വിവിധ സംസ്ഥാനങ്ങളിലെ സംഘടനാഘടകങ്ങളെ നയിക്കുന്ന ഏർപ്പാടാണ് തുടർന്നുകൊണ്ടിരിക്കുന്നത്. അതേനയംതന്നെ നമ്മുടെ സംസ്ഥാനങ്ങളിലെ ഭരണരംഗത്തും ആവർത്തിക്കുന്നുവെന്നുള്ളതാണ്. പ്രശ്നം കോൺഗ്രസ്സിന് ഭൂരിപക്ഷമുള്ള സംസ്ഥാനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട കോൺഗ്രസ്സുകാരായ നിയമസഭാംഗങ്ങളുടെ അഭിലാഷമനുസരിച്ച് ഒരു ഭരണനായകനെ, ഒരു സംസ്ഥാന നായകനെ തിരഞ്ഞെടുക്കാനോ, ആ നായകൻെറ നിർദ്ദേശമനുസരിച്ച് ഗവർണ്ണർ അംഗീകരിക്കുന്ന സഹപ്രവർത്തകരെക്കൊണ്ട് ഭരണം നടത്തിക്കുവാനോ ഉള്ള ഏതെങ്കിലും സംവിധാനം കഴിഞ്ഞ പത്തുപതിനഞ്ചു വർഷങ്ങളായി ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിൻെറ ആഭിമുഖ്യത്തിൽ, ഇൻഡ്യാമഹാരാജ്യത്തെ ഏതെങ്കിലും സംസ്ഥാനത്ത് നടന്നിട്ടുണ്ടോ? ഇവിടെയും ശ്രീമാൻ കരുണാകരൻെറ നേതൃത്വത്തിൽ ആ നയം സംസ്ഥാനതലത്തിലും പ്രാദേശിക തലത്തിൽ, നമ്മുടെ പ്രാദേശിക സ്വയംഭരണസ്ഥാപന

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളിലും ആവർത്തിക്കുകയല്ലേ ചെയ്യുന്നത്? ഇൻഡ്യയുടെ ജനാധിപത്യത്തിന്റെ അടിത്തറയിളക്കുന്നതിന് ഇന്ദിരാ കോൺഗ്രസ്സിന്റെ നേതൃത്വം സ്വീകരിച്ചുകൊണ്ടിരിക്കുന്ന നയത്തിന്റെ ആവർത്തനമാണ് കേരളത്തിലെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ചിടത്തോളവും നടന്നുകൊണ്ടിരിക്കുന്നത്.

നമ്മുടെ പഞ്ചായത്തുകളെ സംബന്ധിച്ചിടത്തോളമുള്ള അവസ്ഥയെന്താണ്? പഞ്ചായത്തുകളിലെ വികസനപ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി ജനപ്രതിനിധികളെ ബന്ധപ്പെടുത്തുവാൻ തയ്യാറല്ല. ജനപ്രതിനിധികളായിട്ടുണ്ടായിരുന്നവരെയൊക്കെ പറഞ്ഞയച്ചിട്ട് 'ഏറാൻമൂളികളായ' കുറെ ഉദ്യോഗസ്ഥൻമാരെക്കൊണ്ട് മാത്രം പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ ഭരണം നിവ്വഹിക്കുന്നു. പ്രാദേശിക വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നതിന് ഉദ്യോഗസ്ഥൻമാർ നിയോഗിക്കപ്പെടുന്നു. അവരെ അഴിമതിക്കാരാക്കി മാറ്റുന്നതിനുമാത്രം പ്രയോജനപ്പെട്ടിട്ടുള്ള ഒരു നയമല്ലേ ഇത്? ഉദ്യോഗസ്ഥൻമാർക്ക് പ്രാദേശിക വികസനപ്രവർത്തനങ്ങളുടെ ചുമതല നൽകിക്കൊണ്ട്, അവരെ സ്വാധീനിക്കുന്നതിന് പാർട്ടിപ്രവർത്തകരെ നിയോഗിക്കുന്ന ഏർപ്പാടാണുള്ളത്. നമ്മുടെ സംസ്ഥാനത്തെ എല്ലാ ഉദ്യോഗസ്ഥൻമാരും ഇത്തരത്തിലുള്ള ഏറാൻമൂളികളാണെന്നോ, പാർട്ടി പ്രവർത്തകരുടെ താൽപ്പര്യങ്ങൾക്ക് വഴങ്ങുന്ന അഴിമതിക്കാരാണോ എന്നൊന്നും പറയാൻ ഞാൻ ആളല്ല. എത്രയോ ഉദ്യോഗസ്ഥൻമാർ പാർട്ടി പ്രവർത്തകരുടെ നിർദ്ദേശങ്ങൾക്ക് വഴങ്ങാതെ, നീതി പുലർത്തിക്കൊണ്ട്, ഓരോ പ്രദേശങ്ങളുടെയും വികസന പ്രവർത്തനത്തിൽ തിരഞ്ഞെടുക്കപ്പെട്ടവരും അല്ലാത്തവരും ആയ ജനപ്രതിനിധികളെ സഹകരിപ്പിച്ചുകൊണ്ട് പ്രവർത്തനം നടത്തുന്നുണ്ട്.

സർ, എന്നാൽ കുറേപ്പേരെയെങ്കിലും ഈ രീതിയിൽ സമ്മർദ്ദത്തിന് വഴങ്ങാൻ നിർബന്ധിച്ച് അവരെ അഴിമതിക്കാരാക്കുന്ന ഒരു നയമാണ് ഇവിടെ നടക്കുന്നത്.

12 NOON]

നമ്മുടെ പഞ്ചായത്തുകളുടെ പ്രവർത്തനങ്ങളെ ബ്ലോക്ക് അടിസ്ഥാനത്തിൽ ഏകോപിപ്പിച്ചുകൊണ്ടുള്ള ബ്ലോക്ക് ഉപദേശക സമിതികളുണ്ടായിരുന്നു. അവ അധികാരങ്ങളൊന്നും ഉണ്ടായിരുന്ന സമിതികളല്ല. ആ സമിതികളിൽ ജനപ്രതിനിധികളായിരുന്നു പങ്കാളികളും. വിവിധ രാഷ്ട്രീയ പാർട്ടികളുടെ, വിവിധ സാമൂഹ്യ സംഘടനകളുടെ പ്രതിനിധികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉപദേശക സമിതികളാണ്. ആ ഉപദേശക സമിതികളെപ്പോലും പിരിച്ചുവിട്ടുകൊണ്ട് അവിടെ ഭരണം നടത്തുന്ന ഉദ്യോഗസ്ഥൻമാരെ സമ്മർദ്ദം ചെലുത്തി പ്രാദേശിക പാർട്ടി പ്രവർത്തകൻമാരായി അധഃപ്പതിക്കുന്ന തരത്തിലുള്ള പ്രവർത്തനങ്ങളാണ് ഈ സംസ്ഥാനത്ത് ഇന്ന് നടക്കുന്നത്. ബ്ലോക്ക്തല ഉപദേശക സമിതികളെ പുനഃസംഘടിപ്പിക്കുമെന്ന് പറയാൻ തുടങ്ങിയിട്ട്തന്നെ കാലങ്ങളും കുറെയായി. ഈ സഭയിൽ ഞാൻതന്നെ ഒരു ചോദ്യം ഉന്നയിച്ചപ്പോഴും ഉടൻതന്നെ ബ്ലോക്കുതല ഉപദേശക സമിതികളും പുനഃസംഘടിപ്പിക്കുമെന്ന് ഗവൺമെന്റ് ഭാഗത്തുനിന്ന് മറുപടി പറഞ്ഞതാണ്. എന്നാൽ, കോഴിക്ക് മുല വരുന്നുഎന്നു പറയുന്നതുപോലെ ബ്ലോക്കുതല ഉപദേശക സമിതികളിൽ ഇപ്പോഴും ജനപ്രതിനിധികളെ പങ്കാളികളാക്കാനുള്ള നടപടിയെടുക്കാൻ തയ്യാറല്ലാത്ത ഒരു വിഭാഗമാണ് ഇന്ന് ഇവിടെ അധികാരത്തിലിരിക്കുന്നത്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഇവർ ജനാധിപത്യത്തിന്റെ നിഷേധികളാണെന്ന്, ജനാധിപത്യത്തിന്റെ അടിത്തറക്കല്ല്

LIBRARY ARCHIVES Kerala Legislative Assembly

ഇളക്കുന്നതിനുവേണ്ടി മാത്രമാണ് ഇവർ പ്രവർത്തിക്കുന്നത്. യുവാവായ ഡയനമിസം ഉണ്ടെന്നേ പരക്കെ കൊട്ടിഘോഷിക്കപ്പെടുന്ന ശ്രീ. രാജീവ് ഗാന്ധി ഇൻഡ്യയുടെ അഖണ്ഡതയെപ്പറ്റി നിമിഷമെന്നോണം പ്രഖ്യാപനങ്ങൾ നടത്തുകയും ഇൻഡ്യയുടെ അഖണ്ഡതയെ അവസാനിപ്പിക്കത്തക്കവിധത്തിൽ സാമുദായിക വർഗ്ഗീയ ശക്തികളെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന നടപടിയല്ലേ നാം കാണുന്നത്? ആ അഖണ്ഡമായ ഭാരതത്തിനെ പിരിച്ച് തട്ടുകളാക്കി മാറ്റുന്ന പ്രവർത്തനത്തിനു നേതൃത്വം നൽകുകയാണ് ശ്രീ. രാജീവ് ഗാന്ധി ചെയ്യുന്നത്. വാസ്തവത്തിൽ ജനാധിപത്യത്തിന്റെ ഘാതകൻമാരായി മാറിയിരിക്കയാണ് ഇവിടത്തെ ഭരണാധികാരിവർഗ്ഗം. ഇവർ ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികളെ സ്വസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാക്കരുത് എന്ന ലക്ഷ്യത്തോടുകൂടി, ഉദ്ദേശത്തോടുകൂടി ഈ സമിതികളെ, പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ, നമ്മുടെ പഞ്ചായത്തുകളെ, മുനിസിപ്പാലിറ്റികളെ, കോർപ്പറേഷനുകളെ—ഇവയുടെ പ്രവർത്തനം പൂർണ്ണമായി സ്തംഭിപ്പിച്ചിരിക്കുന്നു. ഗ്രാമ പ്രദേശങ്ങളിൽ നമ്മുടെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിലൊക്കെ വികസന പ്രവർത്തനങ്ങൾ നടക്കുന്നത് ഏതു രീതിയിലാണെന്ന് നമ്മൾ അടുത്തകാലത്ത് പത്രങ്ങളിൽ വായിച്ചു. ബഹുജനങ്ങൾക്ക് പ്രയോജനം ഉണ്ടാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ സർക്കാർ ഉദ്യോഗസ്ഥൻമാരിൽ എന്തുമാത്രം സമ്മർദ്ദം ചെലുത്തിയാണ് തങ്ങളുടെ കക്ഷിയിലെ പ്രവർത്തകർക്ക് അനുകൂലമാക്കിത്തീർക്കുന്നത് എന്നതിന്റെ പ്രകടമായ ഉദാഹരണങ്ങളാണ് നാം അടുത്തകാലത്ത് പത്രങ്ങളിൽ വായിച്ചത്. ഒരു ബാങ്കിൽ ഐ.ആർ.ഡി.പി. എന്നും മറ്റും പറഞ്ഞുകൊണ്ട് വായ്പകൾ കൊടുക്കുന്നു, വായ്പകളുടെ മേളയാണ് നടക്കുന്നത്. വായ്പാമേള ഇപ്പോൾ കോൺഗ്രസ് മേളയാക്കി. അത് കമ്മീഷൻ മേളയാക്കി മാറ്റുന്ന ദുരവസ്ഥയാണ് നമ്മുടെ സംസ്ഥാനത്ത് ഇന്ന് കാണാൻ കഴിയുന്നത്. തിരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന ഈ സാഹചര്യത്തിൽ വായ്പാ മേളകൾ വ്യാപകമായി നടത്തുവാനുള്ള തീരുമാനങ്ങളാണ് ഉള്ളത്. ഈ വായ്പാ മേളകൾ നടത്തി അർഹതയുള്ളവർക്കാണോ അതിന്റെ ആനുകൂല്യങ്ങളും വായ്പകളും നൽകുന്നത്? അർഹതയില്ലാത്തവർക്ക് നൽകുന്നതിനുവേണ്ടി മന്ത്രിമാരുടെ ആഫീസുകളിൽനിന്ന് അവരെ സമ്മർദ്ദംചെലുത്തി ലിസ്റ്റുകൾ അയയ്ക്കുന്ന പ്രവണത പത്രങ്ങളിൽ വന്നതാണ്. അതിൽ പ്രതിഷേധിച്ച് ബാങ്ക് ഉദ്യോഗസ്ഥൻമാർ പരസ്യമായി രാജി സമർപ്പിക്കുന്ന അവസ്ഥവരെ ഈ രാജ്യത്ത് ഉണ്ടായില്ലേ? ഇതിനെക്കാൾ ലജ്ജാകരമായ ഒരവസ്ഥയുണ്ടോ? എന്റെ ഒരു യുവസ്നേഹിതനാണ് ഗ്രാമ വികസന വകുപ്പിന്റെ ചാർജ്ജ് വഹിക്കുന്ന മന്ത്രി. അദ്ദേഹം ഈ കാര്യങ്ങളിൽ ശക്തമായി നടപടി സ്വീകരിക്കാൻ തയ്യാറായില്ലെങ്കിൽ അദ്ദേഹം വെറും ഒരു യുവകോൺഗ്രസ്സിന്റെ മാത്രം മന്ത്രിയായി അധഃപതിക്കുമെന്ന് അദ്ദേഹത്തിന് മുന്നറിയിപ്പ് നൽകാൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്. നമ്മുടെ സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആ പദ്ധതിയുടെ ആനുകൂല്യങ്ങൾ കക്ഷിവ്യത്യാസമില്ലാതെ ഈ രാജ്യത്തെ ജനങ്ങൾക്ക് ലഭ്യമാക്കണം. അത് ഒരുവിഭാഗം ആളുകൾക്ക്—ഭരണകക്ഷിയെ അനുകൂലിക്കുന്ന ആളുകൾക്കു മാത്രമായി സങ്കുചിതപ്പെടുത്തരുത്. പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുപ്പു നടത്താതെ ഇങ്ങനെ നീട്ടിക്കൊണ്ടുപോയി അത് ഒരിക്കലും നടക്കില്ല എന്ന അരക്ഷിത

LIBRARY ARCHIVES Kerala Legislative Assembly

ബോധം ജനങ്ങളുടെ ഇടയിൽ, രാഷ്ട്രിയ പാർട്ടി പ്രവർത്തകരുടെ ഇടയിൽ ഉണ്ടാക്കി ജനാധിപത്യത്തെ തകർക്കരുതെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഇനിയും മുനിസിപ്പാലിറ്റികളുടെ കാലാവധി നീട്ടിക്കൊടുക്കുന്ന നടപടിയെ ഞാൻ എതിർക്കുന്നു. ഇത് ജനാധിപത്യത്തിനെതിരായതുകൊണ്ടാണ് ഞാൻ എതിർക്കുന്നത്. ഈ ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കേണ്ടതാണ്. കഴിയുമെങ്കിൽ ജനങ്ങളുടെ അഭിപ്രായം ആരാഞ്ഞുകൊണ്ട് ഈ ബിൽ നിയമമാക്കുന്നതായിരിക്കും നല്ലതെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെ ഓർമ്മിപ്പിക്കുകയാണ്. മുനിസിപ്പാലിറ്റികളുടെ വികസന പ്രവർത്തനങ്ങളെ സ്വാധീച്ചു ഇപ്പോൾ പലയിടങ്ങളിലും സമരങ്ങളും പ്രക്ഷോഭങ്ങളും നടക്കുകയാണ്. തിരുവനന്തപുരം നഗരം അൽപ്പമൊക്കെ ശ്വസിക്കുവാൻ ശുദ്ധവായു ഉണ്ടായിരുന്ന സ്ഥലമായിരുന്നു. അത് അങ്ങേക്കും അറിയാം. പക്ഷേ നേരത്തെ അങ്ങ് ചെയറിൽ ഇരുന്നുകൊണ്ട് ഒരു പരാമർശം നടത്തുന്നതു കേട്ടു. ശ്രീ. വർക്കല രാധാകൃഷ്ണൻ എ.എൽ.എ. റോഡുകളെപ്പറ്റി സംസാരിച്ചപ്പോൾ ചില പ്രത്യേക പക്ഷപാതപരമായ പ്രവർത്തനങ്ങൾ ഉണ്ടാകുന്നുവെന്ന് പറഞ്ഞപ്പോൾ അങ്ങ് തിരുവനന്തപുരം പണ്ടുകാലത്ത് വളരെ സുഖിച്ചതല്ലേ എന്ന് ചോദിച്ചു. അത് തെറ്റാണ്. പക്ഷപാതപരമായ സമീപനം ഈ പ്രതിപക്ഷത്തിരിക്കുന്ന പലരും അധികാരത്തിലുണ്ടായിരുന്ന അവസരത്തിൽ അങ്ങ് പ്രതിനിധീകരിക്കുന്ന പ്രദേശങ്ങളോട് കാണിച്ചിട്ടില്ല. അത് വളരെ അഭിമാനത്തോടുകൂടി തല ഉയർത്തിനിന്ന് പറയാൻ കഴിയും. അതിന് നിരക്കാത്ത വിധത്തിലുള്ള പക്ഷപാതപരതയാണ് ഇന്ന് ദൃശ്യമാകുന്നത്. അതുകൊണ്ട് ശ്രീ. വർക്കല രാധാകൃഷ്ണൻ ഒരു പരാമർശനം നത്തിയെന്നേയുള്ളൂ. ഇന്ന് എന്താണ് നടക്കുന്നത്? റോഡുകളുടെയും മറ്റും കാര്യത്തിലേക്ക് ഞാൻ കടക്കുന്നില്ല. കാരണം ശ്രീ. നഹാസാഹിബ് വിചാരിച്ചാലും പരിഹാരം ഉണ്ടാകുന്ന കാര്യങ്ങളാണെന്ന് എനിക്കഭിപ്രായമില്ല. കാരണം എം.എൽ.എ. റോഡുകളുടെ കഥ പറഞ്ഞതിൽ എത്ര എം.എൽ.എ. റോഡുകളും എല്ലാ നടപടികളും പൂർത്തിയായി ടെൻഡർ ചെയ്തത് അദ്ദേഹത്തിന്റെ ആഫീസിലുണ്ട്. പക്ഷേ ടെൻഡർ എക്സസ് ആണെന്നു പറഞ്ഞ് അംഗീകാരം കൊടുക്കാതിരിക്കുകയാണ്. ഫൈനാൻസ് ഡിപ്പാർട്ടുമെന്റിൽ പണമില്ലെന്നും ഒക്കെയുള്ള കാരണങ്ങളും പറഞ്ഞ് ചെയ്യാതിരിക്കും. പണമില്ലാത്ത ഒരു പ്രതിസന്ധിയിൽ എന്തെങ്കിലും കാരണങ്ങളും പറഞ്ഞ്.....

ശ്രീ. സിറിയക് ജോൺ: ടെൻഡർ ചെയ്യുന്നതിനെക്കുറിച്ചും എക്സസിനെക്കുറിച്ചും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞു. ബഡ്ജറ്റ് പ്രൊവിഷനിൽ ആവശ്യമുള്ള സംഖ്യ പ്രൊവൈഡ് ചെയ്തിട്ടുണ്ടെങ്കിലും, ടെൻഡർ വിളിക്കണമെന്നുണ്ടെങ്കിൽ അതിന് ഒരു സ്പെഷ്യൽ ഓർഡർ വേണമെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? അങ്ങനെയുള്ള സ്ഥിതിവിശേഷം ഉള്ളതുകൊണ്ട് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുക മുഴുവൻ ലാപ്സായിപ്പോകാൻ സാദ്ധ്യതയുള്ളതിനെക്കുറിച്ചും, അറിയാമോ?

ശ്രീ. കെ. പങ്കജാക്ഷൻ: ധനപരമായ പ്രതിസന്ധി ഉള്ളതുകൊണ്ട് ഇതിനെപ്പറ്റി എന്തെങ്കിലും ഒരു സാങ്കേതികത്വം പറഞ്ഞ് അനുവാദം

LIBRARY ARCHIVES Kerala Legislative Assembly

നൽകാതിരിക്കുക സാധാരണമാണ്. ഇവിടെ ഭരണപരമായ പ്രതിസന്ധിയുണ്ട്, സാമ്പത്തിക പ്രതിസന്ധിയുണ്ട്. ആ നിലയ്ക്കാണ് നീങ്ങുന്നത്. സാമ്പത്തികമായി പ്രതിസന്ധിയുണ്ട് എന്നതിനെപ്പറ്റി ഇപ്പോഴും മുഖ്യമന്ത്രി കേന്ദ്രത്തിൽപ്പോയി നിവേദനങ്ങളും നടത്തി. പദ്ധതി പ്രവർത്തനങ്ങൾക്ക് കൂടുതൽ സഹായങ്ങളും ഉണ്ടായില്ലെങ്കിൽ ആകെക്കുഴയുമെന്ന നിലയ്ക്ക് പത്രങ്ങളിൽ വാർത്തവന്നു. നിവേദനം നടത്തിയ ഒരു ദേഹം താനല്ലാതെ മറ്റു പറഞ്ഞു കേന്ദ്രത്തിൽനിന്ന് കൂടുതൽ ഗ്രാന്റ് ലഭ്യമാകുന്നില്ലെങ്കിൽ നമ്മുടെ 1987-88-ലെ പദ്ധതി കുളം തോണ്ടും. ഇപ്പോഴത്തെന്ന നമ്മുടെ ഗ്രാമ പ്രദേശങ്ങളിലെ വികസന പ്രവർത്തനങ്ങളും കഴിഞ്ഞകൊല്ലം അംഗീകരിച്ച ആർ എൽ ഇ ജി പി. റോഡുകളിലോ എൻ.ആർ.ഇ.പി. റോഡുകളിലോ പണി നടത്താൻ കഴിഞ്ഞിട്ടില്ല. കാരണം കേന്ദ്രം അനുവദിക്കുന്ന പണത്തിന് തുല്യമായി സംസ്ഥാന ഗവൺമെന്റ് വിഹിതം വകയിരുത്തിയിട്ടുണ്ട്. അതിനു സാമ്പത്തികശേഷി ഇല്ലാത്തതുകൊണ്ട് കഴിഞ്ഞ കൊല്ലത്തിൽ അംഗീകരിച്ച പണികളും ഈ കൊല്ലവും നടന്നിട്ടില്ല. ഈ കൊല്ലത്തിലേക്ക് അംഗീകരിച്ച പണികളും ഇനിയും തുടങ്ങാനിരിക്കുന്നതേയുള്ളൂ. മൂന്നു മാസംമാത്രം ബാക്കി നിൽക്കുന്ന ഈ അവസരത്തിൽ ഈ സാമ്പത്തിക വർഷത്തിൽ അംഗീകരിച്ച പരിപാടികളും ഈ സാമ്പത്തികവർഷത്തിൽത്തന്നെ നടപ്പിലാക്കാൻ, പൂർത്തിയാക്കാൻ കഴിയാത്ത വിധത്തിലായിത്തീരുന്നു. എന്നകാര്യം ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്.

സർ, ഞാൻ മുനിസിപ്പാലിറ്റികളുടെ പ്രശ്നത്തിലേക്ക് വരാം. ഇതൊക്കെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളാണ്. ഈ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ ജനങ്ങളുടെ ഉത്തരവാദിത്വമില്ലാതെ ജനങ്ങളുമായി ബന്ധമില്ലാതെ ജനങ്ങൾ തിരഞ്ഞെടുക്കാത്ത ഉദ്യോഗസ്ഥൻമാരെ ഇരുത്തി ഭരണം നിർവ്വഹിക്കുമ്പോൾ അവരെ സ്വാധീനിക്കുന്നതിന്, അവരെ സമ്മർദ്ദം ചെലുത്തുന്നതിന് ഭരണകക്ഷികൾ ശ്രമിക്കുന്നതിന്റെ ഫലമായി ഉദ്യോഗസ്ഥൻമാർ അഴിമതി നടത്താൻ നിർബന്ധിതരായിത്തീരുന്നു. ഉദ്യോഗസ്ഥൻമാരെ പഴി പറയുന്നതിൽ അർത്ഥമില്ല. അവർക്ക് പ്രോൽസാഹനം നൽകുന്ന, അവരെ പ്രേരിപ്പിക്കുന്ന അവരിൽ സമ്മർദ്ദം ചെലുത്തുന്ന ഈ ഭരണകക്ഷിക്കാണ് അതിൽ ഉത്തരവാദിത്വം.

സർ, ഇപ്പോഴും തന്നെ നമ്മുടെ മുനിസിപ്പാലിറ്റികളിൽ സമരം നടത്തുന്നു. വിവിധ മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും കണ്ടിൻജൻസി ജീവനക്കാരുടെ സമരം നടക്കുന്നു. ഈ കണ്ടിൻജൻസി ജീവനക്കാരുടെ സമരത്തിന് ഒരു പരിഹാരം ഉണ്ടാകാത്തതുകൊണ്ട് ചവറും മല വിസർജ്ജനവുമെല്ലാം റോഡുവക്കിലാണ്. ഈ അവസ്ഥക്ക് പരിഹാരമുണ്ടാക്കാൻ എന്ത് നടപടി ഗവൺമെന്റ് സ്വീകരിച്ചു. അവിടെ ജനപ്രതിനിധികളുണ്ടായിരുന്നുവെങ്കിൽ ഈ പ്രശ്നത്തിന്, ജനങ്ങളുടെ മൂക്ക് അടയ്ക്കുന്ന ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാക്കാൻ അവർ ബാദ്ധ്യസ്ഥരാണ് എന്നതുകൊണ്ട് ഗവൺമെന്റിലും മറ്റും സമ്മർദ്ദം ചെലുത്താൻ അവർ തയ്യാറാകുമായിരുന്നു. കണ്ടിൻജൻസി ജീവനക്കാരുടെ സമരത്തിൽ സ്വീകരിക്കുന്ന നടപടി പോലെ തന്നെയാണ് വികസനപ്രവർത്തനങ്ങളുടെ കാര്യത്തിലും ഗവൺമെന്റ് സ്വീകരിക്കുന്നത്. തിരഞ്ഞെടുപ്പ് അടുത്തുവന്നപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

വികസനപ്രവർത്തനങ്ങളും നടത്തുന്നു എന്നുവരുത്താൻവേണ്ടി റോഡ് നന്നാക്കുന്നതിനുവേണ്ടി ചല്ലികളും പല സ്ഥലങ്ങളിലും കൊണ്ടിട്ടിട്ടുണ്ട്. ഈ ചല്ലികളെല്ലാം റോഡിൽ നിരന്ന് ഏതാണ്ട് മണൽക്കൂനയായി കഴിഞ്ഞിരിക്കുന്നു. മാത്രമല്ല, ആ വഴിയിലൂടെ സൈക്കിളുകാരനും കാറുകാരനും ഒന്നും പോകാൻ കഴിയാത്ത അവസ്ഥയാണ്. ഇതാണ് മുനിസിപ്പാലിറ്റികളിലെ അവസ്ഥ. ജനങ്ങളോട് ബന്ധമില്ലാത്തവർ അധികാരം നിർവ്വഹിക്കപ്പെടാൻ വിനിയോഗിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് ഇപ്പോൾ വികസനപ്രവർത്തനങ്ങളും തളർവാതം പിടിച്ച നിലയിലായിരിക്കുന്നു. അവിടെ നികുതി പിരിവുതന്നെയും നടക്കുന്നില്ല. പുതിയ നികുതി പിരിക്കുന്നത് ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കാൻ തികയുന്നില്ല. ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ എന്ത് നിർദ്ദേശമാണ് ഗവൺമെൻറിനു വയ്ക്കാനുണ്ട്. ഈ ഉദ്യോഗസ്ഥൻമാരെ വച്ചുകൊണ്ട് ഭരണം തുടർന്നുകൊണ്ടു പോയാൽ ഇന്നാട്ടിലെ നഗരത്തിൽ അധിവസിക്കുന്ന പൗരജനങ്ങൾക്ക് എന്തുമാത്രം നീതി ഈ ഗവൺമെൻറിൽ നിന്നും ഈ മുനിസിപ്പാലിറ്റിയിൽ നിന്നും ലഭിക്കുമെന്ന് പറയാൻ ഇവർക്ക് ബാദ്ധ്യതയില്ലേ? എന്നിട്ടും പറയുകയാണ് തിരഞ്ഞെടുപ്പ് അടുത്തപ്പോൾ ഇതാ വരുന്നു വരുന്നു എന്ന്. ആര് വരുന്നു. പ്രധാനമന്ത്രി വരുന്നു. ആയിരം കോടികൾ പ്രഖ്യാപിക്കാൻ. പത്തുകോടിയും നൂറു കോടിയും ഒന്നുമല്ല; ആയിരംകോടികൾ പ്രഖ്യാപിക്കാൻ വരുന്നുവെന്നാണ്. ജനുവരി 17-ാം തീയതി വന്നാൽ കല്ലിടലിൻറെ ഒരു പരമ്പരയായിരിക്കും. പണ്ട് ഒരു കോച്ച് ഫാക്ടറിക്ക് പ്രഖ്യാപനമുണ്ടായി. അതിൻറെ വെള്ളം കുടിച്ചുതീർന്നില്ല എൻറെ സ്നേഹിതൻ ശ്രീ. ബലകൃഷ്ണപിള്ള. ഒരു കോച്ച് ഫാക്ടറിയുണ്ടാകും. ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിലുണ്ടാകും എന്നുപറഞ്ഞത്. നടക്കാതെ വന്നപ്പോൾ ശ്രീ. ബാലകൃഷ്ണപിള്ള അമർഷം കൊണ്ടു. ആരും അമർഷം കൊണ്ടുപോകും. ശ്രീ. ബാലകൃഷ്ണപിള്ള അമർഷം കൊണ്ടതിൽ അത്ഭുതവുമില്ല. പക്ഷേ, പറഞ്ഞു പറഞ്ഞു വന്നപ്പോൾ, ആളെ കണ്ടപ്പോൾ ആസനം പൊങ്ങിയപ്പോൾ, എന്തു പറഞ്ഞെന്ന് വച്ചാൽ അതിരും കടന്ന് ആക്രമണമായിപ്പോയി എന്നേയുള്ളൂ. അത് നാക്കിൻറെ പിശക്. അതിന് ഗുരുവായൂരപ്പനോ കൊട്ടാരക്കര ഗണപതിയോ ആരാണ് തുണച്ചതെന്ന് എനിക്കറിയില്ല. എന്തായാലും കഴിഞ്ഞ തവണ ഇന്ദിരാഗാന്ധി കോച്ച് ഫാക്ടറിക്ക് പ്രഖ്യാപനം നടത്തിയിട്ടു പോയിട്ട് അതിൻറെ ശബ്ദം വായുവിൽ ലയിച്ചുപോയതിൻറെ ആ പ്രതിധ്വനിപോലും കേൾക്കാനില്ല സർ. ഇനി ഇപ്പോൾ ജനുവരി 17-ാം തീയതി കൊണ്ടുവന്ന് ആയിരംകോടികൾ പ്രഖ്യാപിച്ചുകഴിഞ്ഞാൽ നമ്മുടെ മുനിസിപ്പാലിറ്റികൾ പഴയതുപോലെ എല്ലുറിഞ്ഞിക്കഴിയേണ്ടിവരുന്ന ദുരവസ്ഥയിൽത്തന്നെയായിപ്പോവുകയില്ലേ എന്ന് ബഹുമാനപ്പെട്ട മാണിയും ആലോചിക്കണം. അദ്ദേഹം കേരളത്തിൻറെ അവകാശങ്ങൾ പ്രഖ്യാപിക്കുന്നയാളാണ്.

സർ, ഈ അടുത്ത ദിവസങ്ങളിൽ പത്രങ്ങളിൽ കണ്ടു നമ്മുടെ ചെറിയ ചെറിയ മുനിസിപ്പാലിറ്റികളുടെ കാര്യം. ചെറിയ ചെറിയ മുനിസിപ്പാലിറ്റികളുടെ വികസനത്തിന് കേന്ദ്ര ഗവൺമെൻറ് അനുവദിച്ച തുക.....

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഈ മൂന്ന് ബില്ലുകളും ഇന്നും നാളെയുമായിട്ട് തീർക്കാനുള്ളതാണ്. അതുകൊണ്ട് അതനുസരിച്ച്.....അല്ലെങ്കിൽ നിയമസഭ കൂടിയതിന്റെ പർപ്പസ് ഇല്ലാതെ വരും. അതുകൊണ്ട് ഇത്, ദീർഘിപ്പിച്ച്.....

ശ്രീ. കെ. പങ്കജാക്ഷൻ: സർ, എന്തായാലും അങ്ങ് തീരുമാനിച്ചതിൽ എനിക്ക് വിരോധമില്ല. രണ്ട് ദിവസംകൊണ്ട് ഈ മൂന്ന് ബില്ലും തീർക്കണമെന്നുള്ളതിനോട് ഞങ്ങളാരും അനുകൂലിക്കുന്നില്ല. എന്നാലും അപ്രസക്തമായി ഒരു കാര്യവും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളം ചെറിയ മുനിസിപ്പാലിറ്റികളുടെ വികസനത്തിന്, അതിന്റെ പുനഃസംവിധാനത്തിന്, കേന്ദ്ര ഗവൺമെന്റ് അനുവദിച്ച തുക പോലും പ്രയോജനപ്പെടുത്താൻ കഴിയാത്ത ഒരു ഗവൺമെന്റാണിത്. എന്തുകൊണ്ടാണ് കഴിയാത്തത്? ഇവിടെ ചെറിയ മുനിസിപ്പാലിറ്റികളിലും വലിയ മുനിസിപ്പാലിറ്റികളിലും ഒന്നും സമ്മർദ്ദം ചെലുത്താൻ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളില്ല. ഭരണ കക്ഷികളിൽപ്പെട്ടവർക്ക് സമ്മർദ്ദം ചെലുത്തുന്നതിനേക്കാൾ കൂടുതൽ ഇപ്പോൾ സ്ഥാനാർത്ഥിത്വത്തിനുവേണ്ടി സമ്മർദ്ദം ചെലുത്തുന്നതിനുപോലും സമയം കിട്ടുന്നില്ല. ഇത് ആധികാരികമായി പറയാതിരിക്കാൻ പറ്റുമോ? നമ്മുടെ ചെറിയ ചെറിയ മുനിസിപ്പാലിറ്റികളെ സംബന്ധിച്ച് എനിക്ക് ഒരു ഉദാഹരണം പറയാനുണ്ട്. നെടുമങ്ങാട് മുനിസിപ്പാലിറ്റി ഒരു മുനിസിപ്പാലിറ്റിയാകാനുള്ള അർഹതയില്ലാത്ത ഒരു പഞ്ചായത്തായിരുന്നു. ജനങ്ങളുടെ സമ്മർദ്ദവും ഗവൺമെന്റിന്റെ താല്പര്യവുംകൊണ്ട് അതൊരു മുനിസിപ്പാലിറ്റിയായി. അവിടെ സംവിധാനം നിലനിർത്തി വർദ്ധിപ്പിച്ചു എന്നല്ലാതെ ഒരു മുനിസിപ്പാലിറ്റി എന്ന നിലയ്ക്ക് അവിടത്തെ ജനങ്ങൾക്ക് എന്തെങ്കിലും പുതിയ ആനുകൂല്യം നൽകുന്നതിന് മുനിസിപ്പാലിറ്റി ആയതുകൊണ്ട് കഴിഞ്ഞില്ല. അത്തരത്തിലുള്ള എത്രയോ ചെറിയ മുനിസിപ്പാലിറ്റികളുണ്ട്. ആ മുനിസിപ്പാലിറ്റികൾക്ക് സഹായം നൽകുന്നതിന്, അവയെ പുനഃസംവിധാനം ചെയ്യുന്നതിന്, അവിടത്തെ വികസന പ്രവർത്തനങ്ങൾ വ്യാപകമാക്കുന്നതിന് അനുവദിച്ച കേന്ദ്ര ഗവൺമെന്റിന്റെ ഗ്രാന്റ് പ്രയോജനപ്പെടുത്താൻ കഴിവില്ലാത്ത ഒരു ഗവൺമെന്റ്, ആ ഗവൺമെന്റ് ജനങ്ങളെ തീണ്ടൽപ്പാടകലെ നിറുത്തിക്കൊണ്ട് ഈ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളിൽ പ്രവർത്തനം നടത്താം, ഭരണം നിർവഹിക്കാം എന്ന് കരുതുന്നുവെങ്കിൽ അതിനേക്കാൾ നിന്ദ്യമായ ഒരു നിലപാട് വേറെയുണ്ടോ? പക്ഷേ ഈ വസ്തുത ബഹുമാനപ്പെട്ട മാണിക്ക് കണക്കിലെടുക്കാതിരിക്കാൻ കഴിയില്ല. അദ്ദേഹം കേരളത്തിന്റെ മാത്രം പ്രത്യേക കാര്യങ്ങളിൽ താല്പര്യം പ്രകടിപ്പിക്കുന്ന ആളാണ്. കേരളത്തിന്റെ നാണ്യ വിളകളിൽ താത്പര്യം പ്രകടിപ്പിക്കുന്ന ആളാണ്. കേരളത്തിന്റെ പ്രത്യേക പ്രശ്നങ്ങൾ എപ്പോഴും, ഇനി ഭരണം പോയാലും കുഴപ്പമില്ല, കേരളത്തിന്റെ പ്രശ്നങ്ങൾക്കുവേണ്ടി അടരാടുമെന്ന് ആവർത്തിച്ച് പ്രഖ്യാപിക്കുന്ന വ്യക്തിയാണ്. അതുകൊണ്ടുതന്നെ ഈ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളിൽ പ്രധാനപ്പെട്ട മുനിസിപ്പാലിറ്റികളുടേയും കോർപ്പറേഷനുകളുടേയും ചാർജ് വഹിക്കുന്ന മന്ത്രി എന്നുള്ള നിലയിൽ ഈ ദുരവസ്ഥയെപ്പറ്റി അദ്ദേഹം പ്രത്യേകം പരിഗണിക്കണം. അതുകൊണ്ടുതന്നെ ഈ ബിൽ പൊതുജനാഭിപ്രായം

LIBRARY ARCHIVES Kerala Legislative Assembly

ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന നിർദ്ദേശം ഒരിക്കൽ കൂടി വച്ചുകൊണ്ട്. ഞാൻ ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. എം. ജിനദേവൻ: സർ, ഇത് വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. നേരത്തേ നമ്മുടെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത് വളരെ സിമ്പിളായ ഒരു കാര്യമാണെന്നാണ്. എന്നാൽ വളരെ പ്രധാനപ്പെട്ട ഒരു സംഗതിയാണ് നാം ഇവിടെ ചർച്ച ചെയ്യുന്നത്. ജനങ്ങളെ ഭയപ്പെടുന്ന ഒരു ഗവൺമെൻറാണിത്. അതുകൊണ്ടാണ് തിരഞ്ഞെടുപ്പു നടത്താതെ ഇങ്ങനെ വീണ്ടും വീണ്ടും ഓർഡിനൻസുകൾ പുതുക്കി പുതുക്കി വന്നത്. ഈ ഗവൺമെൻറ് തന്നെയാണ് ഇനിയും അധികാരത്തിൽ തുടരുന്നതെങ്കിൽ ഈ ബിൽ പാസ്സായി നിയമമായാൽ വീണ്ടും അതിന് ഭേദഗതി കൊണ്ടുവരേണ്ടിവരും. ഇവർക്ക് തിരഞ്ഞെടുപ്പ് നടത്താനേ സാധിക്കുകയില്ല. ഇവർക്ക് ജനങ്ങളെ നേരിടാൻ ഭയമുള്ളതുകൊണ്ടാണ് ഈ രൂപത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേയ്ക്ക് ഒന്നും തിരഞ്ഞെടുപ്പു നടത്താതെ പോകുന്നത്. ഏതായാലും ഇനി ഇവർക്ക് തിരഞ്ഞെടുപ്പ് നടത്തേണ്ടിവരികയില്ല. തിരഞ്ഞെടുപ്പു നടത്തുന്നതൊക്കെ ഇനി നിയമസഭാ തിരഞ്ഞെടുപ്പ് കഴിഞ്ഞ് ഞങ്ങൾ നടത്തിക്കോളാം. അവിടെ ഞങ്ങൾ വന്നിരുന്ന് സമയത്തിന് പഞ്ചായത്തുകളിലേക്കും മുനിസിപ്പാലിറ്റികളിലേക്കും കോർപ്പറേഷനുകളിലേയ്ക്കുമൊക്കെ തിരഞ്ഞെടുപ്പ് നടത്തി ജനപ്രതിനിധികളെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണച്ചുമതല ഏൽപ്പിക്കുന്ന ജോലി ഞങ്ങൾ ചെയ്തോളാം. ഇനി നിങ്ങൾ അതിന് മിനക്കെടേണ്ട. ഏതായാലും മാർച്ചിലോ മേയിലോ തിരഞ്ഞെടുപ്പ് വരുമെങ്കിൽ അത് ഞങ്ങൾ നടത്തിക്കൊള്ളാമെന്നു പറയുകയാണ്. ഇപ്പോൾ നിയമസഭയെ തന്നെ അഭിമുഖീകരിക്കാൻ ഇവർക്ക് ഭയമാണ്. അതുകൊണ്ടാണ് ഈ സഭയുടെ ചരിത്രത്തിൽ ഇത്രയും ഹ്രസ്വമായ ഒരു സമ്മേളനം വിളിക്കേണ്ടി വന്നതുതന്നെ. പതിമൂന്നാം നമ്പർ അശുഭമാണ്. അതുകൊണ്ട് ഈ നമ്പർ ഒന്നു മാറ്റി ഒരു ശുഭ നമ്പരോടു കൂടി, ഏഴാം കേരള നിയമസഭ പരിയണമെന്നുള്ളതുകൊണ്ടാണ് ഈ സഭാ സമ്മേളനം ഇപ്പോൾ ഇങ്ങനെ തിരക്കിട്ട് വിളിച്ചിരിക്കുന്നതുതന്നെ.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അല്ല, ഈ പതിനാലാം നിയമസഭാസമ്മേളനം വിളിച്ചത് മദ്രാസിൽ നിന്ന് സന്യാസിമാർ കരുണാകരനോട് പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണ് എന്ന വാർത്ത ജിനദേവന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

ശ്രീ. എം. ജിനദേവൻ: പെട്ടിട്ടുണ്ട്. അത് നമ്മുടെ മിത്രൻ നമ്പൂതിരി കവിടി നിരത്തി പറഞ്ഞു, ശബരിമല മേൽശാന്തി പറഞ്ഞു, അങ്ങനെ പലരും പറഞ്ഞു. അങ്ങനെ പറഞ്ഞതുകൊണ്ടാണ് അന്ധവിശ്വാസിയായ ഈ മുഖ്യമന്ത്രി ഇപ്പോൾ ഇങ്ങനെയൊരു സാഹസത്തിന് ഒരുമ്പെട്ടതെന്നാണ് നേര്. ഏതായാലും കോടതി വിധിയെക്കുറിച്ചൊക്കെ ഇവിടെ നേരത്തേ പറഞ്ഞത് അതിനോടൊക്കെ എന്ത് ബഹുമാനമാണ് ഈ ഗവൺമെൻറിന്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. റ്റി. എസ്. ജോൺ: ജിനദേവൻ ഏത് വിശ്വാസിയാണ്?

ശ്രീ. എം. ജിനദേവൻ: ഈ കാര്യത്തിൽ യാതൊരു അന്ധ വിശ്വാസവും എനിയ്ക്കില്ല. ജനാധിപത്യ വ്യവസ്ഥയിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജനപ്രതിനിധികളായി ഇന്ന് ഇപ്പോഴം തിരഞ്ഞെടുക്കപ്പെടുന്ന ഒരു സമിതിയും ഇല്ല. അതുകൊണ്ട് ജനാധിപത്യത്താൽ അല്പമെങ്കിലും കൂറുള്ള ഒരു ഗവൺമെൻറാണെങ്കിൽ താഴെ നിലവാരത്തിലുള്ള ഈ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറാവുകയാണ് വേണ്ടത്. എന്തായാലും അത് ഇവിടെയില്ല. ജനാധിപത്യ സംവിധാനം തന്നെ ഇന്ന് ഇവർക്ക് വലിയ അസൗകര്യമാണ്. കാരണം മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും കോർപ്പറേഷനുകളിലുമൊക്കെ തിരഞ്ഞെടുക്കപ്പെട്ട സമിതികളില്ലാത്തത് ഒരു സൗകര്യമാണ് ചിലർക്ക്. അവിടെ ഉദ്യോഗസ്ഥൻമാരുടെ അഴിമതികം ഇന്ന് കൊടികുത്തി വാഴുകയാണ്. നഗരസഭകളുടെ വികസന പ്രവർത്തനങ്ങളെല്ലാം സ്തംഭിച്ചിരിക്കുന്നു; അഴിമതി നടക്കുന്നു.

ശ്രീ. ഒ. ഭരതൻ: ഈ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന കോൺഗ്രസ് സിനകത്തുതന്നെ ജനാധിപത്യപരമായിട്ടുള്ള ഒരു തിരഞ്ഞെടുപ്പ് നടന്നിട്ട് എത്രയാണ്ട്, ഒരു രണ്ടു ദശവർഷക്കാലമായെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. എം. ജിനദേവൻ: അവിടെ തിരഞ്ഞെടുപ്പും ഇല്ല, ജനാധിപത്യപരമായ ഒരു സംവിധാനവും ഇല്ല. സേച്ഛാധിപത്യമാണ് കോൺഗ്രസ്സ് (ഐ)-യിൽ നടക്കുന്നതെന്ന് ലോകപ്രസിദ്ധമാണ്. ഭരണകക്ഷികളുടെ പ്രാദേശിക നേതാക്കൻമാർക്ക് ഇന്ന് ഒരു മേച്ചിൽ സ്ഥലമാണ് സർ, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പഞ്ചായത്തുകളുമെല്ലാം. അവിടെയുള്ള എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥൻമാരെ കണ്ട് അവിടെ നടക്കുന്ന ചെറിയ ചെറിയ വികസനജോലികം, റോഡ് വർക്ക്, മെയ്ൻറനൻസ് പണികം ഇതെല്ലാം കരാറുകം ഉറപ്പിക്കുക, ഉദ്യോഗസ്ഥൻമാർ അതിൻെറ വിഹിതം കൃത്യമായി ഇവർക്ക് കൊടുക്കുക, അങ്ങനെ കൊടുക്കുന്നില്ലെങ്കിൽ ഇവരെ സ്ഥലം മാറ്റിക്കുമെന്നൊക്കെ പറഞ്ഞ് വിരട്ടി ഭീഷണിപ്പെടുത്തുക; ഇതൊക്കെയാണ് ഇന്ന് ഭരണകക്ഷികളുടെ പ്രാദേശിക നേതാക്കൻമാർ ചെയ്തുകൊണ്ടിരിക്കുന്നത്. ഐ.ആർ.ഡി.പി. വായ്പകളും മറ്റും എടുക്കുമ്പോം ഈ വായ്പകംക്ക് ശുപാർശ ചെയ്യുന്നത് ഈ കൂട്ടരാണ്. യഥാർത്ഥത്തിൽ വായ്പയെടുക്കുന്ന ആളുകംക്ക് അവർ എടുക്കുന്ന സംഖ്യയുടെ അതായത് ഒപ്പിട്ടു കൊടുക്കുന്ന സംഖ്യയുടെ പകുതിപോലും ഇന്ന് കിട്ടുന്നില്ല. ഏതായാലും ഇന്ന് അങ്ങനെ മേടിച്ചവരെല്ലാം ജപ്തി നടപടികംക്ക് വിധേയരായിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം ഭരണകക്ഷി പ്രാദേശിക നേതാക്കൻമാർ തട്ടിക്കൊണ്ടുപോകുന്ന ഒരു സ്ഥിതി ഇന്ന് ഉണ്ട്. മുനിസിപ്പാലിറ്റികളിലും പഞ്ചായത്തുകളിലും തിരഞ്ഞെടുപ്പ് നടത്താതെ അവിടേയും ഈ അഴിമതി നടക്കുന്നു. അതിന് കൂട്ട് നില്ക്കുന്നു എന്നുള്ളതാണ്. ഇവിടെ മുനിസിപ്പൽ കോർപ്പറേഷൻ കണ്ടിൻജൻസി ജീവനക്കാർ ഇപ്പോം സമരത്തിലാണ്. വേജ് ബോർഡ് ശുപാർശയനുസരിച്ചുള്ള ശമ്പള പരിഷ്കരണം നടപ്പാക്കാത്തതിനെത്തുടർന്നാണ് അവർക്ക് പണിമുടക്ക് നടത്തേണ്ടി വന്നത്. അതിൻെറ ഫലമായി ഇന്ന് നഗര ശുചീകരണം നടക്കുന്നില്ല. ഒരു ഗവൺമെൻറ് ഇതുപോലുള്ള ഒരു സംഗതി

LIBRARY ARCHIVES Kerala Legislative Assembly

ഉണ്ടായാൽ, ഒരു വിഭാഗം ജീവനക്കാർ ഒരു ആവശ്യമുന്നയിച്ചാൽ അല്ലെങ്കിൽ വേജ് ബോർഡ് പോലുള്ള സമിതിക്കും ശുപാർശ ചെയ്ത ഒരു വേതനം നടപ്പാക്കണമെന്ന് ആവശ്യപ്പെട്ടാൽ അതിനൊക്കെ ബന്ധപ്പെട്ടവരുമായി കൂടിയാലോചിച്ച് അതിന് നടപടി സ്വീകരിക്കുകയാണ് വേണ്ടത്. ഈ ഗവൺമെന്റിന് അങ്ങനെയില്ല. ഇത് ഇവിടെ മാത്രമല്ല സർ, എന്റെ ജില്ലയിൽപെട്ട പീരുമേട് താലൂക്കിൽ മുപ്പതിനായിരത്തോളം വരുന്ന തോട്ടം തൊഴിലാളികളെ പണിയെടുക്കുന്ന ഒരു വലിയ ആർ.ബി.സി. കമ്പനി ഉണ്ട്. ആ കമ്പനി ഈ കഴിഞ്ഞ 19-ാം തീയതി മുതൽ നിയമവിരുദ്ധമായി ലോക്കൗട്ട് ചെയ്തു മുപ്പതിനായിരം തൊഴിലാളികളെ പത്ത് ദിവസമായി പെരുവഴിയിലാണ്. ആ ലോക്കൗട്ട് നിയമവിരുദ്ധമായി പ്രഖ്യാപിക്കാനോ അതിൽ ഒന്നിടപെട്ട് ഒരു പരിഹാരമുണ്ടാക്കി ആ മുപ്പതിനായിരം തൊഴിലാളികളെ പട്ടിണിയിൽ നിന്ന് രക്ഷിക്കാനോ ഈ ഗവൺമെന്റിന്, ഇതുവരെ കഴിഞ്ഞിട്ടില്ല. ഇതുപോലുള്ള കാര്യങ്ങളൊക്കെന്നും ശ്രദ്ധിക്കാൻ ഈ ഗവൺമെന്റിന് നേരമില്ല. മറിച്ച് ഈ ഗവൺമെന്റിന് വേറെ ചില കാര്യങ്ങളിലാണ് ശ്രദ്ധയും താല്പര്യവും. തൊടുപുഴ മുനിസിപ്പാലിറ്റി രൂപീകരിച്ചതിനുശേഷം ഇന്നോളം അവിടെ തിരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. തൊടുപുഴ മുനിസിപ്പാലിറ്റി രൂപീകരിച്ചിട്ട് ഒരു ദശാബ്ദം പിന്നിട്ടിരിക്കുന്നു. അതുപോലെ തന്നെ കോതമംഗലം മുനിസിപ്പാലിറ്റിയിൽ തിരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. അങ്ങനെ രൂപീകരിക്കപ്പെട്ട ഒട്ടേറെ മുനിസിപ്പാലിറ്റികളിൽ ഇതുവരെ തിരഞ്ഞെടുപ്പ് നടത്താതെ ഉദ്യോഗസ്ഥൻമാരെ കൊണ്ട് ഭരിപ്പിച്ച് മുമ്പോട്ട് പോകുകയാണ്. ഈ മുനിസിപ്പാലിറ്റികളിലൊക്കെ അടിയന്തിരമായി തിരഞ്ഞെടുപ്പ് നടത്തുകയാണ് വേണ്ടത്. അല്ലാതെ ഇങ്ങനെ ഒരു നിയമം കൊണ്ട് ഈ തിരഞ്ഞെടുപ്പ് മാറ്റി ഇനി നീട്ടിക്കൊണ്ടു പോകാനുള്ള നടപടി ചെയ്യുകയല്ല സർ, വേണ്ടത്. ഇവിടെ അഴിമതിയാണെങ്കിൽ മുനിസിപ്പാലിറ്റികളിൽ ഇന്ന് അതിന്റെ സകല സീമകളും ലംഘിച്ച് കടന്നിരിക്കുകയാണ്. ഉദ്യോഗസ്ഥൻമാരുടെ അഴിമതിക്ക് ഒരു പരിഹാരമുണ്ടാകണം. തിരഞ്ഞെടുപ്പ് നടത്താൻ ഇനിയും എന്തെങ്കിലും കാലതാമസമുണ്ടെന്നുള്ളത് തീർച്ചയാണ്; നടത്തുകയില്ലെന്നുള്ളത് നിശ്ചയം. ഈ മുനിസിപ്പാലിറ്റികളിൽ വളരെ ചുരുങ്ങിയ നമ്പർ ആളുകളെ ഉൾപ്പെടുത്തി ഒരു ഉപദേശകസമിതിയെങ്കിലും രൂപീകരിച്ച് ഒരു ചെറിയ ജനാധിപത്യ മേൽവിലാസം ഇതിനുണ്ടാക്കി ഉദ്യോഗസ്ഥൻമാരുടെ ഭരണത്തിന്റെ സ്ഥിതിയിൽ ഒരു മാറ്റം വരുത്താൻ തയ്യാറാകണമെന്നു കൂടി ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കുകയാണ്. സർ, ഈ കാര്യത്തിൽ മുനിസിപ്പാലിറ്റികളിൽ മാത്രമല്ല, പഞ്ചായത്തുകളിലേക്കും കോർപ്പറേഷനുകളിലേക്കും തിരഞ്ഞെടുപ്പ് നടത്തണം. ഉദ്യോഗസ്ഥൻമാരുടെ അഴിമതി ഭരണം അവസാനിപ്പിക്കണം. അങ്ങനെ ജനാധിപത്യത്തിന്റെ അടിസ്ഥാനശിലയായിട്ടുള്ള ഈ സ്വയംഭരണസ്ഥാപനങ്ങളെ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട സമിതികളെ ഏൽപ്പിക്കാൻ നടപടി സ്വീകരിക്കണം. അതുകൊണ്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് തിരിച്ചയക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ഈ ബില്ലിനെ ഞാൻ എതിർക്കുന്നു. നമ്മുടെ മുനിസിപ്പാലിറ്റികളടക്കമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ തിരഞ്ഞെടുക്കപ്പെട്ട സമിതികളില്ലാത്തതുകൊണ്ട് നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണ്. മുനിസിപ്പാലിറ്റികളുടെ

LIBRARY ARCHIVES Kerala Legislative Assembly

അതിർത്തിയിലെ വികസന പ്രവർത്തനങ്ങളും ഉദ്യോഗസ്ഥ ഭരണത്തിൻ കീഴിലാണ്. എന്ത് ഉദ്ദേശത്തോടെയാണ് മുനിസിപ്പാലിറ്റികളും രൂപീകരിച്ചത്. അതിന് വിരുദ്ധമായ ദിശയിലൂടെയാണ് കടന്നു പോയികൊണ്ടിരിക്കുന്നത്. അതിൽ തിരഞ്ഞെടുപ്പുകളും നടത്തുന്നില്ല. പഞ്ചായത്തുകളിൽ തിരഞ്ഞെടുപ്പ് നടത്തുന്നില്ല. തദ്ദേശവാസികളായ ജനങ്ങളുടെ പ്രതിനിധികൾക്ക് തങ്ങളുടെ പ്രാദേശികമായ വികസനത്തിൽ ഒരു പങ്കുമില്ല എന്നു മാത്രമല്ല, ഈ മുനിസിപ്പാലിറ്റികളുടേയും, തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളുടേയും സമിതികൾക്ക് ജനകീയ സമിതികളില്ലാത്തതുകൊണ്ട് ഉദ്യോഗസ്ഥൻമാരെ വച്ചുകൊണ്ട് ഗവൺമെൻറിൻെറ ഭരണമാണ്. ഗവൺമെൻറിൻെറ ഭരണം അതായത് ഉദ്യോഗസ്ഥൻമാർ വഴിയ്ക്കുള്ള ഭരണം ജനാധിപത്യ വിരുദ്ധമാണെന്ന് പ്രത്യേകം പറയാതെ തന്നെ അറിയാം. സർ, ജനാധിപത്യവിരുദ്ധമാർഗ്ഗങ്ങൾ പരമാവധി എല്ലാ മേഖലകളിലും കഴിഞ്ഞ നാലര വർഷക്കാലം പയറ്റിക്കൊണ്ടിരിക്കുന്ന ഒരു ഗവൺമെൻറാണിതെന്നുള്ളത്, ഇപ്പോൾ ഈ സഭ വിളിച്ചുകൂട്ടിയിരിക്കുന്നതിൻെറ തന്നെ തെളിവാണ്. കെ. എം. മാണി എത്ര കാര്യമായി വാദിച്ചാലും ശരി ഈ സഭ ഇപ്പോൾ വിളിച്ചുകൂട്ടാനിടയാക്കിയതു പോലും ഈ ഗവൺമെൻറ് കഴിഞ്ഞ കാലഘട്ടത്തിൽ പ്രതിപക്ഷത്തു നിന്ന് നിരന്തരമായി പറഞ്ഞുകൊണ്ടിരിക്കുന്ന പ്രത്യേക സാഹചര്യങ്ങളിൽ മാത്രം പുറപ്പെടുവിക്കേണ്ട ഓർഡിനൻസിലൂടെ തന്നെ ഈ ഭരണം മുഴുവൻ നടത്തിക്കൊണ്ട് പോകാനുള്ള പരിശ്രമം നടത്തി; ഇനി അങ്ങനെ പോകാൻ വലിയ മാർഗ്ഗമില്ല എന്നുള്ളതുകൊണ്ടാണ്, അതോ സ്വയം തീരുമാനിച്ചോ? ഇവിടെ മുഖ്യമന്ത്രി പറഞ്ഞപ്പോൾ പറഞ്ഞത് ഉയർന്ന ജനാധിപത്യബോധത്തിൻെറ ഫലമായി അങ്ങനെ തീരുമാനിച്ചു എന്നാണ്. സർ, മുഖ്യമന്ത്രിയുടെയോ അല്ലെങ്കിൽ ഈ ഗവൺമെൻറിൻെറയോ മാത്രമല്ല, ഇവിടെ കെ.എം. മാണി പ്രസംഗിച്ചപ്പോൾ ബീഹാറിലെ ഗവൺമെൻറിനെ ചൂണ്ടി പറഞ്ഞു. സർ, ബീഹാറിലെ ഗവൺമെൻറ് അല്ല, പല ഗവൺമെൻറുകളുടേയും സ്ഥിതി ഇതാണ്. ഇവിടെ കോൺഗ്രസ്സിൻെറ നേതൃത്വത്തിലുള്ള ഭരണമാണ്. കെ. എം. മാണി പറഞ്ഞ ആ ഒരു വ്യത്യാസം. മറിച്ച് കോൺഗ്രസ്സിൻെറ തനി ഭരണമാണെങ്കിൽ ഇവിടെ വലിയ വ്യത്യാസമുണ്ട്. കോൺഗ്രസ്സിൻെറ നേതൃത്വത്തിലുള്ള ഭരണം. അപ്പോൾ ഇതെല്ലാം വിരൽ ചൂണ്ടുന്നത് നമ്മുടെ ജനാധിപത്യത്തെ കശാപ്പു ചെയ്തുകൊണ്ട് എവിടേയും ഭരണം, എങ്ങനേയും ഭരണം, എന്തിനും ഭരണം. അത് സംസ്ഥാനങ്ങളുടെ ഭരണം മാത്രമല്ല, പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ ഭരണം ജനങ്ങളെ കൊണ്ടുവരുകയാണ്. ഇതിനുവേണ്ടി ഒന്നുകിൽ അല്ലെങ്കിൽ തിരഞ്ഞെടുപ്പു നടത്താൻ ജനങ്ങളെ ഭരണം ഏൽപ്പിക്കില്ലെങ്കിൽ അത് ഓർഡിനൻസ് വഴിയോ അല്ലെങ്കിൽ നിയമനിർമ്മാണം വഴിയോ, ഭൂരിപക്ഷമുണ്ടെങ്കിൽ അതുവഴി ആ ഭരണങ്ങളെ പിടിച്ചെടുത്ത് കൈവശം വച്ചുകൊണ്ട് പോകുക, ഇതാണ് പ്രവണത. ഈ ജനാധിപത്യ ധ്വംസനം ഈ മേഖലയിൽ മാത്രമല്ല, എല്ലാ ജനാധിപത്യസ്ഥാപനങ്ങളേയും ആ രൂപത്തിലാക്കി മാറ്റിക്കൊണ്ടിരിക്കുകയാണ്. നിയമനിർമ്മാണ പ്രവർത്തനങ്ങളിൽ ഈ ഓർഡിനൻസുകളും വഴിയുള്ള ഭരണത്തെക്കുറിച്ച് ഇവിടെ ബഹുമാനപ്പെട്ട സ്പീക്കർ തന്നെ പല തവണ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. നിയമനിർമ്മാണത്തിൽപ്പോലും തിരഞ്ഞെടുത്ത ജനപ്രതിനിധികൾക്ക് അഭിപ്രായം പറയാനും, ജനങ്ങളുടെ അഭിപ്രായങ്ങളും പ്രകടിപ്പിക്കാനുമുള്ള അവസരം എത്രമാത്രം നിഷേധിക്കുമോ അത്രയും നിഷേധിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ നിഷേധിച്ചു പോകാൻ ഒരു പഴുതുമില്ലാത്ത അവസരത്തിൽ മാത്രം ഇതുപോലെ സഭ വിളിച്ചുകൂട്ടി ചടങ്ങ് നിർവഹിക്കുക. ഇതാണ് ഈ ഗവൺമെൻറിന്റെയും സ്ഥിതി. ഇൻഡ്യയിൽ മൊത്തത്തിൽ അതാണ്. കോൺഗ്രസ്സിന്റെ പൊതുസമീപനം അതാണ്. കോൺഗ്രസ്സ് നേതൃത്വം നൽകുന്ന ഈ ഗവൺമെൻറിന്റെയും സമീപനം അതാണ്. അതിൽ പഴുതുകളില്ലാതെ വന്നപ്പോഴാണ് മാത്രമാണ് ഇപ്പോഴീ നിയമനിർമ്മാണവുമായി വന്നിരിക്കുന്നത്.

സർ, ഈ മുനിസിപ്പാലിറ്റികളും ധാരാളം പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഇപ്പോഴത്തന്നെ ഇവിടെ നേരത്തെ ചൂണ്ടിക്കാണിച്ചതുപോലെ മുനിസിപ്പൽ ജീവനക്കാരുടെ സമരം മൂലം നമ്മുടെ മുനിസിപ്പൽ പ്രദേശങ്ങളും, പട്ടണപ്രദേശങ്ങളും ഈ കഴിഞ്ഞ ദിവസങ്ങളിൽ യഥാർത്ഥത്തിൽ മനുഷ്യന് അവിടെ ജീവിക്കാനും സഞ്ചരിക്കാനും കഴിയാത്ത രൂപത്തിലായിട്ടുണ്ട്. അതൊന്നും നോക്കാനും അതിന് പരിഹാരം കാണാനും അക്കാര്യമൊന്ന് ചർച്ച ചെയ്യാൻപോലും ആരും മിനക്കെടുന്നില്ല. ജനങ്ങൾ ദൈനംദിന ജീവിതത്തിൽ നേരിടുന്ന പ്രശ്നങ്ങൾ വന്ന് മൂക്കിൽമുട്ടിയാലും അസഹനീയരൂപത്തിലായാലും അതൊന്നും നോക്കാൻ ആർക്കും സമയമില്ല. ഇപ്പോഴീ എല്ലാവരുടേയും ശ്രദ്ധ തിരഞ്ഞെടുപ്പിലേക്ക് കേന്ദ്രീകരിച്ചുകൊണ്ടിരിക്കുകയാണ്.

തിരഞ്ഞെടുപ്പ് എന്നു പറയുമ്പോഴീ നമ്മുടെ ജനങ്ങൾക്ക് രാജ്യത്തിന്റെ ഭരണത്തെക്കുറിച്ച് സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണത്തെക്കുറിച്ച് അവർക്കുള്ള അഭിപ്രായങ്ങളീ ജനാധിപത്യപരമായി രേഖപ്പെടുത്തി കാര്യങ്ങളീ മുന്നോട്ട് കൊണ്ടുപോകാൻ ഉള്ള ഒരു പ്രവണതയുടെ ഭാഗമല്ല, മറിച്ച് അധികാരം എങ്ങനെ കൈവശം ഒതുക്കിനിർത്താൻ കഴിയുമെന്നുള്ളതിനെക്കുറിച്ചാണ് ചിന്തിക്കുന്നത്. ഇവിടെ തിരഞ്ഞെടുപ്പിനെ കേന്ദ്രീകരിച്ച് കാര്യങ്ങളീ നടക്കുമ്പോഴീ കാണാൻ കഴിയുന്ന ചിത്രം എത്ര അപകടകരമാണ്. തിരഞ്ഞെടുപ്പില്ലാത്ത, തിരഞ്ഞെടുത്ത പ്രതിനിധികളില്ലാത്ത നമ്മുടെ പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും നശിച്ച് നാമാവശേഷമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ സ്വസ്ഥാനത്ത് ഇപ്പോഴീ തിരഞ്ഞെടുപ്പിന് വേണ്ടിയുള്ള കേളികൊട്ടലിൽ എത്ര കാര്യങ്ങളാണ് അപകടകരമായിട്ട് നമുക്ക് കാണാൻ കഴിയുന്നത്? തിരഞ്ഞെടുപ്പിന്— അധികാരത്തിനുവേണ്ടി എന്തും ചെയ്യാൻ മടിയില്ലാത്ത കോൺഗ്രസ്സും, കോൺഗ്രസ്സിന്റെ നേതൃത്വത്തിലുള്ള ഈ മന്ത്രിസഭയിലെ ആളുകളും. ഇവിടെത്തന്നെ; അങ്ങേയറ്റമീ, ഈ രാജ്യത്ത് ഏറ്റവും അപകടം സൃഷ്ടിക്കാൻ പോരുന്ന എത്രയെത്ര പ്രവണതകളുണ്ട്. ഇന്ത്യയിൽ ഇന്ന് ഇത്തരത്തിലുള്ള ധാരാളം പ്രവണതകളുണ്ട്. ഖാലിസ്ഥാനു വേണ്ടിയുള്ള പ്രക്ഷോഭമീ അവിടെ നടക്കുന്നുണ്ട്. കോൺഗ്രസ്സുകാരാണ് അതിനെക്കുറിച്ചൊക്കെ വളരെ വാചാലമായി പ്രസംഗിക്കുന്നത്. ഇൻഡ്യയുടെ ഐക്യത്തിനും അഖണ്ഡതയ്ക്കും ഒക്കെ അപകടം ചെയ്യുന്ന എത്രയെത്ര കാര്യങ്ങളീ ഉണ്ടെന്ന് രാജീവ് ഗാന്ധി പ്രസംഗിക്കും, കരുണാകരൻ പ്രസംഗിക്കും, പത്മരാജൻ പ്രസംഗിക്കും, ഇവരൊക്കെ പറയും ധാരാളം അപകടങ്ങളീ ഉണ്ടെന്ന്. ആ അപകടങ്ങളിൽനിന്ന് വിമുക്തമായി താരതമ്യേന ഇൻഡ്യയിലെ ജനാധിപത്യ സംവിധാനത്തിന്റെ ഗുണവശങ്ങൾ കാത്തുസൂക്ഷിച്ച് വന്നിരുന്ന ഒരു സ്വസ്ഥാനമാണ് നമ്മുടെ കേരള സംസ്ഥാനം. കേരളത്തിൽ, ഇൻഡ്യയുടെ പല ഭാഗങ്ങളിലും അപകടത്തിനുള്ള പ്രവണതകളീ ഉള്ളപ്പോഴീ ആ പ്രവണതകളിൽനിന്നൊക്കെ മാറിയ ഒരു ഗതിക്രമമാണ്

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളത്. ഇവിടെ മുഖ്യമന്ത്രി പറഞ്ഞതുകൊണ്ടാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. ജനാധിപത്യ ബോധത്തിന്റെ അടിസ്ഥാനത്തിൽ ആണെന്ന് പറഞ്ഞാൽ നമ്മുടെ ജനാധിപത്യവും നമ്മുടെ രാജ്യത്ത് ഉയർത്തിപ്പിടിക്കേണ്ട മൂല്യങ്ങളും, ഈ കേരളത്തിലും, അധികാരത്തിനുവേണ്ടിയുള്ള ഒറ്റലക്ഷ്യത്തിലേക്ക് നീങ്ങിപ്പോകുന്നതുകൊണ്ട് അപകടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇവിടെത്തന്നെ നമുക്കറിയാം, മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റ് ശ്രീ. ഇബ്രാഹിം സുലൈമാൻ സേട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം....

ഡെപ്യൂട്ടി സ്പീക്കർ: മി, ചന്ദ്രമോഹനൻ, അങ്ങ് ബില്ലിനെക്കുറിച്ച് പറയൂ.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, നമ്മുടെ ഇവിടത്തെ കാര്യമാണ് ഞാൻ പറയുന്നത്. പുറത്തുള്ള കാര്യമല്ല. ഇവിടെ നേരിടുന്ന പുതിയ പ്രശ്നമാണ് തിരഞ്ഞെടുപ്പ്. മുനിസിപ്പാലിറ്റികളിലേക്കും പഞ്ചായത്തുകളിലേക്കും നടക്കാൻ പോകുന്ന തിരഞ്ഞെടുപ്പിനെ എന്തുകൊണ്ട് ഈ ഗവൺമെന്റ് ഭയപ്പെടുന്നതെന്നാണ് ഞാൻ പറയാൻ പോകുന്നത്. തിരഞ്ഞെടുപ്പിനെ ഭയപ്പെടുമ്പോഴതന്നെ അധികാരം പിടിച്ചെടുക്കാൻവേണ്ടി തിരഞ്ഞെടുപ്പിനെ ലാക്കാക്കിയുള്ള പ്രവർത്തനങ്ങളും ഇൻഡ്യയിൽ അപകടം ചെയ്യുന്നുവെങ്കിൽ ഇപ്പോഴും കേരളത്തിൽ മുനിസിപ്പൽ തിരഞ്ഞെടുപ്പോ അല്ലെങ്കിൽ പഞ്ചായത്ത് തിരഞ്ഞെടുപ്പോ നടത്തുന്നില്ലെങ്കിലും നമ്മുടെ സംസ്ഥാനം ഒരു പൊതുതിരഞ്ഞെടുപ്പിലേക്ക് പോകാൻ പോകുന്ന ചിത്രം കണ്ടുകൊണ്ട് ഇവിടെ കളിക്കുന്ന ആ കളി ഈ കേരള സംസ്ഥാനത്തിൽ ധാരാളം അപകടങ്ങളും വരുത്തിവെക്കാൻ പോവുകയാണ്. കേരളത്തിൽ ഇപ്പോഴും ഇവിടെ നേരത്തെ പറഞ്ഞപ്പോഴും ചൂണ്ടിക്കാണിച്ചതിനേക്കാളും വ്യത്യസ്തമായ ചിത്രമാണുള്ളത്.. മുസ്ലീം ലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം—മുസ്ലീങ്ങളുടെ വികാരം മനസ്സിലാക്കാൻ കഴിയുന്നതേയുള്ളൂ.

ശ്രീ. പി. സീതിഹാജി: ഒരു പോയിന്റ് ഓഫ് ഓർഡർ. സർ, മുസ്ലീംലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ അങ്ങനെയൊരു യോഗം കൂടിയിട്ടില്ല.. ഇല്ലാത്ത യോഗം കൂടി എന്ന് പറയുന്നത് ഓർഡറിലാണോ?

ഡെപ്യൂട്ടി സ്പീക്കർ: അതിനെക്കുറിച്ച് പാർട്ടി ലീഡർ പറഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് സംസാരിക്കണം.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: മുസ്ലീംലീഗിന്റെ അഖിലേന്ത്യാ പ്രസിഡന്റല്ല ശ്രീ. സുലൈമാൻ സേട്ട് എന്ന് സീതിഹാജി പറഞ്ഞാൽ സീതിഹാജിക്ക് അതിനകത്ത് പ്രശ്നമുണ്ട്. എനിക്കതിനെക്കുറിച്ച് വിശദമായി അറിയില്ല.

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ബില്ലിനെക്കുറിച്ച് എന്തെങ്കിലും പറയൂ. സംസാരിച്ചുതുടങ്ങിയിട്ട് നേരം കുറെയായി. പറയാനുള്ളത് വേഗം പറഞ്ഞവസാനിപ്പിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, ഞാൻ ബില്ലിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ടാണ് സംസാരിക്കുന്നത്. ബില്ലുമായി ബന്ധപ്പെട്ട കാര്യങ്ങളിലേക്കാണ് ഞാൻ പറഞ്ഞുവരുന്നത്. ഇവിടെ തിരഞ്ഞെടുപ്പിനെ ലാക്കാക്കിക്കൊണ്ട് മുന്നോട്ട് പോകുന്നതിന്റെ ഫലമായി.....

ശ്രീ. വി. ജെ. തങ്കപ്പൻ: അങ്ങ് ഇവിടെ ഈ പ്രമേയത്തെക്കുറിച്ച് പറഞ്ഞു, അതുകൊണ്ട് ചോദിക്കുകയാണ്. ഇവിടെ ശ്രീമാൻ: ചന്ദ്രശേഖരൻ പറഞ്ഞു, അദ്ദേഹത്തിന്റെ പാർട്ടിക്ക് പ്രമേയത്തിൽ യാതൊരു പങ്കുമില്ലെന്ന്. അതിനെ എതിർക്കുന്നുവെന്ന്. അതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്.

ഡെപ്യൂട്ടി സ്പീക്കർ: അങ്ങയുടേത് പോയിന്റ് ഓഫ് ഓർഡറാണോ അതോ ചോദ്യമാണോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ചോദ്യമാണ്. ഈ നിയമസഭയ്ക്കകത്ത് വച്ച് ആ പ്രമേയം നമ്മുടെ സംസ്ഥാനത്ത് പ്രായോഗികമായി വരുകയില്ലെന്ന് ശ്രീ. നഹ സാഹിബ് പറഞ്ഞു. മുസ്ലീംലീഗിനെ ആ പ്രമേയത്തെ എതിർക്കുന്നുവെന്ന് പറയാൻ കഴിയുമോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: അല്ല, എതിർക്കുന്നുവോ എന്ന് ചോദിച്ചാൽ എതിർക്കുന്നുവെന്ന് പറഞ്ഞാൽപോലും..... ഇന്നലെ തൃശൂരിൽ മുസ്ലീംലീഗിന്റെ ജില്ലാ സമ്മേളനത്തോടനുബന്ധിച്ച് നടന്ന പ്രകടനത്തിൽ അവിടെ പാസ്സാക്കിയ പ്രമേയം നടപ്പിലാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വളരെ ശക്തമായി മുദ്രാവാക്യങ്ങൾ വിളിച്ചുകൊണ്ടാണ് പ്രകടനം നടത്തിയത്. എന്നിട്ട് ഇന്നലെ വിളിച്ചതെല്ലാം വിസ്മരിച്ചിട്ട് ഇവിടെ എന്തു മറുപടി ശ്രീ. കരുണാകരൻ പറഞ്ഞാലും ശരി, നഹ സാഹിബ് അങ്ങനെ പ്രമേയത്തെ എതിർക്കുന്നുവെന്ന് പറയാൻ ധൈര്യപ്പെട്ടിട്ടില്ല.

ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ബില്ലിനെക്കുറിച്ച് സംസാരിക്കൂ.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, എനിക്ക് മുനിസിപ്പാലിറ്റികളിലെ തിരഞ്ഞെടുപ്പുകളടക്കമുള്ള കാര്യങ്ങളെക്കുറിച്ച് പറയാനുണ്ട്. തിരഞ്ഞെടുപ്പിനെ ലാക്കാക്കിക്കൊണ്ട് കേരളത്തിലിപ്പോൾ ഏറ്റവും ഒടുവിലായി നടക്കുന്ന കാര്യങ്ങളെന്തെല്ലാമാണ്? ഇവിടെ കഴിഞ്ഞ തവണ സഭ പിരിയുമ്പോഴുണ്ടായിരുന്നതെന്തെല്ലാമാണ് പ്രശ്നങ്ങളാണ് ഉണ്ടായത്? നമ്മുടെ ഭരണഘടനയെക്കുറിച്ചോ നമ്മുടെ ജനാധിപത്യ മൂല്യങ്ങളെക്കുറിച്ചോ നമ്മുടെ രാജ്യത്തിന്റെ ഫെഡറൽ സ്വഭാവത്തോടുകൂടിയ നിലനിൽപിനെക്കുറിച്ചോ അല്ലെങ്കിൽ നമ്മുടെ രാജ്യത്തെ പ്രാദേശിക സ്വയംഭരണസ്ഥാപനങ്ങളുടെ ജനാധിപത്യപരമായ പ്രവർത്തനങ്ങളെ സംബന്ധിച്ചോ ഉള്ള കാഴ്ചപ്പാടിനേക്കാൾ ഉപരിയായി ജനാധിപത്യമൂല്യങ്ങളെ എവിടെയും ബലികഴിച്ചുകൊണ്ട് എന്തിനെന്നറിയാ, അധികാരം കൈക്കലാക്കുകയെന്നുള്ളതിൽ കവിഞ്ഞ് മറ്റൊന്നിലുംതന്നെ താൽപര്യമില്ലാത്തായിരിക്കുകയാണ്. ഈ ഗവൺമെന്റിന്റെ പ്രവർത്തനത്തിൽ തീർച്ചയായും നമ്മുടെ ജനങ്ങളുടെ ജനാധിപത്യപരമായ അവകാശങ്ങളെ കാത്തുസൂക്ഷിക്കാൻ പോകുന്നുവെന്നുള്ളതിന്റെ യാതൊരു ധാരണയുമില്ല.

ശ്രീ. എം. എം. ഹസ്സൻ: ഇവിടെ ശ്രീ. ചന്ദ്രമോഹനൻ, തിരഞ്ഞെടുപ്പിനെക്കുറിച്ച് വളരെ ഗൗരവമായിട്ട് സംസാരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അടുത്ത തിരഞ്ഞെടുപ്പിനെ ലക്ഷ്യംവെച്ചുകൊണ്ട് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നേതാവ് സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് മുസ്ലീം ലീഗിന്റെയും കേരള കോൺഗ്രസ്സിന്റെയും നേതാക്കളുമായി കൂട്ടുകൂടാൻ തയ്യാറാണെന്ന് പറഞ്ഞ കാര്യം സി. പി. ഐ. യുടെ നേതാവായ ശ്രീ. ചന്ദ്രമോഹനന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ആരേയും കൂട്ടുപിടിച്ച് എന്തു പറഞ്ഞ് അധികാരത്തിൽ വരാൻ മടിക്കാത്തവരാണ് ഭരണമുന്നണിയെ ഇപ്പോഴും കുറ്റം പറയുന്നതെന്ന കാര്യം നിഷേധിക്കാമോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇ.എം.എസ്സിന്റെ മാത്രമല്ല, കരുണാകരന്റെ പ്രസ്താവന വായിച്ചാലും എനിക്ക് അത് മനസ്സിലാക്കാൻ കഴിയും. ഇ.എം.എസ്. അങ്ങനെയല്ല പറഞ്ഞിട്ടുള്ളത്. ഇ.എം. എസ്. ആരുമായും കൂട്ടുപിടിക്കുമെന്ന് പറഞ്ഞിട്ടില്ല. ഇടതുപക്ഷ മുന്നണിയും പറഞ്ഞിട്ടില്ല. ഹസ്സൻ ഇത്തരം കാര്യങ്ങൾ വായിച്ചാൽ മനസ്സിലാവുകയില്ല. ഇന്ത്യയിൽ വർഗ്ഗീയ വിഘടന ശക്തികൾ നടത്തുന്ന ഏറ്റവും അപകടംപിടിച്ച പ്രവർത്തനങ്ങളുടെ പശ്ചാത്തലത്തിൽ ഈ കേരളത്തിൽ ഒരു നൂറാണ്ട് അധികാരത്തിൽനിന്ന് മാറിനിൽക്കേണ്ടിവന്നാൽപോലും ഇത്തരം ശക്തികളെ ഇടതുപക്ഷ ജനാധിപത്യ മുന്നണി അംഗീകരിക്കുകയില്ല, കൂട്ടുപിടിക്കുകയില്ല.

ഡെപ്യൂട്ടി സ്പീക്കർ: മി. ചന്ദ്രമോഹനൻ, ബില്ലിനെക്കുറിച്ചാണോ സംസാരിക്കുന്നത്? അങ്ങ് ബില്ലിനെക്കുറിച്ച് എന്തെങ്കിലും പറയൂ.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ഹസ്സനും ബഹുമാനപ്പെട്ട മെമ്പറും തമ്മിൽ തീരുമാനിക്കുന്നത് അനുസരിച്ചാണോ കേരളാ കോൺഗ്രസ്സിന്റെ നയം? സർ, അത് അങ്ങനെ വിടണോ?

ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പർ ഈ ബില്ലിനെക്കുറിച്ച് മാത്രം സംസാരിക്കണം. നമുക്ക് സമയം വളരെക്കുറവാണ്. അതുകൊണ്ട് അങ്ങയുടെ പ്രസംഗം അവസാനിപ്പിച്ചുവെന്ന് കരുതുന്നു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഒരു ചോദ്യം. "ഇൻഡ്യൻ കമ്മ്യൂണിസ്റ്റ് പാർട്ടി (മാർക്സിസ്റ്റ്) മുസ്ലീം ലീഗുമായും കേരളാ കോൺഗ്രസ്സുമായും യാതൊരു ഐക്യവും ഉണ്ടാക്കുകയില്ലെന്ന് മാർക്സിസ്റ്റ് പാർട്ടിയുടെ സംസ്ഥാന കമ്മിറ്റിയും സഖാവ് ഇ.എം.എസ്. ഉം ആവർത്തിച്ച് വ്യക്തമാക്കിയിട്ടും ഹസ്സനെപ്പോലുള്ള ആളുകൾ അതിനെ ദുർവ്യാഖ്യാനിച്ച് സംസാരിക്കുന്നത് ഓർഡറിലാണോ?

ഡെപ്യൂട്ടി സ്പീക്കർ: ഓർഡർ, ഓർഡർ. ഇവിടെ ഇപ്പോൾ മുസ്ലീം ലീഗും കേരളാ കോൺഗ്രസ്സും മാർക്സിസ്റ്റ് പാർട്ടിയും തമ്മിലുള്ള ബന്ധങ്ങൾ തീരുമാനിക്കാനുള്ള വേദിയല്ല. അങ്ങ് ദയവായി ബില്ലിനെക്കുറിച്ച് വല്ലതും പറയാനുണ്ടെങ്കിൽ പറഞ്ഞവസാനിപ്പിക്കണം.

ശ്രീ. കെ. എം. മാണി: സർ, തന്നെയുമല്ല, അതിനെപ്പറ്റി കേരളാ കോൺഗ്രസ്സിന് ഒരു പരാതിയില്ലെങ്കിൽപിന്നെ കോടിയേരി എന്തിനിത് പറയുന്നു?

ഡെപ്യൂട്ടി സ്പീക്കർ: ചന്ദ്രമോഹനന്റെ പ്രസംഗം കഴിഞ്ഞോ?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇല്ല. എനിക്കിനിയും പലതും പറയാനുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഡെപ്യൂട്ടി സ്പീക്കർ: മി. ചന്ദ്രമോഹനൻ, അങ്ങേക്ക് ഇനിയും സംസാരിച്ചുനിൽക്കാൻ സമയമില്ല. സമയം കഴിഞ്ഞു.

ശ്രീ. കെ. ശങ്കരനാരായണപിള്ള: ഒരു ചോദ്യം. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതുകൊണ്ടാണ്, കേരളാ കോൺഗ്രസ്സിന്റെ കാര്യം ഹസ്സനും ചന്ദ്രമോഹനനും കൂടിയല്ല തീരുമാനിക്കേണ്ടതെന്ന് പറഞ്ഞു, പക്ഷേ കേരളാ കോൺഗ്രസ്സിന്റെ കാര്യമിപ്പോൾ കെ. എം. മാണിയല്ല തീരുമാനിക്കുന്നത് എന്നാണ് ഇവിടെ ജോസഫും, ജേക്കബ്ബും പറയുന്നത്.

ഡെപ്യൂട്ടി സ്പീക്കർ: മി. ചന്ദ്രമോഹനൻ, ദയവായി പറയാനുള്ളത് വേഗം പറഞ്ഞവസാനിപ്പിക്കൂ.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, കേരളാ കോൺഗ്രസ്സിന്റെ കാര്യം കെ. എം. മാണിയല്ല തീരുമാനിക്കുന്നതെന്ന് ഇന്ന് മാണിക്കും എല്ലാവർക്കുമറിയാം. തിരഞ്ഞെടുപ്പ് എന്ന് കേൾക്കുമ്പോൾ ഈ ബിൽ അവതരിപ്പിച്ച ശ്രീ. മാണി, എന്തിനാണ് ഏറ്റവുമധികം ഭയപ്പെടുന്നത്? ഇന്ന് മാണി, തിരഞ്ഞെടുപ്പ് എന്ന് കേൾക്കുമ്പോൾ ഏറ്റവുമധികം ഭയപ്പെടുന്നതിന്റെ കാര്യം—കേരളാ കോൺഗ്രസ് എന്ന പാർട്ടിക്കകത്തുതന്നെ ഒരു തിരഞ്ഞെടുപ്പ് നടന്നാൽ ഇപ്പോൾ ഈ ബില്ല് അവതരിപ്പിച്ചിരിക്കുന്ന ശ്രീ. മാണിയുടെ സ്ഥിതിയെന്താവുമെന്ന് മാണിക്കുതന്നെ അറിയാം. ഈ രാജ്യത്തെ എല്ലാവർക്കുമറിയാം. തിരഞ്ഞെടുപ്പിൽ മാണിയെ ഒതുക്കിക്കൊണ്ടുതന്നെ സീറ്റ് നേടാൻവേണ്ടി കേരളാ കോൺഗ്രസ് ശ്രമിച്ചുകൊണ്ടിരിക്കുന്ന കളി ശ്രീ. മാണിക്കുതന്നെ അറിയാം, എല്ലാവർക്കുമറിയാം. ഇങ്ങനെ തിരഞ്ഞെടുപ്പിനെ ലാക്കാക്കിക്കൊണ്ട് ഇവിടെ കേരളാ കോൺഗ്രസ്സിനെക്കുറിച്ച് പറയുമ്പോൾ ഇവിടെ കേരളാ കോൺഗ്രസ്, ഒന്നാണ്, അത് ഒരു പാർട്ടിയാണ്, ആ പാർട്ടി രണ്ടായിരുന്ന സമയവും അവർ ഒന്നായി മാറിയ സമയവും നമുക്കേവർക്കും അറിയാവുന്നതാണ്. വളരും തോറും പിളരുകയും പിളരുതോറും വളരുകയും ചെയ്യുന്ന ഈ പാർട്ടി കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണ് ഒന്നായി മാറിയതെങ്കിൽ.....

ഡെപ്യൂട്ടി സ്പീക്കർ: അങ്ങ് ബില്ലിനെക്കുറിച്ച് പറയൂ.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: കഴിഞ്ഞ പാർലമെന്റ് തിരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിലാണ്, ഒന്നായതെങ്കിൽ ഈ വരുന്നതിരഞ്ഞെടുപ്പിൽ അത് പിളർന്ന് വളരാൻ പോകുന്ന ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്.

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട ചന്ദ്രമോഹനൻ, ഞങ്ങൾ പിളരണമെന്നാണോ പറയുന്നത്? അതോ ഇങ്ങനെ നിൽക്കണമെന്നാണോ? എന്തു ചെയ്യണം?

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ബഹുമാനപ്പെട്ട ശ്രീ. കെ. എം. മാണി പറഞ്ഞതുപോലെ ഞാനോ ഞങ്ങളോ അല്ല തീരുമാനിക്കുന്നത്. കേരള കോൺഗ്രസ്സിനകത്ത് നടന്നുകൊണ്ടിരിക്കുന്ന കാര്യങ്ങൾ .....ഞാൻ പറയുന്നില്ല. നമ്മുടെ മുനിസിപ്പാലിറ്റികളിലേക്ക് അല്ലെങ്കിൽ, തദ്ദേശ സ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്താതെ, നീട്ടി നീട്ടിക്കൊണ്ടു പോകുന്നതിന്റെ കാരണമെന്തെന്നുവച്ചാൽ ഈ ഗവൺമെന്റ് വന്നതിനുശേഷം നടന്ന തിരഞ്ഞെടുപ്പുകളിലെല്ലാം ഈ ഗവൺമെന്റിനു് എതിരായി ജനങ്ങൾ തിരിഞ്ഞുവെന്ന് ബോദ്ധ്യപ്പെട്ടതുകൊണ്ടാണ്. ആ പശ്ചാത്തലത്തിൽ പഞ്ചായത്തുകളിലേക്ക് തിരഞ്ഞെടുപ്പ് നടത്തിയിട്ടില്ല. നടത്താൻ ധൈര്യപ്പെടുന്നില്ല. മുനിസിപ്പാലിറ്റികളിലേക്ക് തിരഞ്ഞെടുപ്പ് നടത്താൻ ധൈര്യപ്പെടുന്നില്ല. പക്ഷേ കേരളത്തിലേക്ക്, അസംബ്ലിയിലേക്കുള്ള തിരഞ്ഞെടുപ്പ് ഏറിയാൽ മേയ് മാസത്തിനപ്പുറം നീട്ടിക്കൊണ്ടുപോകാൻ കഴിയാത്തതുകൊണ്ട്, ഒരു തിരഞ്ഞെടുപ്പ് നടത്തേണ്ടിവരുമെന്നുള്ളതുകൊണ്ട് മാത്രമാണ് ആ തിരഞ്ഞെടുപ്പിനെ ലാക്കാക്കി ഇവിടെ ഭരണം നടത്തുന്നത്. ഈ ജനാധിപത്യ സ്ഥാപനങ്ങളെ ജനാധിപത്യവിരുദ്ധമായി പ്രവർത്തിപ്പിക്കുന്നത് യഥാർത്ഥത്തിൽ മറ്റു സ്ഥാനങ്ങളിലേക്കുള്ള അധികാരത്തിനുവേണ്ടിയാണ്. കേരളത്തിലെ അധികാരം നിലനിറുത്തിക്കൊണ്ടുപോകാനുള്ള പ്രവണതകൊണ്ട്, വളരെ അപകടകരമായ പ്രവണതകൊണ്ട് നടക്കുന്നുവെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് ഈ സ്ഥാപനങ്ങളിലെ തിരഞ്ഞെടുപ്പ് സമിതികൊണ്ട് എത്രയും വേഗം ഉണ്ടാക്കാനുള്ള നടപടികൊണ്ട് സ്വീകരിക്കേണ്ടിയിരിക്കുന്നുവെന്ന് പറഞ്ഞുകൊണ്ട് ഈ ബില്ലിനെ എതിർക്കുന്നു.

ശ്രീ. സി. വാസുദേവമേനോൻ : സർ, ഈ ബിൽ പൊതുജനാഭിപ്രായത്തിന് വിടണമെന്ന എന്റെ അഭിപ്രായം രേഖപ്പെടുത്തുന്നു. ഭരണഘടനാപരമായിട്ടുള്ള ചില ബാദ്ധ്യതകൊണ്ട് നിറവേറ്റുന്നതിനുവേണ്ടി മാത്രം നിയമസഭ കൂടുകയും ഭരണം നടത്തുകയും ചെയ്യുക എന്നതാണ് ഈ ഭരണ മുന്നണിയും ഗവൺമെന്റും അനുവർത്തിച്ചുവരുന്ന നയം. ഭരണഘടനാപരമായിട്ട് ഒരു പ്രതിസന്ധിയുണ്ടാകുന്നു എന്നതുകൊണ്ട് മാത്രമാണ് ഇപ്പോൾ ഈ നിയമസഭ കൂടുന്നത്. അതുപോലെതന്നെ നമ്മുടെ രാജ്യത്തുള്ള എല്ലാ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളും നിശ്ചലമായിട്ട് വർഷങ്ങളായി. ഇവിടെ മുനിസിപ്പാലിറ്റികളുടെ ഭരണം വീണ്ടും ഗവൺമെന്റിൽ നിക്ഷിപ്തമാക്കിക്കൊണ്ടുള്ള കാലാവധി നീട്ടുന്നതിനാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത്. ഭരണഘടനയിൽ പാർലമെന്റിനെ സംബന്ധിച്ചും അതുപോലെതന്നെ അസംബ്ലിയെ സംബന്ധിച്ചും മാത്രമേ പറയുന്നുള്ളു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ സംബന്ധിച്ച് മാർഗ്ഗ നിർദ്ദേശങ്ങൾ മാത്രമേയുള്ളു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് തിരഞ്ഞെടുപ്പ് നടത്തിയിട്ടില്ലായെങ്കിൽ ഭരണഘടനാപരമായിട്ടുള്ള പ്രതിസന്ധിയൊന്നുമുണ്ടാകുകയില്ലായെന്നുള്ളതുകൊണ്ടായിരിക്കാം ഒരു പക്ഷേ അത് നടത്താതെ ഇരിക്കുന്നത്. അതുമാത്രമല്ല നമ്മുടെ രാജ്യത്ത് ഹൈക്കോടതിയെപ്പോലും മറികടക്കുന്നതിനുവേണ്ടിയിട്ടുള്ള പല നിയമനിർമ്മാണങ്ങളും ഇവിടെ നടത്തുകയുണ്ടായി. ബഹുജനങ്ങൾക്കുവേണ്ടിയുള്ള ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റ് പരാജയപ്പെടുന്ന സ്ഥലത്ത് കോടതിയെ സമീപിക്കാനേ നിവൃത്തിയുള്ളു. അങ്ങനെ കോടതിയെ സമീപിച്ച് ഇതുപോലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പ് വളരെവേഗം നടത്തണം, അവിടെ സ്പെഷ്യൽ ഓഫീസറെ വയ്ക്കുന്നത് തടയണം എന്നൊക്കെ പറഞ്ഞുകൊണ്ട് ഹൈക്കോടതിയെ സമീപിച്ചപ്പോൾ സർക്കാർ പഞ്ചായത്തുകളുടെ കാലാവധി നീട്ടാനുള്ള ആ വകുപ്പ് എടുത്തുകളഞ്ഞു. അത് വീണ്ടും നിയമമാക്കാൻവേണ്ടി വന്നു. അങ്ങനെ നിയമമാക്കേണ്ട ആവശ്യം ഇപ്പോഴില്ലാത്തതുകൊണ്ട്

LIBRARY ARCHIVES Kerala Legislative Assembly

അത് പിന്നീട് സബ്ജക്ട് കമ്മിറ്റിക്ക് വന്നതിനുശേഷം വീണ്ടും നിയമസഭയിൽ വന്നില്ല. അങ്ങനെ കോടതിയെപ്പോലും മറികടന്ന് നിയമത്തിനുള്ള വകുപ്പുപോലും എടുത്തുകളഞ്ഞ് അങ്ങനെ നിയമത്തെയും കോടതിയേയുമെല്ലാം കബളിപ്പിക്കുന്ന രീതിയിലുള്ള പ്രവർത്തനങ്ങളാണ് ഗവൺമെൻറ് നടത്തുന്നത്. ഇതെല്ലാം എന്തിനാണ് നടത്തുന്നത് എന്ന് സ്വാഭാവികമായിട്ടും ഗവൺമെൻറും അതുപോലെതന്നെ ഭരണകക്ഷിക്കാരുമെല്ലാം കുറെ സാവകാശമായിട്ട് ആലോചിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാ സംസ്ഥാനങ്ങളിലേക്കും ഉടനെ പഞ്ചായത്ത് തിരഞ്ഞെടുപ്പും ലോക്കൽ ബോഡി സിലേക്കുമുള്ള തിരഞ്ഞെടുപ്പും നടത്തണമെന്നും പറഞ്ഞ് ഇൻഡ്യൻ പ്രധാനമന്ത്രി ഒരു നിർദ്ദേശം അയച്ചിട്ടുണ്ടെന്ന്, അഖിലേന്ത്യാ പഞ്ചായത്ത് പരിഷത്തിൻെറ സമ്മേളനത്തിൽ പ്രസംഗിക്കുകയുണ്ടായി. അങ്ങനെ വല്ല നിർദ്ദേശവും ഇവിടെ കിട്ടിയിട്ടുണ്ടോ എന്ന് ചോദിച്ചപ്പോൾ ഇല്ലെന്നാണ് പറഞ്ഞത്. പരസ്യമായി പ്രധാനമന്ത്രി പറയുന്നു, എല്ലാ സംസ്ഥാനങ്ങളിലേക്കും പഞ്ചായത്ത് തിരഞ്ഞെടുപ്പ് വളരെവേഗം നടത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട് എന്ന്. ഗവൺമെൻറ് പറയുന്നു, ഞങ്ങൾക്ക് അങ്ങനെ നിർദ്ദേശമൊന്നും കിട്ടിയിട്ടില്ലായെന്ന്. ഇല്ലെങ്കിൽ ആ പരസ്യ നിർദ്ദേശമെങ്കിലും സ്വീകരിച്ചുകൊണ്ട് അത്തരത്തിൽ ഒരു തിരഞ്ഞെടുപ്പ് നടത്തുന്നതിന് ഈ ഗവൺമെൻറ് എന്തുകൊണ്ട് തയ്യാറാകുന്നില്ല. അഥവാ നിർദ്ദേശം ഔദ്യോഗികമായിട്ട്, ഓഫീസ് മുഖാന്തിരം തന്നെ ഇവിടെ എത്തിയിട്ടില്ലായെന്നിരിക്കട്ടെ. ഭരണകക്ഷിയിൽ പ്രധാന കക്ഷിയായിട്ടുള്ള കോൺഗ്രസ്സിൻെറ പ്രസിഡൻറ് കൂടിയായിട്ടുള്ള പ്രധാനമന്ത്രിയുടെ നിർദ്ദേശമെന്നുള്ള നിലയിൽ എന്തുകൊണ്ട് അത്തരത്തിൽ ഒരു തിരഞ്ഞെടുപ്പ് നടത്താൻ തയ്യാറായില്ല. അപ്പോൾ പാർട്ടിയുടെ പ്രസിഡൻറ് എന്നുള്ള നിലയ്ക്ക് അതിൻെറ അഖിലേന്ത്യാ നയം പോലും ഇവിടെ നടപ്പിലാക്കാൻ കഴിയുന്നില്ല. അതാണ് ഈ കൂട്ടുകെട്ടിൻെറ പ്രത്യേകത. അതുകൊണ്ട് അത്തരത്തിൽ ജനാധിപത്യപരമായി എന്തെങ്കിലും കാര്യങ്ങൾ നടപ്പിലാക്കി മുന്നോട്ടുകൊണ്ടുപോകാൻ സാദ്ധ്യമല്ല. പദ്ധതികളുടെ വിജയത്തെ സംബന്ധിച്ചിടത്തോളം നമ്മുടെ രാജ്യത്തിൻെറ എല്ലാ ഭാഗത്തും അസന്തുഷ്ടി വളർന്നുവരികയും അതെല്ലാം തന്നെ പ്രാദേശികമായിട്ടുള്ള സ്വയംഭരണത്തിനുവേണ്ടിയും അല്ലെങ്കിൽ വിഘടനവാദം ഉയർത്തിക്കൊണ്ടുവരുന്നതിനുവേണ്ടിയുമുള്ള ശ്രമങ്ങളാണ്. ജനങ്ങളുടെ പ്രാഥമികമായിട്ടുള്ള ആവശ്യം പോലും നിറവേറ്റുന്നതിനുള്ള യാതൊരു സൗകര്യവുമില്ലാത്തതുകൊണ്ടും അത്തരം കാര്യങ്ങൾ നടപ്പിലാക്കാത്തതുകൊണ്ടുമാണ് പ്രധാനമായിട്ടും സാധാരണ ജനങ്ങളിൽനിന്ന് ഇത് പൊന്തിവരുന്നത്.

ശ്രീ. പി. പി. തങ്കച്ചൻ : താങ്കളുടെ പാർട്ടി അതായത് സി. എം. പി. കേരള കോൺഗ്രസ്സും ലീഗുമായിട്ടും വേണ്ടിവന്നാൽ യോജിച്ച് കോൺഗ്രസ്സിനെ എതിർക്കണമെന്ന നിലപാട് സ്വീകരിച്ചു. ഇപ്പോൾ അതിനോട് സഖാവ് ശ്രീ. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് യോജിച്ചതായി മനസ്സിലാക്കാൻ സാധിച്ചു. അതിനെത്തുടർന്ന് നിങ്ങൾ തമ്മിലുള്ള അഭിപ്രായ വ്യത്യാസം മാറ്റിക്കൊണ്ട് ഒരു പാർട്ടിയായിട്ട് വീണ്ടും ലയിച്ച് മുന്നോട്ടുപോകാൻ തീരുമാനിച്ചതായിട്ട് കേട്ടു. അതിൽ എന്തെങ്കിലും പരമാർത്ഥമുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വാസുദേവമേനോൻ : ബില്ലിനകത്ത് ഒതുങ്ങിനിന്ന് സംസാരിക്കണമെന്നുള്ള നിർദ്ദേശമുള്ളതുകൊണ്ട് ഞാൻ അതിൽനിന്ന് വ്യതിചലിക്കാൻ ആഗ്രഹിക്കുന്നില്ല. പ്രധാനമായും നമ്മുടെ രാജ്യത്തെ ജനങ്ങളുടെ പ്രാഥമികമായ ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഭരണകൂടങ്ങൾക്ക് കഴിയാത്തതുകൊണ്ടാണ് പല സ്ഥലത്തും വിഘടനവാദങ്ങൾപോലും ഉണ്ടാകുന്നത്. ആവരുടെ ആവശ്യങ്ങൾ നിറവേറ്റുന്നില്ല, ആ പ്രദേശത്തെ അവഗണിക്കുന്നു, ആപ്രദേശത്തെ വികസനപ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നില്ല. എന്നതുകൊണ്ട് അവർക്ക് യാതൊരു പുരോഗതിയും ഉണ്ടാകുന്നില്ല. ഇത്തരത്തിലുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സമയത്ത് ജനങ്ങൾക്ക് അതിൽ യാതൊരു പങ്കുമില്ലെങ്കിൽ അതു തങ്ങളുടെ പദ്ധതിയല്ല, തങ്ങൾക്ക് അതിൽ ഒരു പങ്കുമില്ല, തങ്ങളുടെ പുരോഗതിക്ക് അത് ഉപകരിക്കുന്നില്ലായെങ്കിൽ സ്വാഭാവികമായിട്ടും പ്രതികരണം അതുതന്നെയായിരിക്കും. ഇന്ന് പഞ്ചായത്തുകളുടെ പ്രവർത്തനമെന്താണെന്ന് ബഹുമാനപ്പെട്ട പഞ്ചായത്ത് മന്ത്രിയോട് ചോദിച്ചാൽ മന്ത്രിക്കുപോലും പറയാൻ സാധിക്കുകയില്ല. ഒരു ഔദ്യോഗികവൃത്തം പ്രാദേശിക സ്വയംഭരണമാണ്, ഗ്രാമപ്രദേശങ്ങളിൽ ഇന്നുള്ളത്. ഇന്ന് ഒരു ഔദ്യോഗികവൃത്തമാണ് ഭരിക്കുന്നത്. മുനിസിപ്പാലിറ്റികളെ സംബന്ധിച്ചിടത്തോളവും അതുതന്നെയാണ്. അതുപോലെതന്നെയാണ് ഐ.ആർ.ഡി.പി., എൻ.ആർ.ഇ.പി. തുടങ്ങിയ പല പദ്ധതികളും നടക്കുന്നത്. ഇതിലൊന്നും ജനങ്ങൾക്ക് യാതൊരു പങ്കാളിത്തവുമില്ല. ജനപങ്കാളിത്തത്തോടുകൂടി മുന്നോട്ടു കൊണ്ടുപോകുന്നു, വിജയിപ്പിക്കാൻ ശ്രമിക്കുന്നുവെന്നാണ് പറയുന്നത്. ജനങ്ങൾക്ക് ഒരു പങ്കാളിത്തവുമില്ല. ഇത് ഒരുപിടി കരാറുകാരും അതുപോലെതന്നെ ഒരു വിഭാഗത്തിൽപ്പെട്ട ഏജൻസികളും കൂടെ നടത്തുകയാണ്. അതിനെല്ലാം കമ്മീഷൻ പറ്റുന്ന ഏർപ്പാടാണ്. ഐ.ആർ.ഡി.പി. എടുത്താലും ശരി വിദ്യാഭ്യാസ ലഭിച്ചിട്ടുള്ളവർക്ക് കൊടുക്കുന്ന ലോണുകളായാലും ശരി അതിനെല്ലാം തന്നെ പ്രത്യേകമായിട്ട് വേഗം വാങ്ങികൊടുക്കാൻ വേണ്ടി ബ്ലോക്കുകളിൽ ഏജൻസികളുണ്ട്. ആ ഏജൻസികൾ മുഖാന്തിരം വാങ്ങികൊടുക്കുകയും അതിനുള്ള കമ്മീഷൻ പറ്റുകയുമാണ് ചെയ്യുന്നത്. ജനങ്ങളിൽനിന്ന് നികുതി പിരിച്ച് കോടിക്കണക്കിനു രൂപ ഇതുപോലെ പദ്ധതിയാണെന്ന് പറഞ്ഞ് ഉദ്യോഗസ്ഥൻമാരിൽക്കൂടെ ഇത്തരത്തിൽ പാഴാക്കിക്കളയുന്ന ഒരു ഏർപ്പാടാണ് ഈ രാജ്യത്ത് നടക്കുന്നത്. ഇത് ഫലപ്രദമായി നടത്തുന്നതിന്, എന്തെങ്കിലും തരത്തിൽ ജനങ്ങൾക്ക് ഉപയോഗപ്രദമാക്കുന്നതിനുവേണ്ടിയാണ് നമ്മുടെ രാജ്യത്ത് ഈ ജനാധിപത്യ സ്ഥാപനങ്ങൾ പ്രത്യേകിച്ചും മുനിസിപ്പാലിറ്റികളും പഞ്ചായത്തുകളുമെല്ലാം തന്നെ സ്ഥാപിതമായത്. അതിനെയെല്ലാം തന്നെ നിർജ്ജീവമാക്കി കളയുകയാണ്. അതിൽ തിരഞ്ഞെടുപ്പ് നടത്താൻവേണ്ടി തയ്യാറല്ലായെന്നുമാത്രമല്ല, തിരഞ്ഞെടുപ്പു നടത്തണമെന്നു പറഞ്ഞാൽ ജനാധിപത്യപരമായി അതിനെന്തെങ്കിലും സംവിധാനം ഏർപ്പാടുചെയ്യാനുള്ള വകുപ്പുകൂടി നിയമത്തിലുണ്ടെങ്കിൽ ആ വകുപ്പുകൂടെപോലും എടുത്തുകളഞ്ഞ് അതിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് നോക്കുന്നത്. തിരഞ്ഞെടുപ്പ് നടത്താൻ കാലാവധി കഴിഞ്ഞാൽ, തിരഞ്ഞെടുപ്പ് നടത്താൻ സാധിച്ചിട്ടില്ലായെങ്കിൽ കാലാവധി നീട്ടിക്കൊടുക്കണമെന്നുള്ള വകുപ്പ് പഞ്ചായത്ത് ആക്ടിലുണ്ടായിരുന്നു. എത്രയോ കാലം, കോൺഗ്രസ്സ് ഭരിച്ച കാലത്തും കോൺഗ്രസ്സ് അല്ലാത്ത ഗവൺമെന്റ് ഭരിച്ച കാലത്തുമെല്ലാംതന്നെ ആ വകുപ്പ് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. ആ വകുപ്പുപോലും എടുത്തു കളഞ്ഞു. കോടതിയെ മറികടക്കുന്നതിനുവേണ്ടി, കോടതിയുടെ നിർദ്ദേശത്തെ മറ്റൊരു തരത്തിൽ ഇല്ലാതാക്കുന്നതിനുവേണ്ടി ആ വകുപ്പേ എടുത്തുകളഞ്ഞു. 10-25 കൊല്ലം മുൻപുണ്ടാക്കിയതാണ് ഈ നിയമം. ആ നിയമത്തിൽപോലും അന്ന് നിർദ്ദേശിച്ചിട്ടുള്ള, ഇതുപോലുള്ള ജനാധിപത്യപരമായിട്ടുള്ള സംവിധാനം ഏർപ്പെടുത്താൻ വൈകിപ്പോയാൽ, അതിന് എന്തെങ്കിലും പ്രതിബന്ധം സൃഷ്ടിച്ചാൽ നീട്ടിവക്കാടുക്കാനുള്ള വകുപ്പാണ് ഇത്. അതുപോലും എടുത്തു കളഞ്ഞു. ജനാധിപത്യ സ്ഥാപനങ്ങളെല്ലാം ജനങ്ങളുമായി ബന്ധപ്പെടുന്നത്, പ്രത്യേകിച്ചും ലോക്കൽ ബോഡീസാണ്. പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമാണ് ജനങ്ങളുമായി നേരിട്ട് ബന്ധം സ്ഥാപിക്കുന്നത്.

ഇത്തരത്തിലുള്ള ബന്ധം മുറിച്ചുകളയുന്നതിന് ജനങ്ങളുമായി യാതൊരു ബന്ധവുമില്ലാത്ത ഉദ്യോഗസ്ഥൻമാരെക്കൊണ്ട് ഈ സ്ഥാപനങ്ങളുടെ ഭരണം നടത്തിക്കുകയാണ്. നമ്മുടെ ഹരിജനങ്ങൾക്കും, ഗിരിജനങ്ങൾക്കും, വയനാട്ടിലും, അട്ടപ്പാടിയിലും അതുപോലുള്ള മറ്റ് പ്രദേശങ്ങളിലും ചെയ്തുകൊടുത്തിട്ടുള്ള സഹായസഹകരണങ്ങളിൽ നടന്നിട്ടുള്ള അഴിമതികളേയും ധൂർത്തിനെയും കുറിച്ചുള്ള എത്രയോ റിപ്പോർട്ടുകൾ വരുന്നുണ്ട്. എന്തുകൊണ്ടാണ് ഇതെല്ലാം സംഭവിക്കുന്നത്? ഇവിടെനിന്ന് അകലെയുള്ള അട്ടപ്പാടി ഗ്രാമത്തിൽ നടക്കുന്ന കാര്യങ്ങൾ എന്താണെന്ന് മുഖ്യമന്ത്രിക്കും, അതിന്റെ വകുപ്പ് കൈകാര്യം ചെയ്യുന്ന മന്ത്രിക്കു പറയാൻ സാദ്ധ്യമല്ല. അവിടെയുള്ള ഗിരിജനങ്ങൾക്കോ, അവിടെയുള്ള നാട്ടുകാർക്കോ എന്തെങ്കിലും പങ്ക് അവിടെ നടപ്പിലാക്കുന്ന പദ്ധതികളിൽ ഉണ്ടായിരിക്കണം. എന്നാൽ അത് കൃത്യമായി നടക്കുന്നുണ്ടോ, അതിലെന്തെങ്കിലും അഴിമതി നടക്കുന്നുണ്ടോ എന്ന് അവർക്ക് പറയാൻ സാധിക്കണം. അത്തരത്തിൽ ഒരു സംവിധാനമില്ലെങ്കിൽ പിന്നെ, ഇത് എങ്ങനെയാണ് ശരിയായി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നത്?

ശ്രീ. വി. സി. കബീർ: ബഹുമാനപ്പെട്ട മെമ്പർ അട്ടപ്പാടിയിൽ നടക്കുന്ന അഴിമതികളെക്കുറിച്ച് പറഞ്ഞു. അട്ടപ്പാടിയിൽ 48 കോടി രൂപയുടെ കൃത്രിമങ്ങൾ നടന്നിട്ടുണ്ട്. ഭരണകക്ഷിയായ കോൺഗ്രസ് ഐ. യുടെ ആളുകളാണ് അതിൽ പ്രധാനമായും വെട്ടിപ്പ് നടത്തിയിട്ടുള്ളത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് എന്തെങ്കിലും അറിയാമോ? ഇല്ലെങ്കിൽ എന്തെങ്കിലും പറയാനുണ്ടോ?

ശ്രീ. സി. വാസുദേവമേനോൻ: സർ, ഇതിൽ പ്രധാനമായിട്ടും ഭരണകക്ഷിക്കാരും, അതുപോലെ തന്നെ കുറെ ഉദ്യോഗസ്ഥൻമാരും മാണ പങ്കാളികളായിട്ടുള്ളതെന്നാണ് എനിക്ക് പത്രറിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. സർ, ഇത് ഇല്ലാതാക്കുന്നതിനുവേണ്ടിയാണ് അതത് സ്ഥലത്ത് നടക്കുന്ന പ്രവൃത്തികൾ ജനങ്ങൾക്ക് പരിശോധിക്കാനും, അതുപോലെതന്നെ അതിൽ അഭിപ്രായങ്ങൾ പറയാനും, ആവശ്യമായ രീതിയിൽ അതിൽ ഇടപെടാനുമുള്ള സൗകര്യത്തിനുവേണ്ടിയാണ് ഈ ജനാധിപത്യ സ്ഥാപനങ്ങളുണ്ടാക്കിയിരിക്കുന്നത്. ഇത്തരത്തിൽ ഉണ്ടാക്കിയിട്ടുള്ള സ്ഥാപനങ്ങൾ മാത്രമല്ല, ഇവിടെ ഒരു ബി. ഡി. സി. ഉണ്ടാക്കാൻവേണ്ടി, ബ്ലോക്ക്

LIBRARY ARCHIVES Kerala Legislative Assembly

അഡ്വൈസറി കമ്മിറ്റിയുണ്ടാക്കാൻവേണ്ടി അഞ്ചുകൊല്ലം ഭരിച്ച ഗവൺമെൻറിനു കഴിഞ്ഞിട്ടില്ലെന്നു പറയുന്നതുതന്നെ വാസ്തവത്തിൽ അപമാനകരമാണു്. അതുപോലെതന്നെ പല സ്ഥലത്തുമുള്ള അഡ്വൈസറി കമ്മിറ്റിയിലുള്ള ജനങ്ങളുടെ സമിതികൂടുകപോലും ഇല്ലാതാക്കിയിരിക്കുന്നു. അങ്ങനെ നിയമസഭയിൽ കുറെ ചർച്ചയും, പിന്നെ സാധുജ്ഞൻമാരായിട്ടുള്ള മന്ത്രിമാരും കൂടെ ഭരിച്ചാൽ അതു ജനാധിപത്യമാണെന്നു പറയുന്നതു വാസ്തവത്തിൽ ജനാധിപത്യത്തെ പരിഹസിക്കലാണു്. ഇത്തരത്തിൽ ഇനിയും നീട്ടിക്കൊണ്ടുപോയി നമ്മുടെ രാജ്യത്തെ ജനാധിപത്യ സംവിധാനത്തെ അവഹേളിക്കുന്ന ഈ പരിപാടി നിർത്തണം. അതുകൊണ്ടു് ഇത്തരത്തിൽ ഇതു നീട്ടിക്കൊടുക്കുന്ന സമ്പ്രദായം ശരിയല്ലെന്നു പറഞ്ഞുകൊണ്ടു് ഞാൻ എൻറെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. ടി. എസ്. ജോൺ: സർ, ഈ ബില്ലിനെ ഞാൻ ആനുകൂലിക്കുകയാണു്. നമ്മുടെ സംസ്ഥാനത്തെ മുനിസിപ്പാലിറ്റികളുടെ ഇപ്പോഴത്തെ ദുഃസ്ഥിതി ഗവൺമെൻറിൻറെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. സാമ്പത്തികമായി മുനിസിപ്പാലിറ്റികൾ വളരെ ബുദ്ധിമുട്ടുള്ള ഒരു അവസ്ഥയിലൂടെയാണു് പോകുന്നതു്. മുമ്പൊരിക്കൽ ബഹുമാനപ്പെട്ട പി. സി. ജോർജ് പറഞ്ഞതുപോലെ മുനിസിപ്പൽ അതിർത്തിയിൽ താമസിക്കുന്ന പാവപ്പെട്ടവരായ ആളുകൾക്ക് പ്രത്യേകിച്ചു് പഞ്ചായത്തു് അതിർത്തിയിൽ താമസിക്കുന്ന ഹരിജനങ്ങൾക്കും, പാവപ്പെട്ടവർക്കും ലഭിക്കേണ്ട ആനുകൂല്യങ്ങൾ കിട്ടുന്നില്ല. ഐ. ആർ. ഡി. പി. പ്രകാരം പഞ്ചായത്തുകളിൽ താമസിക്കുന്ന ഹരിജനങ്ങൾക്കും മറ്റു് പിന്നോക്ക വിഭാഗങ്ങൾക്കും വളരെയധികം ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ടു്. എന്നാൽ തൊട്ടടുത്തു കിടക്കുന്ന മുനിസിപ്പാലിറ്റികളിൽ താമസിക്കുന്ന ആളുകൾക്ക് അതിൻറെ ആനുകൂല്യങ്ങൾ കിട്ടുന്നില്ല. ഇതിന ഒരു ഇൻറഗ്രേറ്റഡ് അർബൻ ഡവലപ്മെൻറ് സ്കീം സംസ്ഥാന-കേന്ദ്ര ഗവൺമെൻറുകൾ ആസൂത്രണം ചെയ്യേണ്ടതായിട്ടുണ്ടു്. പഞ്ചായത്തുകളിൽ അധിവസിക്കുന്ന ആളുകളേക്കാൾ സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന ധാരാളം ആളുകൾ ഇന്നു് മുനിസിപ്പൽ അതിർത്തിയിലുണ്ടു്. അവരുടെ സർവ്വതോൻമുഖമായ പുരോഗതിക്കുവേണ്ടി എന്തെങ്കിലും പദ്ധതി സംസ്ഥാന-കേന്ദ്ര ഗവൺമെൻറുകൾ ആവിഷ്കരിക്കണം. എന്നാൽ പട്ടണങ്ങളിൽ അധിവസിക്കുന്ന ആളുകൾക്കുവേണ്ടിയുള്ള പദ്ധതികൾക്കു് മുനിസിപ്പാലിറ്റികൾ രൂപം കൊടുത്തിട്ടുണ്ടോ, അതുമില്ല. അവർക്കു് ആവശ്യത്തിനുള്ള സാമ്പത്തികശേഷി ഇല്ലെന്നാണു് അവർ പറയുന്നതു്. അതുപോലെതന്നെ ഒരു പ്ലാൻ മുനിസിപ്പാലിറ്റികളിലില്ല. റോഡിൻറെ കാര്യത്തിലായാലും, വെള്ളത്തിൻറെ കാര്യത്തിലായാലും, ബസ് സ്റ്റേഷൻറെ കാര്യത്തിലായാലും, യാതൊരു പദ്ധതിയും ഇന്നു് മുനിസിപ്പാലിറ്റികളിൽ ഇല്ല എന്നുള്ളതാണു് യാഥാർത്ഥ്യം. അതുകൊണ്ടു് ഓരോ മുനിസിപ്പാലിറ്റിയിലും ഒരു മാസ്റ്റർ പ്ലാൻ തന്നെ തയ്യാറാക്കേണ്ടതായിട്ടുണ്ടു്. അങ്ങനെ മാസ്റ്റർ പ്ലാൻ തയ്യാറാക്കി മുനിസിപ്പാലിറ്റിയുടെ രേഖ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു സംവിധാനം ഉണ്ടാക്കണം. അതുപോലെ മുനിസിപ്പാലിറ്റികളിലെ ഇലക്ഷൻ കഴിയുന്നിടത്തോളം വേഗത്തിൽ നടത്തണം. ഇപ്പോൾ ഇലക്ഷൻ നടത്തുന്നതിനു് പ്രായോഗികമായ ബുദ്ധിമുട്ടുണ്ടു്. ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഇലക്ഷനു് യാതൊരു

LIBRARY ARCHIVES Kerala Legislative Assembly

ഭയവുമില്ലെന്നുള്ളത് അറിയാമല്ലോ. കാരണം അഞ്ചുവർഷം തികയുന്നതിനു മുമ്പുതന്നെ ഒരു തിരഞ്ഞെടുപ്പു നടത്തുന്നതിന് വേണ്ടി ഈ ഗവൺമെൻറ് ആലോചിച്ചുകഴിഞ്ഞിരിക്കുകയാണ്. തിരഞ്ഞെടുപ്പിനെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെൻറിന് യാതൊരു ഭയവുമില്ല. അഞ്ചുവർഷം തികയുന്നതിനുമുമ്പുതന്നെ തിരഞ്ഞെടുപ്പ് നടത്താനാണ് ഈ ഗവൺമെൻറ് ആലോചിച്ചുവരുന്നത്.

ശ്രീ. എ. വി. താമരാക്ഷൻ: കേരളാ കോൺഗ്രസ് പാർട്ടി കോൺഗ്രസ് ഐ. യിൽ ലയിക്കുന്നതിനെ സംബന്ധിച്ച് ശ്രീ. കെ. എം. മാണി കോൺഗ്രസ് ഐ. നേതാക്കൻമാരുമായി ചർച്ച നടത്തിയതായി പത്രങ്ങളിൽ വാർത്ത വരികയുണ്ടായി, എന്നാണ് ആ ലയന സമ്മേളനം നടക്കുന്നതെന്ന് പറയാമോ?

ശ്രീ. കെ. എം. മാണി: സർ, ബഹുമാനപ്പെട്ട ബേബി ജോൺ കഴിഞ്ഞ മാസം 26-ാം തീയതി കോൺഗ്രസ്സുമായി ചർച്ച നടത്തി എന്ന് വിശ്വാസയോഗ്യമായി അറിയുന്നു. അത് ശരിയാണോ?

ശ്രീ. ടി. എസ്. ജോൺ: ബേബി ജോണിന്റെ കാര്യത്തെക്കുറിച്ച് എനിക്കറിഞ്ഞുകൂടാ. അത് അദ്ദേഹം തന്നെ പറയട്ടെ. കേരളാ കോൺഗ്രസ് പാർട്ടി മറ്റൊരു പാർട്ടിയുമായി യോജിക്കുന്നതിനോ, ലയിക്കുന്നതിനെക്കുറിച്ചുള്ള ചർച്ചയോ നടത്തിയിട്ടില്ല. നടത്തുന്ന പ്രശ്നവുമില്ല. ആ പാർട്ടി അതുപോലെ തന്നെ നിൽക്കുകയാണ്. ആ പാർട്ടിയിൽപ്പെട്ട ആരും ചർച്ച നടത്തിയിട്ടില്ല. പാർട്ടിക്കുള്ളിൽ പോലും അതിനെക്കുറിച്ച് ആലോചിച്ചിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ: കേരളാ കോൺഗ്രസ്സുമായി എന്തെങ്കിലും സഖ്യം ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാൻ ശ്രീ. നമ്പൂതിരിപ്പാടിന്റെ ക്ഷണം വല്ലതും കേരളാ കോൺഗ്രസ്സിന് ഔദ്യോഗികമായി കിട്ടിയിട്ടുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ശ്രീ. നമ്പൂതിരിപ്പാടിന്റെ വ്യക്തിപരമായ ക്ഷണം ലെറ്ററായി കിട്ടിയിട്ടില്ലെങ്കിലും പത്രത്തിൽ വായിച്ചു മനസ്സിലാക്കാൻ കഴിഞ്ഞു. കേരളാ കോൺഗ്രസ് പാർട്ടിക്ക് നല്ല വശങ്ങൾ ഉണ്ടെന്ന് അദ്ദേഹം ഇപ്പോഴെങ്കിലും പത്രത്തിൽ പ്രഖ്യാപിച്ചതിൽ വളരെ സന്തോഷവും നന്ദിയുമുണ്ട്. ഞങ്ങളുടെ പാർട്ടി തീരുമാനിക്കുന്ന കാര്യം, മറ്റു പാർട്ടികളെ അംഗീകരിക്കുന്നത് ഒടുവിലാണ്. ഞങ്ങളുടെ പാർട്ടി രൂപീകരിച്ചപ്പോൾ പറഞ്ഞു കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ഒരു മാറ്റമുണ്ടാക്കണമെന്ന്. അന്നേരം ശ്രീ. നമ്പൂതിരിപ്പാട് ഇവിടെയുണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തിന്റെ കക്ഷിയുൾപ്പെടെ അന്ന് അതിനെ എതിർത്തു. എന്നാൽ കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ഒരു പൊളിച്ചുപണി നടത്തണമെന്നുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിന്റെ കക്ഷിയുൾപ്പെടെ പിന്നീട് സമ്മതിക്കുകയുണ്ടായി. അങ്ങനെ ഞങ്ങൾക്ക്....

.....

ശ്രീ. കെ. കൃഷ്ണൻകുട്ടി: ബഹുമാനപ്പെട്ട നമ്പൂതിരിപ്പാടിന്റെ പ്രസ്താവനകൊണ്ട് അവിടെ സീറ്റ് ബാർഗെയിൻ ചെയ്യുന്നതിൽ വല്ല ഗുണവുമുണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. എസ്. ജോൺ: ഞാൻ പറഞ്ഞത് ഒടുവിലാണ് എന്തെങ്കിലും ഗുണവുമുണ്ടോ എന്നുള്ളതിനെക്കുറിച്ചൊക്കെ സമ്മതിക്കാറുള്ളതെന്നാണ്. നമ്മൾ പറയുന്നത് വസ്തുതകളാണെന്ന് കുറെ താമസിച്ചുമാത്രമാണ് നമ്പൂതിരിപ്പാടിന്റെ കക്ഷിയും മറ്റും മനസ്സിലാക്കാറുള്ളത്. ഈ സ്ഥാനത്തിന്റെ താൽപ്പര്യങ്ങൾ പരിരക്ഷിക്കുന്നതിനെതിരായി ആരുനിന്നാലും അതിനെതിരായി പോരാടുമെന്ന് കേരളാ കോൺഗ്രസ് മുമ്പ് പറഞ്ഞിട്ടുണ്ട്. അത് ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള എറണാകുളത്ത് പ്രസംഗിച്ചു. അന്ന് ബാലകൃഷ്ണപിള്ളയുടെ പ്രസംഗത്തിന് കുഴപ്പമായിരുന്നു. ഏതായാലും ഇന്ന് നമ്പൂതിരിപ്പാട് അത് സ്മരിച്ചതിൽ അതിയായ സന്തോഷവും, നന്ദിയുമുണ്ട്. ബഹുമാന്യനായ നമ്പൂതിരിപ്പാടും പ്രതിപക്ഷവും പ്രത്യേകിച്ച്, മാർക്സിസ്റ്റ് പാർട്ടിയും കേരളാ കോൺഗ്രസ് പാർട്ടിയുടെ നല്ല വശങ്ങളെക്കുറിച്ചെങ്കിലും ചിന്തിക്കാൻ തുടങ്ങിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ്: ബഹുമാനപ്പെട്ട ബാലകൃഷ്ണപിള്ള എറണാകുളത്തു നടത്തിയ പ്രസംഗത്തെക്കുറിച്ചുള്ള പരാമർശത്തിലെ ഒരു കാര്യം, ഒരു സ്വതന്ത്ര കേരളത്തെക്കുറിച്ചും, അതിനോടനുബന്ധിച്ച് പട്ടാളത്തേയും പോലീസിനേയുമൊക്കെ ഉണ്ടാക്കേണ്ട സംവിധാനവും, കഴിവുകളും ഈ രാജ്യത്തിനുണ്ടെന്ന് പറഞ്ഞതിനോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. ടി. എസ്. ജോൺ: ഇത് ഒരു പഴയ കാര്യമല്ലേ? ബാലകൃഷ്ണപിള്ള അങ്ങനെയൊന്നും പറഞ്ഞിട്ടില്ല. ഞങ്ങളുടെ പാർട്ടിയുടെ നയവും അതല്ലല്ലോ. ഞങ്ങളുടെ പാർട്ടിയുടെ നയം ശക്തമായ കേന്ദ്രവും സംതൃപ്തമായ സ്വസ്ഥാനവുമാണ് എന്നുള്ളതാണ്. എഴുതാപ്പുറം വായിക്കുകയെന്നുള്ളത് ജനതാപാർട്ടിയുടെ പരിപാടിയാണ്. ബാബർ മസ്ജിദ് സമ്മേളനത്തിന്റെ കാര്യമൊക്കെ ബഹുമാനപ്പെട്ട സീതിഹാജിക്ക് പറയാനുള്ളതുകൊണ്ടും, അതിൽ ജനതാപാർട്ടിയുടെ പങ്ക് എത്രമാത്രമുണ്ടെന്നുള്ളതിനെക്കുറിച്ചൊക്കെ സംസാരിക്കാനുള്ളതുകൊണ്ടും ഞാൻ ബില്ലിൽ ഒതുങ്ങുകയാണ്. ഈ ബില്ലിലൂടെ മുനിസിപ്പാലിറ്റികളിലെ ഇന്നത്തെ ദുഃസ്ഥിതി മാറ്റി ശക്തമായ ഒരു ഭരണ സംവിധാനം നടപ്പിലാക്കുന്നതിനുവേണ്ടി ശ്രമിക്കണം. ഇന്ന് മുനിസിപ്പാലിറ്റിയുടെ പ്രവർത്തനത്തിന് ഒരു ഊർജിതമുണ്ടായിട്ടുണ്ട്. മുനിസിപ്പാലിറ്റിയിൽ മെച്ചപ്പെട്ട ഭരണം കാഴ്ചവയ്ക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കണമെന്ന് പറഞ്ഞുകൊണ്ട്, ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സീതിഹാജി: സർ, ഈ ബില്ലിനെ അപ്പുറത്തുനിന്ന് എതിർക്കുമ്പോഴും ഞാൻ ആലോചിക്കുകയാണ്, പ്രതിപക്ഷത്തിന്റെ അരണയുടെ ബുദ്ധിയാണെന്ന്. തിരഞ്ഞെടുപ്പ് ആദ്യമായി
1 P.M.] നിട്ടിവച്ചത് സാക്ഷാൽ ഇ. എം. എസ്. തന്നെയാണ്. ഞാൻ ഓർക്കുകയാണ്, 1963-ൽ പഞ്ചായത്ത്, മുനിസിപ്പാലിറ്റി തിരഞ്ഞെടുപ്പു കഴിഞ്ഞു. 1968-ൽ കാലാവധി കഴിഞ്ഞപ്പോൾ അന്ന് ഇ. എം. എസ്സും, എം. എൻ. ഗോവിന്ദൻനായരും, മുസ്ലീംലീഗും ബഹുമാനപ്പെട്ട ബേബി ജോണിന്റെ പാർട്ടിയുടെ പിന്തുണയുണ്ടായിരുന്ന ആ സംയുക്തമുന്നണിയാണ് 3 പ്രാവശ്യം തിരഞ്ഞെടുപ്പു നീട്ടിയത്.

LIBRARY ARCHIVES Kerala Legislative Assembly

അത് കഴിഞ്ഞാ ശ്രീ. അച്യുതമേനോൻ അധികാരത്തിൽ വന്നു. കോൺഗ്രസ്സും, ലീഗും, സി. പി. ഐ. യും, ആർ. എസ്. പി. യും എല്ലാം കൂടിയ ഗവൺമെന്റ് 13 പ്രാവശ്യം (ഞങ്ങളുടെ മന്ത്രിയുണ്ടെന്നകാര്യം ഞാൻ സമ്മതിക്കുന്നു) തിരഞ്ഞെടുപ്പ് ഇവിടെ നീട്ടി. പിന്നെ തിരഞ്ഞെടുപ്പ് നടത്തിയത് ഈ മുന്നണിയാണ്. ഈ ഐക്യജനാധിപത്യമുന്നണിയാണ് 1979-ൽ തിരഞ്ഞെടുപ്പ് നടത്തിയത്. അന്ന് സി. പി. ഐ. യും, ആർ. എസ്. പി. യും ഞങ്ങളുമൊക്കെയുണ്ട്. അത് കഴിഞ്ഞ് 1984-ൽ കാലാവധി കഴിഞ്ഞു. 2 കൊല്ലമേയായിട്ടുള്ളു ഞങ്ങൾ നീട്ടിയിട്ട്. നീട്ടണമെന്ന് ഞാൻ പറയുന്നില്ല. പക്ഷെ തിരഞ്ഞെടുപ്പ്, തിരഞ്ഞെടുപ്പ് എന്ന് ബഹളം കൂട്ടുന്നു. തിരഞ്ഞെടുപ്പ് ഭ്രാന്താണെന്നാണ് സാക്ഷാൽ നമ്പൂതിരിപ്പാട് ദേശാഭിമാനിയിൽ പറഞ്ഞിരിക്കുന്നത്. ആ വാചകം കേട്ടപ്പോൾ ഞാൻ വിചാരിച്ചത് എന്തോ ഇവിടെ സംഭവിക്കാൻ പോകുന്നുയെന്നാണ്. ജാതി ഭ്രാന്ത്. മത ഭ്രാന്ത് അതുപോലെയാണുപോലും തിരഞ്ഞെടുപ്പു ഭ്രാന്ത്. തോറ്റ് തൊപ്പിയിടും എന്ന്. വിചാരിച്ചിട്ടാണ്. അവിടെ നിന്ന് ആരോ പ്രസംഗിക്കുന്നതുകേട്ടു, ഞങ്ങൾ അധികാരത്തിൽ വന്ന് തിരഞ്ഞെടുപ്പ് നടത്തുമെന്ന്. നിങ്ങളുടെ അഡ്രസ് സുണ്ടോ? അതു കൊണ്ടാണ് ഞങ്ങൾ പെൻഷൻ കൂട്ടാൻ ബിൽ കൊണ്ടുവന്നത്, നിങ്ങൾ ജീവിച്ചോട്ടെയെന്നുകരുതി. ഞങ്ങൾ നീട്ടിയതല്ല. പിന്നെ ഭരണഘടനാ പ്രതിസന്ധിയൊക്കെ വന്നു. നേരവും നാളുമൊന്നും നോക്കിയില്ല എന്നതല്ല ആക്ഷേപം പറഞ്ഞത്. ഈ ബില്ല് നേരത്തെ കൊണ്ടുവന്നതല്ലേ? ബില്ലിനെപ്പറ്റിയല്ലേ പ്രസംഗിക്കുന്നത്. അതി പ്രധാനമായ ബില്ലുകളായ കൊച്ചിൻ യൂണിവേഴ്സിറ്റി ബിൽ, കമാൻഡ് ഏരിയാ ബിൽ മുതലായ പല ബില്ലുകളും ഉണ്ടായിരുന്നിട്ടും ഈ രാജ്യത്തെ ജനങ്ങളോട് യാതൊരു ഉത്തരവാദിത്വവുമില്ലാതെ 2 ദിവസം ബഹിഷ്കരിച്ച് ഇറങ്ങിപോയപ്പോൾ ഞങ്ങൾ ആ ബില്ല് പാസ്സാക്കിയത് തെറ്റായിപ്പോയിയെന്ന് പങ്കജാക്ഷനെപ്പോലെയുള്ള നേതാക്കൻമാർ പറഞ്ഞതിൽ ഞാൻ ലജ്ജിക്കുകയാണ്. ആ ഉത്തരവാദിത്വത്തിൽ നിന്നും ഒഴിഞ്ഞ് മാറിപ്പോയിട്ടും ഞങ്ങൾ അത് പാസ്സാക്കി. ഇവിടെ ഹാജരാകാതെ 50 രൂപ ഡി. എ. യും വാങ്ങി. സബ്ജക്ട് കമ്മിറ്റിയിൽ ഡിസന്റിംഗ് നോട്ട് എഴുതിയ പീതാംബരൻ മാസ്റ്റർ പോലും പിന്നീട് അത് എന്തായിയെന്നറിയാൻ താൽപ്പര്യം കാണിച്ചില്ല. തിരഞ്ഞെടുപ്പ് വേണം, തിരഞ്ഞെടുപ്പ് വേണം എന്ന് പറയുന്നു. ആ കൊച്ചിൻ ശാസ്ത്ര സാങ്കേതിക യൂണിവേഴ്സിറ്റി ബിൽ ഞങ്ങൾ 5 മിനുട്ടുകൊണ്ട് പാസ്സാക്കി. എതിർക്കാൻ ഇവരില്ലല്ലോ. ഞങ്ങൾ ഞങ്ങളുടെ നയപ്രകാരമുള്ള ബിൽ കൊണ്ടുവന്ന് പാസ്സാക്കി. എതിർക്കാൻ പ്രതിപക്ഷമില്ല. എന്നിട്ട് തെറ്റായിപ്പോയിയെന്ന് പറഞ്ഞ് നടക്കുകയാണ്. നിങ്ങൾക്ക് വേറെ വല്ലതും പറയാൻ ഉണ്ടോ. നിങ്ങൾ ഈ ബില്ലിനെപ്പറ്റി വല്ലതും പറഞ്ഞോ. ഇപ്പോൾ പറഞ്ഞു, സേട്ട് സാഹിബ് ഏതോ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചു എന്ന്. സേട്ട് സാഹിബ് ഏതെങ്കിലും കമ്മിറ്റിയിൽ ഉണ്ടാകും. മുസ്ലീം ലീഗിന് ദേശീയ കമ്മിറ്റിയുണ്ട്. സേട്ട് സാഹിബ് പറഞ്ഞില്ല, പത്ര സമ്മേളനം നടത്തിയില്ല. ഷഹാബുദീനാണ് പറഞ്ഞത്. സേട്ട് അദ്ധ്യക്ഷത വഹിച്ചു. ഷഹാബുദീൻ ജനതാപാർട്ടിയുടെ നേതാവാണ്. വർഗ്ഗീയത പറഞ്ഞാണ് കഴിഞ്ഞ തിരഞ്ഞെടുപ്പിൽ വോട്ടു പിടിച്ചത്. ശരിയത്തിന്റെ പേരിൽ മുസ്ലീം വികാരവും വർഗ്ഗീയ വികാരവും ഇളക്കി പാർലമെന്റിൽ എത്തിയ ആളാണ് ഈ ഷഹാബുദീൻ. അല്ലായെന്ന് ചന്ദ്രശേഖരന് നെഞ്ചത്തടിച്ച് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഇവിടെ വന്നിട്ട് ഞങ്ങളോട് കൂറു ചോദിച്ചാൽ, ഞങ്ങളോട് വോട്ടു ചോദിച്ചാൽ ഞങ്ങൾക്ക് ആരുടെയും സേവ വേണ്ട. ഞങ്ങൾക്കറിയാം, കഴിഞ്ഞ ആഗസ്റ്റ് 15-ന് ബീരാൻസാഹിബും, അഹമ്മദ് സാഹിബും, നഹാസാഹിബും സല്യൂട്ട് സ്വീകരിക്കാൻ പോയപ്പോൾ ഡി. വൈ. എഫ്. ഐ. ക്കാർ തടഞ്ഞിട്ട് ഇപ്പോൾ രാജ്യസ്നേഹം പറയുന്നു. നിങ്ങൾക്ക് എന്നാണ് രാജ്യസ്നേഹമുണ്ടായത്? നായനാരെ, നിങ്ങൾ വിചാരിച്ചു സ്വാതന്ത്ര്യം പൂർണ്ണമായിട്ടില്ലെന്ന്. ഞങ്ങൾക്ക് സ്വാതന്ത്ര്യം പൂർണ്ണമായിട്ടുണ്ട്. നിങ്ങൾക്ക് ഇപ്പോഴും പൂർണ്ണമായിട്ടില്ല. നിങ്ങൾ ഞങ്ങളെ പേടിപ്പിക്കുകയാണോ? ഭരണഘടന അനുസരിക്കാൻ ഞങ്ങൾ ബാദ്ധ്യസ്ഥരാണ്.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, കഴിഞ്ഞ ലോകസഭാ തിരഞ്ഞെടുപ്പിൽ ഷാബുദ്ദീനെ എതിർത്തിരുന്നത് ഒരു മൗലാനയായിരുന്നുവെന്നും ആ മൗലാന മതവികാർങ്ങളെ ഇളക്കിവിടാനായിട്ട് അവിടെ പരിശ്രമിച്ചിട്ടുപോലും ആ നിയോജകമണ്ഡലത്തിലെ ബഹുഭൂരിപക്ഷം മുസ്ലീംങ്ങളും ഷിഹാബുദ്ദീനുവേണ്ടി പ്രവർത്തിക്കുകയും; വിജയിപ്പിക്കുകയും ചെയ്തുവന്നുമുള്ള കാര്യം അങ്ങയ്ക്കറിയാമോ?

ശ്രീ. പി. സീതിഹാജി: സർ ഞാൻ പറഞ്ഞത്, സുപ്രീംകോടതി വിധി ശരിയത്ത് നിയമത്തിൽ വന്നതിന്റെ പേരിൽ, ഈ രാജ്യത്ത് മുസ്ലീംങ്ങൾക്ക് രക്ഷയില്ല, കോൺഗ്രസ്സിൽ നിങ്ങൾക്ക് രക്ഷയില്ല, എന്നെ സഹായിക്കുവെന്ന് പറഞ്ഞ് വോട്ട് ചോദിച്ചുവാങ്ങിയ ആളിനെക്കുറിച്ചാണ്.

ശ്രീ. എം. എം. ഹസ്സൻ: രാവിലെ ബഹുമാനപ്പെട്ട ചന്ദ്രശേഖരൻ പറഞ്ഞു, ഷിഹാബുദ്ദീൻ ഞങ്ങളുടെ ആരുമല്ല, ഒരു ഔദ്യോഗിക ഭാരവാഹിയുമല്ല, ഒന്നുമേയല്ലയെന്ന്. ഇപ്പോൾ ഷിഹാബുദ്ദീനു വേണ്ടി വാദിക്കുന്നു. അദ്ദേഹം ജയിച്ചത് ജനതാപാർട്ടിയുടെ ജയമാണെന്ന് പറയുന്നു. ഈ ഇരട്ട താപ്പുനയം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. ഇല്ല. ഇല്ലായെന്ന് ആണയിട്ട് പറഞ്ഞതാണ്. ഇപ്പോൾ ഷിഹാബുദ്ദീനെപ്പറ്റി അദ്ദേഹം വാദിക്കുന്നു.

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, എന്നെ വ്യക്തിപരമായി കുറ്റപ്പെടുത്തിയതുകൊണ്ട് എനിക്ക് മറുപടി പറയാൻ അവസരം തരണം.

ശ്രീ. പി. സീതിഹാജി: ഈ ബില്ലിന്റെ ചർച്ചയിൽ ഷിഹാബുദ്ദീനെയും, ആ തീരുമാനത്തെയുംപ്പറ്റി വലിച്ചിഴച്ചുകൊണ്ടുവന്നത് അവരാണ്. അതുകൊണ്ട് ഞങ്ങൾക്ക അതിനെപ്പറ്റി പറയണ്ട, ഇതൊക്കെ കേട്ടുകൊണ്ട് ഞങ്ങൾ ഇരിക്കണോ. ഇതൊക്കെ ഇവിടെ റിക്കാർഡിലാകുന്നകാര്യമാണ്.

ശ്രീ. കെ. പി. രാമൻ: കമ്മ്യൂണിസ്റ്റ് മാർക്സിസ്റ്റ് പാർട്ടിയുടെ സ്ഥാനനേതാവായ ശ്രീ. അച്യുതാനന്ദൻ ജനതാപാർട്ടി നപുംസക പാർട്ടിയാണെന്ന് കാസർക്കോട് ചെയ്ത പ്രസംഗം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എന്തും, എവിടെയും വാക്ക് മാറി പറയുന്ന പ്രസ്ഥാനമാണ് ജനതാപാർട്ടിയെന്ന് മാർക്സിസ്റ്റ് പാർട്ടി നേതാവ് അച്യുതാനന്ദൻ പരസ്യമായി പ്രസംഗിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. പി. സീതിഹാജി: സർ, അവരുടെ കാര്യം എന്താ പറയാൻ. ബംഗാളിൽ മാർക്സിസ്റ്റ് പാർട്ടിയെ ജനതാപാർട്ടി എതിർക്കുന്നു. തമിഴ്നാട്ടിലെന്താണ്, ഭരണഘടന കത്തിച്ചു എന്നതിന്റെ പേരിൽ

LIBRARY ARCHIVES Kerala Legislative Assembly

10 എം. എൽ. എ. മാരെ പുറത്താക്കിയതിനെ നായനാർ എതിർക്കുകയും എം. വി. ആർ. കൂറുമാറിയത് ഭരണഘടനാ വിരുദ്ധമാണ്. രാജി വയ്ക്കണം എന്നു പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ഇരട്ടത്താപ്പുനയമാണ് മാർക്സിസ്റ്റ് പാർട്ടിക്കുള്ളത്. ഇവർക്ക് വല്ല രക്ഷയുമുണ്ടോ. ഇവരെ ആളുകൾ പുച്ഛിച്ചുതള്ളും.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: ബാബറി മസ്ജിദ് സംഘടിപ്പിച്ച ഒരു പൊതുയോഗത്തിൽ പോയി സംസാരിച്ച അഖിലേന്ത്യാ പ്രസിഡന്റ് ചന്ദ്രശേഖരൻ, മൂക്കിന് ഏറ് കിട്ടി അവിടെനിന്ന് ആശുപത്രിയിലായ കാര്യം സീതിഹാജിയ്ക്കറിയാമോ?

ശ്രീ. പി. സീതിഹാജി: ഈ രാജ്യത്ത് വർഗ്ഗീയ വികാരങ്ങളെ ഇളക്കിവിടുന്ന രണ്ടു പാർട്ടികളാണ് ജനതാപാർട്ടിയും മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും. അതാണ് അവരുടെ ലക്ഷ്യം അതിനാണ് അവർക്ക് വോട്ടിന്റെ ആവശ്യം. ഈ രാജ്യത്ത് മുസ്ലീംലീഗ് പങ്കാളിത്തമുള്ള ഗവൺമെന്റുണ്ട്. ഈ രാജ്യത്ത് പല ജാതികളുമുണ്ട്. യാതൊരു പ്രകോപനവുമില്ലാതെ ഒത്തൊരുമയോടുകൂടി പണ്ട് ഞങ്ങൾ പിടിച്ച നിസ്ക്കാരക്കലയും, ചന്ദനക്കുറിയും, കുരിശും ഒന്നിച്ചു വച്ച് പുലർത്തുന്ന സംവിധാനമുണ്ടായത് ഞങ്ങളുടെ സംഘടിതമായ പ്രവർത്തനംകൊണ്ടാണ്. മുസ്ലീംലീഗിനെ മാർക്സിസ്റ്റ് പാർട്ടി മാതിരി ഇ. എം. എസ്സി-ന് അടിയറ വച്ചുകൊണ്ടല്ല ഞങ്ങൾ പ്രവർത്തിക്കുന്നത്. ഞങ്ങൾക്ക് ദേശീയ കൗൺസിൽ ഉണ്ട്, ദേശീയ എക്സിക്യൂട്ടീവ് ഉണ്ട്, സംസ്ഥാന കമ്മിറ്റിയുണ്ട്, സംസ്ഥാന എക്സിക്യൂട്ടീവ് ഉണ്ട്. ഞാൻ മുജാഹിദാണ്, കുഞ്ഞാലിക്കുട്ടി സുന്നിയാണ്, ഞങ്ങൾ മുസ്ലീങ്ങൾ പലവിധമുണ്ട്. സംസ്ഥാനത്തെ മുസ്ലീംലീഗിനെ സംബന്ധിച്ച കാര്യം മുസ്ലിംലീഗ് തന്നെ തീരുമാനിക്കും.

ശ്രീ. കെ. സി. ജോസഫ്: ആസ്സാം സമര കാലത്ത് ''അസ്സാം ഗണ പരിഷത്തുമായി'' ചേർന്ന് ജനതാപാർട്ടി അന്ന് ദേശീയ ജനാവർഷം ബഹിഷ്ക്കരിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മി. ഡെപ്യൂട്ടി സ്പീക്കർ: ഇവിടെ എല്ലാവരും തന്നെ ബില്ലിന്റെ പരിധിയിൽനിന്ന് പുറത്തുപോയി സംസാരിക്കുന്നു. മസ്ജിദ്വരെ ചർച്ചചെയ്തു. അതുകൊണ്ട് എല്ലാവരും ബില്ലിനെ സംബന്ധിച്ച് സംസാരിക്കണം. ചെയറിന് എല്ലാവരോടുമുള്ള അപേക്ഷ എല്ലാവരും ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്നാണ്.

ശ്രീ. പി. സീതിഹാജി: ഞങ്ങൾ ഞങ്ങളുടെ കാര്യം പറയുന്നു. ബില്ലിനെ കുറിച്ച് മാത്രം പറഞ്ഞാൽ ഞങ്ങളും ബില്ലിനെക്കുറിച്ച് പറയാൻ തയ്യാറാണ്. അവർക്ക് ഈ രാജ്യത്തോട് സ്നേഹമുണ്ടോ? കർണ്ണാടകത്തിൽ ഞങ്ങളുടെ 17 ആളുകളെ കൊന്നു. എന്നിട്ട് മുസ്ലീങ്ങൾ ആണ് അവിടെ കുഴപ്പമുണ്ടാക്കുന്നതെന്ന് ജനതാപാർട്ടിയുടെ സെക്രട്ടറി വീരേന്ദ്രകുമാർ പ്രസ്താവനയിറക്കി. ബഹുമാനപ്പെട്ട എം. വി. ആർ. ഇപ്പോൾ സബ്മിഷൻ കൊണ്ടുവന്നു. മുസ്ലീങ്ങളെ മാത്രമല്ല, കേരളക്കാരായ മലയാളം സംസാരിക്കുന്ന, മുണ്ടുടുക്കുന്ന ആളുകളെ കണ്ടാൽ വെട്ടുകയും, കൊല്ലുകയും ചെയ്തിട്ട് പോലീസ് യാതൊരു സംരക്ഷണവും കൊടുത്തില്ല. ജനതാപാർട്ടിക്ക് സ്വാധീനമുണ്ടെന്നു പറയുന്ന, ജനതാപാർട്ടിയുടെ ഗവൺമെന്റ് ഭരിക്കുന്ന കർണ്ണാടകത്തിലാണ് ഇത് നടക്കുന്നത്. എന്നിട്ട് ജനതാപാർട്ടി സെക്രട്ടറിയായ, മാതൃഭൂമി മാനേജിംഗ് ഡയറക്ടറായ വീരേന്ദ്രകുമാർ പറയുകയാണ് മുസ്ലീംലീഗിന്റെ നയംകൊണ്ടാണ് അവിടെ കുഴപ്പ

LIBRARY ARCHIVES Kerala Legislative Assembly

ങ്ങളുണ്ടാകുന്നതെന്ന്, ഞങ്ങളെന്ത് ചെയ്യാനാണ്. ഞങ്ങൾക്ക് അവിടെ മുസ്ലിംലീഗിന്റെ എം. എൽ. എ മാർ ഇല്ല. ഇന്നത്തെ മാതൃഭൂമിയിൽ ഉണ്ട്. മുസ്ലിംലീഗിന്റെ ഇത്തരം നയംകൊണ്ടാണ് അവിടെ കുഴപ്പമുണ്ടായത്. ഇങ്ങനെ പറഞ്ഞ് അവർ സ്ഥാനത്തും അസ്ഥാനത്തും ലീഗിനെ എതിർക്കുന്നു. കണ്ണിൽ കരട് വീണിട്ട് വേറെ എവിടെയെങ്കിലും ഊതിയിട്ട് കാര്യമില്ല. ഈ നയമാണ് അവർക്കുള്ളത്. ഞങ്ങൾ കഴിഞ്ഞ തവണ ചോദിച്ചതാണ് നിങ്ങളൊക്കെയുണ്ടാകുമോയെന്ന്. സർ, തിരഞ്ഞെടുപ്പിലേക്ക് പോകുകയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ ഇപ്പോൾ എന്തിനാണ് തിരഞ്ഞെടുപ്പ് എന്ന് സഖാവ് ഇ. എം. എസ്. ചോദിച്ചു. ഞങ്ങൾ അഞ്ചുകൊല്ലം പൂർത്തിയാക്കി. ആരാണ് തിരഞ്ഞെടുപ്പിനെ ഭയപ്പെടുന്നത്? ഞങ്ങളാണോ? തിരഞ്ഞെടുപ്പിൽ ഞങ്ങൾ ജയിച്ചുവരുമെന്ന കാര്യത്തിൽ ഞങ്ങൾക്ക് സംശയമില്ല. അവരിൻ പലരും ഇവിടെ ഉണ്ടാകുകയില്ല. പ്രതിപക്ഷം ഇല്ലാതെ വരുമെന്ന പേടി മാത്രമേ ഞങ്ങൾക്കുള്ളൂ. ഭൂമി ഒഴിക്കാനോ, ഞങ്ങളെ സംശയിക്കാനോ ഇവിടെ ആരും വളർന്നിട്ടില്ല. സ്വാതന്ത്ര്യദിനവും റിപ്പബ്ലിക്ക് ഡേയും ഞങ്ങൾ കൊണ്ടാടിയപ്പോൾ കരിദിനം കൊണ്ടാടിയവരും അതിനെ കൂക്കിവിളിച്ചവരും അപഹസിച്ചവരും ഇൻഡ്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയില്ല എന്നു പറഞ്ഞവരും ഒക്കെയാണ് ഇപ്പോൾ ഇത് പറയുന്നത്. അവരാണ് ഏതോ യോഗത്തിൽ സേട്ടു സാഹിബ് പോയി എന്നതിന്റെ പേരിൽ, ഏതോ ജനതാ പാർട്ടിക്കാരൻ സ്റ്റേറ്റ്മെന്റ് ഇറക്കിയതിന്റെ പേരിൽ ഞങ്ങളെ പറയുന്നത്. ലോക്കൽബോഡീസിലേയ്ക്കുള്ള തിരഞ്ഞെടുപ്പ് ഉടനെ നടത്തണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. അതിന് തയ്യാറാണോ എന്ന് എനിക്ക് അറിയില്ല. ഞങ്ങളാരും അതിന് എതിരല്ല. കൃത്രിമമായി ആളുകളെ വോട്ടേഴ്സ് ലിസ്റ്റിൽ ചേർത്തിരിക്കുന്നു. അത് തോറ്റതിന്റെ അടയാളമാണ്. ഞങ്ങൾക്ക് അറിയാം കോടിയേരി ബാലകൃഷ്ണനും ഭാര്യയ്ക്കും മൂന്നു സ്ഥലത്താണ് വോട്ട്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പേഴ്സണൽ എക്സ്പ്ലനേഷൻ. എനിക്കും എന്റെ ഭാര്യയ്ക്കും മൂന്ന് വോട്ട് ഉണ്ടെന്നാണ് ശ്രീ. സീതിഹാജി പറഞ്ഞത്. വോട്ടേഴ്സ് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ട്. വില്ലേജ് ഓഫീസിൽ പ്രസിദ്ധീകരിച്ച വോട്ടേഴ്സ് ലിസ്റ്റിൽ ഒരു വോട്ട് മാത്രമേയുള്ളൂ. വോട്ടേഴ്സ് ലിസ്റ്റിൽ കൃത്രിമം കാണിക്കുന്ന ഉദ്യോഗസ്ഥൻമാർ പിന്നീട് രാഷ്ട്രീയ പാർട്ടിക്ക് നൽകിയ ലിസ്റ്റിൽ 131-ാമത് പേരായിട്ട് എന്റേയും 132-ാമത് പേര് എന്റെ ഭാര്യയുടേയും 133-ാമത് എന്റേയും 134-ാമത് വീണ്ടും ഭാര്യയുടേയും പേര് ചേർത്തിരിക്കുന്നു. അങ്ങനെ ചേർത്താൽ ആർക്കെങ്കിലും വോട്ട് ചെയ്യാൻ സാധിക്കുമോ? നമ്പർ 137-ഉം 138-ഉം വോട്ടർമാരുടെ പേരുമാറ്റി ഞങ്ങളുടെ പേര് ചേർത്തതിന്റെ ഫലമായി യഥാർത്ഥ വോട്ടർമാരുടെ വോട്ട് ഇല്ലാതായി. ഇത് കോൺഗ്രസ്സ് (ഐ) യുടെ ഉദ്യോഗസ്ഥൻമാർ ചെയ്ത ഗൂഢാലോചന ആണെന്നും അതിനെക്കുറിച്ച് അന്വേഷണം നടത്തണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഞാൻ ചീഫ് ഇലക്ട്രൽ ഓഫീസർക്ക് കത്ത് അയച്ചിട്ടുണ്ട്.

ഡെപ്യൂട്ടി സ്പീക്കർ: വോട്ടേഴ്സ് ലിസ്റ്റിലെ അപാകതകൾ പരിഹരിക്കാൻ വേറെ മാർഗ്ഗമുണ്ട്.

ശ്രീ. പി. സീതിഹാജി: സർ, ഇപ്പോൾ എനിക്ക് സംശയം ഈ ദേഹത്തിന് രണ്ടു ഭാര്യമാരുണ്ടോ എന്നാണ്. ഞാൻ പറഞ്ഞത്

LIBRARY ARCHIVES Kerala Legislative Assembly

ശരിയല്ലേ? തിരഞ്ഞെടുപ്പ് വേഗം നടത്തണം. 17 പ്രാവശ്യം ശ്രീ. ബേബിജോണും, പ്രഭാകരനും, നായനാരും, ഇ.എം.എസ്സും എല്ലാവരും കൂടി ഓർഡിനൻസ് നീട്ടിയതാണ്. ഇപ്പോഴത്തെ പ്രാവശ്യം ശ്രീ. മാണി ഓർഡിനൻസ് നീട്ടിയെങ്കിൽ അത് പാടുകയില്ല. അത് നീട്ടണം. തിരഞ്ഞെടുപ്പ് നടത്തുന്നതിനുവേണ്ടി ജനകീയ സമിതിയുണ്ടാക്കാൻ പറ്റുമോയെന്ന് ആലോചിക്കണം. ഞാൻ ഈ ബില്ലിനെ ഒന്നുകൂടി പിന്താങ്ങുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കലഹാന്തകാലത്തോളം തിരഞ്ഞെടുപ്പ് നീട്ടിക്കൊണ്ടുപോകണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ശ്രീ. മാണി ഈ ബിൽ അവതരിപ്പിച്ചിരിക്കുന്നത്. ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഈ ബില്ലിനെ അനുകൂലിച്ചുകൊണ്ട് സംസാരിച്ച ശ്രീ. സീതി ഹാജി 1968-ൽ ഇ.എം.എസ്സിന്റെ ഗവൺമെന്റ് പഞ്ചായത്തുകളുടേയും മുനിസിപ്പാലിറ്റികളുടേയും കാലാവധി നീട്ടിയെന്നു പറഞ്ഞു. അതോടൊപ്പം പഞ്ചായത്തുകളുടേയും കാലാവധി നീട്ടി. ഇവിടെ അഞ്ചു വർഷം കഴിഞ്ഞപ്പോഴാണ് കാലാവധി നീട്ടിയില്ലെന്നു മാത്രമല്ല നിലവിലുണ്ടായിരുന്ന കൗൺസിലുകളെ പിരിച്ചുവിട്ടതായി പ്രഖ്യാപിക്കുകയും ചെയ്തു. അതിനെതിരായി കോടതിയിൽ പോയി. കോടതിവിധി ഗവൺമെന്റ് കാലാവധി നീട്ടിക്കൊടുക്കണമെന്നായിരുന്നു. അതിനെ നേരിടുന്നതിനുവേണ്ടി, കോടതിയുടെ ഉത്തരവിനെ പോലും തകർക്കുന്നതിനുവേണ്ടി നിയമത്തിൽ ഭേദഗതി വരുത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് പഞ്ചായത്ത്-മുനിസിപ്പൽ കോർപ്പറേഷൻ കമ്മിറ്റികളെ തകർത്തുകൊണ്ടത്. അതും 1968-ൽ ഇ.എം.എസ്സിന്റെ ഗവൺമെന്റ് തിരഞ്ഞെടുക്കപ്പെട്ട കൗൺസിലുകളുടെ കാലാവധി നീട്ടിയതും ഒന്നാണെന്ന് വാദിക്കാൻ സീതിഹാജിക്ക് മാത്രമേ കഴിയൂ. അദ്ദേഹത്തിന്റെ പ്രസംഗവേളയിൽ ഒന്നുരണ്ട് കാര്യങ്ങളും പറഞ്ഞു. അദ്ദേഹത്തിന്റെ പാർട്ടിയുടെ അഖിലേന്ത്യാ പ്രസിഡണ്ട് പങ്കെടുത്ത സമ്മേളനം പാസ്സാക്കിയ പ്രമേയത്തെ സംബന്ധിച്ചു ഇന്നു രാവിലെ ചർച്ച നടന്നു. ആ പ്രമേയം ഇവിടുത്തെ ഇന്ത്യൻ യൂണിയൻ മുസ്ലിം ലീഗിന് ബാധകമല്ല എന്നാണ് ശ്രീ. നഹ പറഞ്ഞത്. ഞാൻ ചോദിക്കട്ടെ അത് ഇവിടെ ബാധകമല്ലെന്നു പറയുന്ന ഇൻഡ്യൻ യൂണിയൻ മുസ്ലിംലീഗിലെ നേതാക്കൻമാർ ആ പ്രമേയത്തെ എതിർക്കാൻ തയ്യാറുണ്ടോ? ആ പ്രമേയം ശരിയല്ലെന്നു പറയാൻ ഇവർ തയ്യാറുണ്ടോ? ഇൻഡ്യൻ യൂണിയൻ മുസ്ലിംലീഗു കൂടി നിപ്പ്ലിക്ക് ദിനവും ആഗസ്റ്റ് 15-ഉം കരിദിനമായി ആചരിക്കണമെന്നും, നിഷേധിക്കണമെന്നും പ്രമേയം പാസ്സാക്കിയത് തെറ്റാണെന്ന് പറയാൻ കേരളത്തിലെ ഇൻഡ്യൻ യൂണിയൻ മുസ്ലിംലീഗുകാർ തയ്യാറുണ്ടോ? അത് ഇവിടെ നടപ്പിലാക്കാൻ കഴിയുകയില്ല; ഞങ്ങളും അതിന് പുറംതിരിഞ്ഞ് നിൽക്കുന്നു എന്നു പറഞ്ഞാൽ മതിയോ? രാജ്യദ്രോഹം കാണിച്ചതു സംബന്ധിച്ച് ഞാൻ പറയുന്നില്ല.

നിപ്പ്ലിക്ക് ദിനവും ആഗസ്റ്റ് 15-ഉം കരിദിനമായി പണ്ട് കമ്മ്യൂണിസ്റ്റ് പാർട്ടി ആചരിച്ചതായി പറയുന്നുണ്ട്. ശരിയാണ്, കമ്മ്യൂണിസ്റ്റ് പാർട്ടിയെ നിരോധിച്ച കാലഘട്ടത്തിൽ കമ്മ്യൂണിസ്റ്റ് പാർട്ടി പ്രവർത്തകർക്ക് പുറത്തിറങ്ങി നടക്കാനുള്ള സാഹചര്യം ശ്രീ. പണ്ഡിറ്റ് നെഹ്റുവിന്റെ ഗവൺമെന്റിന്റെ കാലത്ത്

LIBRARY ARCHIVES Kerala Legislative Assembly

തരാതിരുന്ന കാലഘട്ടത്തിൽ, പ്രിവൻറീവ് ഡിറ്റൻഷൻ ആക്ട് അനുസരിച്ച് ഞങ്ങളുടെ നേതാക്കൻമാരെ പിടിച്ച് ജയിലിൽ അടച്ചിരുന്ന അവസരത്തിൽ സ്വാതന്ത്ര്യമല്ല കിട്ടിയത്. മനുഷ്യർക്ക് പുറത്തിറങ്ങി നടക്കാൻപോലും, അവസരം ഇല്ലാത്ത, മനുഷ്യർക്ക് ട്രേഡ് യൂണിയൻ സംഘടനയുണ്ടാക്കാൻ അനുവാദമില്ലാത്ത അവസരത്തിൽ, സ്വതന്ത്രമായി സഞ്ചരിക്കാനും പ്രവർത്തിക്കാനും, രാഷ്ട്രീയ സ്വാതന്ത്ര്യം അനുവദിക്കാനും സാധിക്കാത്ത ഗവൺമെൻറ് സ്വതന്ത്ര ഗവൺമെൻറ് അല്ലെന്ന് പറഞ്ഞത് ശരിയാണ്. സ്വതന്ത്രമായി പ്രസംഗിക്കാനും സംഘടിക്കാനും മുള്ള എല്ലാ അവസരങ്ങളും ഉള്ള ഈ അവസരത്തിൽ ബാബറി മസ്ജിദിൻറെ പേരുപറഞ്ഞുകൊണ്ട്, രാമജന്മഭൂമിയുടെ പേരു പറഞ്ഞ് വർഗ്ഗീയ വൈരുദ്ധ്യം വളർത്തി ആർ.എസ്.എസ്.എസ്സിനെ രംഗത്തുകൊണ്ടുവന്ന് മുസ്ലിംങ്ങളും ആർ. എസ്.എസ്. എസ്സുകാരും തമ്മിൽ സംഘട്ടനം ഉണ്ടാക്കുന്ന തരത്തിൽ പ്രമേയം പാസ്സാക്കിയ അഖിലേന്ത്യാ മുസ്ലീം സമ്മേളനത്തിൽ.....

വ്യവസായവകുപ്പുമന്ത്രി (ശ്രീ. ഇ. അഹമ്മദ്): സർ, ജനതാപാർട്ടിയുടെ പേരിൽ ബിഹാറിൽ മൽസരിച്ച ഷിഹാബുദ്ദീനു് ബഹുമാനപ്പെട്ട മെമ്പറുടെ പാർട്ടി പാർലമെൻറ് ഇലക്ഷനു് പിന്തുണ കൊടുത്തതിനെപ്പറ്റി എന്തുപറയുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, വ്യത്യാസം മനസ്സിലാകുന്നില്ല. ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞു, ഷിഹാബുദ്ദീൻ ഞങ്ങളുടെ പാർട്ടിയുടെ എം.പി.യാണ്, ഞങ്ങളുടെ പാർട്ടിയുടെ നയം അതല്ല എന്ന്. അദ്ദേഹം വ്യക്തിപരമായി പറയുന്നതാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൻറെ പ്രസിഡൻറ് പങ്കെടുത്ത സമ്മേളനം പാസ്സാക്കിയ പ്രമേയം ഞങ്ങളം തള്ളുന്നു എന്നു നിങ്ങൾക്ക് പറയാൻ പറ്റുമോ? കഴിയുകയില്ല. ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞത് നിങ്ങൾ അംഗീകരിക്കുന്നില്ല. ഷിഹാബുദ്ദീനല്ല അദ്ദേഹത്തിൻറെ ഉപ്പാപ്പ പങ്കെടുത്ത് പ്രമേയം പാസ്സാക്കിയാലും ആ പ്രമേയം ജനതാപാർട്ടി അംഗീകരിക്കുന്നില്ലായെന്ന് അർത്ഥശങ്കയ്ക്ക് ഇടയില്ലാതെ ശ്രീ. ചന്ദ്രശേഖരൻ പറഞ്ഞു. നിങ്ങൾക്ക് അതിനു് കഴിയുമോ?

ശ്രീ. ഇ. അഹമ്മദ്: സർ, ഷിഹാബുദ്ദീനെപ്പറ്റി പറഞ്ഞത് കേരളത്തിലെ ചന്ദ്രശേഖരനാണ്, അഖിലേന്ത്യാ നേതാവ് ചന്ദ്രശേഖരൻ ഒന്നും പറഞ്ഞില്ല എന്ന വിവരം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, കേരളത്തിലെ ചന്ദ്രശേഖരൻ ആ പാർട്ടിയുടെ അഖിലേന്ത്യാ നേതാവുകൂടിയാണ്.

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: സർ, പ്രതിപക്ഷത്തിരിക്കുന്ന ആളുകൾക്ക് മലയാളം തിരിയുകയില്ലല്ലോ. ഞങ്ങളുടെ പാർട്ടിയുടെ നേതാവ് രാവിലെ ഇവിടെ പറഞ്ഞു. പിന്നെ എന്തടിസ്ഥാനത്തിലാണ് ഞങ്ങൾ എതിർക്കുന്നത്.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, എൻറെ സുഹൃത്തിൻറെ ഭാഷ എനിക്ക് മനസ്സിലായില്ല. അദ്ദേഹം അത് പറഞ്ഞില്ല. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ സംബന്ധിച്ച് പറഞ്ഞു ഞങ്ങൾക്ക് ആ പ്രമേയം ബാധകമല്ല എന്ന്. ബാധകമല്ലെന്ന് പറയുന്നത്.....

LIBRARY ARCHIVES Kerala Legislative Assembly

ഹാമർഷിൽഡിന്റെ ഒരു കവിതയുണ്ട്. ഒരു ഭ്രാന്തൻ ഒരു പ്രദേശത്തു നിന്ന് ഉറക്കെ എന്തോ വിളിച്ചു പറഞ്ഞു. ആരും അതിനെ എതിർത്തില്ല. അതുകൊണ്ട് അതെല്ലാം അന്തിമ സത്യങ്ങളായി മാറി എന്ന് ഒരു കവിതയുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

സർ, ഡെപ്യൂട്ടി മുഖ്യമന്ത്രി പറഞ്ഞത് ഞങ്ങളെ സംബന്ധിച്ച് അത് ബാധകമല്ലെന്നാണ്. ആ പ്രമേയം തെറ്റാണെന്നുപറയാൻ തയ്യാറുണ്ടോയെന്നാണ് ചോദ്യം. ഇന്നുവരെ ഒരു പത്രത്തിലും ആ പ്രമേയം തെറ്റാണ്, ഞങ്ങൾ എതിർക്കുന്നു എന്നു ഒരു മുസ്ലീം ലീഗ് നേതാവും പറഞ്ഞു കണ്ടില്ല. ശ്രീമാൻ നഹയും പറഞ്ഞില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: സർ, റിപ്പബ്ലിക്ദിനം ബഹിഷ്ക്കരിക്കുവാനുള്ള തീരുമാനം മാത്രമല്ല, ഇന്നു വടക്കേ ഇന്ത്യയിൽ പല തെരുവുകളിലും അപ്പുറത്തു മുസ്ലീങ്ങളും ഇപ്പുറത്തു ഹിന്ദുക്കളും തമ്മിൽ ഇടകലർന്നു ജീവിക്കുകയും കച്ചവടം നടത്തുകയും ചെയ്യുന്ന സ്ഥലങ്ങളിൽ കടകം അടയ്ക്കാൻകൂടി ആഹ്വാനം കൊടുത്തിരിക്കുന്നു. ആ ദിനത്തിൽ ഇന്ത്യയിൽ പല സ്ഥലത്തും വർഗ്ഗീയകലാപങ്ങളും നടക്കുമെന്നുള്ള കാര്യത്തിൽ തർക്കം വല്ലതുമുണ്ടോ?

ശ്രീ. വി. ജെ. തങ്കപ്പൻ: അതു എല്ലാപേർക്കും നേരത്തെ കാണാൻ കഴിയും. രാഷ്ട്രീയാന്ധന്മാർക്ക് അതു നേരത്തെ കാണാൻ കഴിയുകയില്ല. കൊണ്ടാൽ മാത്രമേ അറിയൂ. ആർ. എസ്. എസുകാരും മുസ്ലീം ലീഗും തമ്മിൽ പരസ്പരം കഴുത്തറത്താൽ മാത്രമേ ഈ പ്രമേയം തെറ്റാണെന്നു ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനു പറയാൻ കഴിയൂ. അതാണ് അതിന്റെ ബുദ്ധിമുട്ട്.

ശ്രീ. വി. കേശവൻ: ഈ പ്രമേയത്തിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിന്റെ നേതൃത്വത്തിൽ പതിനായിരക്കണക്കിനു മുസ്ലീങ്ങളും പാർലമെന്റിലേക്കു മാർച്ചു ചെയ്യുമെന്നും അതിനുശേഷം ലക്ഷക്കണക്കിനു മുസ്ലീങ്ങളെ ചേർത്തുകൊണ്ടു യു.പി.യിലുള്ള ശ്രീരാമജന്മഭൂമിയിലേക്കു മാർച്ചു ചെയ്യുമെന്നുംകൂടി പറഞ്ഞിട്ടുണ്ട്. അതിനെപ്പറ്റി അങ്ങയുടെ അഭിപ്രായം എന്താണ്?

ശ്രീ. വി. ജെ. തങ്കപ്പൻ: ആ പ്രമേയത്തിലെ ആ ഭാഗങ്ങളും കൂടി ഞങ്ങൾ അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല എതിർക്കുന്നു എന്നു കേരളത്തിലെ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗു നേതാക്കൾക്ക് പറയാൻ കഴിയുമോ? കഴിയില്ല.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: തൃശ്ശൂരിൽ നടന്ന പ്രകടനത്തിൽ ഈ പ്രമേയത്തിന് അനുകൂലമായി വളരെ പ്രകോപനപരമായ മുദ്രാവാക്യങ്ങൾ വിളിച്ചു എന്നുള്ള കാര്യം മെമ്പർക്കറിയാമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ആ പ്രമേയം പ്രകോപനപരമാണെന്നു മാത്രമല്ല ഇന്ത്യയിൽ ഇന്നു പരിമിതമായെങ്കിലും നിലനിൽക്കുന്ന മതഭ്രാന്തില്ലായ്മ തകർത്തു മതപരമായ ഭ്രാന്തു ഇളക്കിവിടുന്നതാണ് അത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: 1947-ൽ ആഗസ്റ്റ് 15-നും 1950-ൽ റിപ്പബ്ലിക്ക് ദിനത്തിനും കരിദിനം ആചരിച്ച് മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് ഇന്ത്യാരാജ്യത്ത് എന്തുതന്നെ പ്രതിസന്ധി ഉണ്ടായാലും റിപ്പബ്ലിക്ക് ദിനവും സ്വാതന്ത്ര്യ ദിനവും ഞങ്ങൾ ബഹിഷ്കരിക്കുകയില്ല, കരിദിനം ആചരിക്കുകയില്ല എന്നു തീർത്തു പറയാൻ തയ്യാറാകുമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ഞാൻ പറഞ്ഞത് കുരിക്കൾക്ക് മനസ്സിലായില്ല. 1948-ൽ കരിദിനം ആചരിക്കുമ്പോൾ ഞങ്ങളുടെ പാർട്ടി നിരോധിക്കപ്പെട്ട പാർട്ടിയായിരുന്നു. ആ പാർട്ടിക്ക് അന്നു രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് സ്വാതന്ത്ര്യമില്ലായിരുന്നു. സംഘടിക്കാനും സമരം ചെയ്യാനും ആശയം പ്രചരിപ്പിക്കാനും സ്വാതന്ത്ര്യം ഇല്ലായിരുന്നു. അങ്ങനെ അന്നു കമ്മ്യൂണിസ്റ്റ് പാർട്ടിയെ അടിച്ചമർത്തിയപ്പോൾ, സ്വാതന്ത്ര്യം നിഷേധിച്ചപ്പോൾ ആ സ്വാതന്ത്ര്യദിനം സ്വാതന്ത്ര്യദിനമല്ലെന്നു പറയാൻ ഞങ്ങൾ തയ്യാറായി.

ശ്രീ. എം. പി. എം. ഇസ്ഹാക്ക് കുരിക്കൾ: ഞങ്ങൾ എന്തു പ്രതിസന്ധി ഉണ്ടായാലും ഇന്ത്യയുടെ സ്വാതന്ത്ര്യ ദിനത്തിലും റിപ്പബ്ലിക്ക് ദിനത്തിലും ഒരിക്കലും കരിദിനം ആചരിക്കുകയില്ല, ബഹിഷ്കരിക്കുകയില്ല. ആ രാജ്യസ്നേഹം പ്രകടിപ്പിക്കുവാൻ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടി തയ്യാറാകുമോ?

ശ്രീ. വി. ജെ. തങ്കപ്പൻ: ഇത്രയും പറഞ്ഞിട്ടും ആ പ്രമേയം തെറ്റാണെന്നു പറയാൻ കുരിക്കൾ തയ്യാറല്ല. ഇവിടെയിപ്പോൾ ബി. ഡി. സി. കളും പഞ്ചായത്തു കമ്മിറ്റികളുമില്ല. അതിന്റെ ഗുണം അനുഭവിക്കുന്നത് കോൺഗ്രസ് പാർട്ടിയാണ്. കാരണം പഞ്ചായത്തുകളിലെ വികസന പ്രവർത്തനങ്ങൾ ഭൂരിപക്ഷവും നടത്തുന്നത് ബ്ലോക്കുകളിലൂടെയാണ്.

ശ്രീ. കോട്ടക്കുഴി സുകുമാരൻ: അടുത്തുനടക്കാൻ പോകുന്ന തിരഞ്ഞെടുപ്പിൽ മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിക്ക് സ്ഥാനാർത്ഥിയാക്കാൻ യോഗ്യതയുള്ള പലരുമുണ്ടായിട്ടും ഈ സ്വാതന്ത്ര്യസമരക്കാരുടെ യുഗത്തിലേക്ക് ഇറങ്ങിവരാനുള്ള കാരണംകൂടി വിശദീകരിച്ചാൽ കൊള്ളാമായിരുന്നു.

ശ്രീ. വി. ജെ. തങ്കപ്പൻ: അക്കാര്യം ഞങ്ങളുടെ പാർട്ടി തീരുമാനിച്ചുകൊള്ളും. ഇവിടെ ബി. ഡി. സി. കളും നിലവിലില്ല. പഞ്ചായത്തു കമ്മിറ്റികളില്ല. എൻ.ആർ.ഇ.പി. പ്രവർത്തനങ്ങളായാലും ആർ.എൽ.ഇ.ജി.പി. പ്രവർത്തനങ്ങളായാലും ഫാമിൻ റിലീഫ് വർക്കായാലും ഫ്ളഡ് റിലീഫ് വർക്കായാലും ഇതെല്ലാം നടക്കേണ്ടത് ബ്ലോക്കുകളിൽ കൂടിയാണ്. സാമൂഹ്യജലസേചന പദ്ധതിക്ക് 10 കോടി ഉറുപ്പിക ചെലവാകുമെന്നാണ് ശ്രീ. മാണി പറഞ്ഞത്. അദ്ദേഹം പറഞ്ഞത് വിശ്വസിക്കാമെങ്കിൽ അതും എം.എൽ.എ.മാരെപ്പോലും പങ്കെടുപ്പിക്കാത്ത യോഗങ്ങളിൽവച്ച് കേരളാകോൺഗ്രസ് നേതാക്കന്മാരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള തീരുമാനമാണെന്നാണ് മനസ്സിലായത്. കേരളാ കോൺഗ്രസ്സിലുള്ള എന്റെ ഒരു സുഹൃത്ത് പറഞ്ഞത് ഇവിടെ ഉദ്ധരിക്കാം. "എനിക്ക് മാണിസാർ ഒരു കുളം തന്നു. ആ കുളത്തിന്റെ കോൺട്രാക്ടറാണ് അടുത്ത് നിൽക്കുന്നത്" "ഒരു കുളം തന്നു എന്നു പറയുമ്പോൾ ഒരു കിഴി കെട്ടിക്കൊടുത്തതുപോലെയാണ് അയാൾക്ക് തോന്നുന്നത്. എന്റെ നിയോജക

LIBRARY ARCHIVES Kerala Legislative Assembly

മണ്ഡലത്തിൽപ്പെട്ട കുളം കുഴിക്കുന്നതും നന്നാക്കുന്നതും ഞാനോ മറ്റാരെങ്കിലുമോ അറിഞ്ഞില്ല. എന്നെ അറിയിക്കണമെന്നു നിർബന്ധമുണ്ടായിട്ടല്ല. ബി. ഡി. സി. യോ പഞ്ചായത്തുകമ്മിറ്റിയോ ഇല്ലാത്ത പ്രദേശത്തു ഇതുപോലെയുള്ള പ്രവർത്തനങ്ങൾ നടത്തുമ്പോൾ ആ പ്രദേശത്തെ ജനപ്രതിനിധിയെ അറിയിക്കേണ്ടേ? അതു അറിയിച്ചിട്ടില്ല. എൻ. ആർ. ഇ. പി. പ്രവർത്തനങ്ങളും ആർ. എൽ. ഇ. ജി. പി. പ്രവർത്തനങ്ങളും ഡിപ്പാർട്ടുമെന്റലായിട്ട് നടക്കുന്നു. അതു പരിശോധിക്കാൻ ഇന്ന് ഉദ്യോഗസ്ഥന്മാരല്ലാതെ വേറെയൊരു സംവിധാനവുമില്ല. ഏതെല്ലാം പ്രവർത്തനങ്ങൾ എൻ. ആർ. ഇ. പി. യിൽ ഉൾപ്പെടുത്തണം, ഏതെല്ലാം പ്രവർത്തനങ്ങൾ ആർ. എൽ. ഇ. ജി. പി. യിൽ ഉൾപ്പെടുത്തണം എന്നുള്ളതിനെ സംബന്ധിച്ച് യാതൊരു നിർദ്ദേശവും മുകളിൽനിന്ന് നൽകിയിട്ടില്ല. ഡി. ആർ. ഡി. എ. പ്രധാനപ്പെട്ട വികസന ഉദ്യോഗസ്ഥൻമാരെ വിളിച്ച് വർക്കുകളെ സംബന്ധിച്ച് തീരുമാനിച്ച് പണം അലോട്ട് ചെയ്യപ്പെടുന്നു. ഇഷ്ടംപോലെ പണം ചെലവാക്കാനുള്ള സംവിധാനമാണ് ഇന്നുള്ളതെന്ന് ഞാൻ ആരോപിക്കുന്നു. കഴിഞ്ഞ രണ്ടരവർഷക്കാലമായി നമ്മുടെ സംസ്ഥാനത്ത് ബ്ലോക്കുകളിൽക്കൂടി നടക്കുന്ന വികസന പ്രവർത്തനങ്ങൾക്ക് ഉദ്ദേശിക്കുന്ന ഫലങ്ങൾ യാതൊന്നും കിട്ടുന്നില്ല. 10 ലക്ഷം ഉറുപ്പികയുടെ വർക്കിന് 3 ലക്ഷം ഉറുപ്പികയുടെ പ്രയോജനംപോലും കിട്ടുന്നില്ല. ഇടത്തട്ടുകാരും സ്ഥലത്തെ പ്രധാനപ്പെട്ട ഭരണകക്ഷിയിലുള്ള നേതാക്കൻമാരും കോൺഗ്രസ് പ്രവർത്തകൻമാരും നോമിനികളെന്ന ഓമനപ്പേരിട്ടുവിളിക്കുന്ന കോൺട്രാക്ടർമാരുമായി യോജിച്ചുകൊണ്ട് ബ്ലോക്കുദ്യോഗസ്ഥൻമാരെ കയ്യിലെടുത്ത് 70 ശതമാനം തുകയും പ്രവർത്തിയിൽ കൊണ്ടുവരാതെ ഇടത്തട്ടുകാർ കൊണ്ടുപോകുന്നു. കോൺഗ്രസുകാർക്കും ഭരണകക്ഷി പ്രമാണിമാർക്കും പണമുണ്ടാക്കുന്നതിനുവേണ്ടി മാത്രമാണ് പഞ്ചായത്തു കമ്മിറ്റികളും മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലുകളും പിരിച്ചു വിട്ടത്. പഞ്ചായത്തുകളും മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലുകളുമുള്ളപ്പോൾ ഏറ്റവും ചുരുങ്ങിയത് ആ കമ്മിറ്റികളുമായി ചർച്ച ചെയ്തു ആ കമ്മിറ്റിയുടെ അഭിപ്രായം ആരായേണ്ടതുണ്ട്. ഇവിടെ പഞ്ചായത്തുകമ്മിറ്റിയോ കോർപ്പറേഷൻ മുനിസിപ്പൽ കൗൺസിലോ ഇല്ലാത്തതുകൊണ്ട് ഗവൺമെന്റിനു കോൺഗ്രസ് പാർട്ടിവഴി ഇക്കാര്യങ്ങൾ നടപ്പാക്കാൻ കഴിയും. കോൺഗ്രസ് പാർട്ടിക്കുവേണ്ടി ഇലക്ഷൻഫണ്ടോ ജാഥാ ഫണ്ടോ മണ്ഡലം റാലി ഫണ്ടോ ഏതുഫണ്ട് വേണമെങ്കിലും ഉണ്ടാക്കാനുള്ള അവസരമായി ഈ സമയം ദുരുപയോഗപ്പെടുത്തുന്നു. ബ്ലോക്കുകൾ വഴി ചെലവാക്കുന്ന പണം സംബന്ധിച്ച് ഗവൺമെന്റിനു അന്വേഷിക്കാം. ഏജൻസികളെ ഏർപ്പെടുത്താം. റോഡിനുവേണ്ടി 3 ലക്ഷം ഉറുപ്പികയുടെ എസ്റ്റിമേറ്റ് കൊടുത്താൽ 3 ലക്ഷം ഉറുപ്പിക ചെലവഴിക്കുന്നില്ല. അതു പരിശോധിക്കാൻ കൗൺസിലുകളുണ്ടോ? പഞ്ചായത്തു കമ്മിറ്റികളുണ്ടോ? യാതൊരു സംവിധാനങ്ങളും ഇന്നു വികസന പ്രവർത്തനങ്ങൾ പരിശോധിക്കാനോ സൂപ്പർവൈസ് ചെയ്യാനോ ഇല്ല. ഉദ്യോഗസ്ഥൻമാരെ മാത്രം വച്ചു ഭരിക്കുന്നു. ഈ ഗവൺമെന്റിന്റെ കാലത്തു തിരഞ്ഞെടുപ്പു നടക്കുകയില്ലെന്നു 2 കൊല്ലങ്ങൾക്കു മുമ്പ് ഈ നിയമസഭയിൽ ഞങ്ങൾ പറഞ്ഞതാണ്. ശ്രീ. കരുണാകരൻ മുഖ്യമന്ത്രിയും ശ്രീമാൻ സുന്ദര സ്വാമി പഞ്ചായത്തു മുനിസിപ്പൽ മന്ത്രിയുമായിരിക്കുന്ന കാലത്തോളം പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പുകൾ നടക്കുകയില്ലെന്നു 2 വർഷങ്ങൾക്കുമുമ്പ് ബഡ്ജറ്റ് സമ്മേളനത്തിൽ ശക്തമായ അഭിപ്രായം ഉയർന്നുവന്നതാണ്. അന്നു പഞ്ചായത്തുമന്ത്രി ശ്രീ. സുന്ദരംസ്വാമി പറഞ്ഞത് വാർഡ് ഡീലിമിറ്റേഷനും മറ്റു

LIBRARY ARCHIVES Kerala Legislative Assembly

കാര്യങ്ങളും പൂർത്തിയാകാത്തതുകൊണ്ട് തെരഞ്ഞെടുപ്പു നടക്കുന്നില്ലെന്നാണ്. വേണമെങ്കിൽ രണ്ടോ മൂന്നോ മാസങ്ങൾക്കകം വാർഡ് ഡീലിമിറേഷനും മറ്റു സംവിധാനങ്ങളും ഏർപ്പെടുത്താൻ കഴിയും. പക്ഷേ ഗവൺമെന്റിന്റെ ഉദ്ദേശം മുരുദ്ദേശപരമാണ്. ഈ സംവിധാനം ഉപയോഗിച്ചുകൊണ്ട് എത്രത്തോളം പണം സർക്കാർ ഖജനാവിൽ നിന്നു ഊറ്റി കോൺഗ്രസ് പാർട്ടിക്ക് ഫണ്ട് ഉണ്ടാക്കാമോ അത്രത്തോളം ഉണ്ടാക്കാൻ വേണ്ടിയാണ് പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ കൗൺസിലുകളെ നിലവിൽ വരുത്താൻ വിസമ്മതിക്കുന്നത്. അതുകൊണ്ടാണ് കൽപാന്തകാലത്തോളം, 72-ലും 80-ലും 90-ലും മാസംവരെ തിരഞ്ഞെടുപ്പുകളെ നീട്ടിക്കൊണ്ടുപോകുന്നത്. രാജീവ് ഗാന്ധി അടുത്തകാലത്തു പറഞ്ഞു, പഞ്ചായത്തു മുനിസിപ്പൽ കോർപ്പറേഷൻ തിരഞ്ഞെടുപ്പുകളെ നടത്തണമെന്ന്. അദ്ദേഹം കേരളത്തെ മാത്രം അതിൽനിന്ന് ഒഴിവാക്കണമെന്നു പറഞ്ഞിട്ടില്ല. കോൺഗ്രസ് പാർട്ടിഭരിക്കുന്ന ഒരു സംസ്ഥാനമാണ് കേരളം. കോൺഗ്രസ്സിന്റെ അഖിലേന്ത്യാ പ്രസിഡന്റിന്റെ നിർദ്ദേശം അനുസരിക്കാൻ, ഇന്ത്യൻ പ്രധാനമന്ത്രിയുടെ നിർദ്ദേശം അനുസരിക്കാൻ, ബാദ്ധ്യതയുള്ള ഒരു പാർട്ടിയാണ് അതു നിഷേധിച്ചുകൊണ്ട് കൽപാന്തകാലത്തോളം തിരഞ്ഞെടുപ്പു നീട്ടിക്കൊണ്ടുപോകണമെന്നു ആഗ്രഹിക്കുന്നത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മെമ്പറുടെ സമയം കഴിഞ്ഞു.

ശ്രീ. വി. ജെ. തങ്കപ്പൻ: സർ ശ്രീ. ഹസ്സനും മറ്റും ഞങ്ങളെപ്പറ്റി പറഞ്ഞ ചില പരാമർശങ്ങൾക്ക് മറുപടി പറയണം. മറുപടി പറയാതിരുന്നാൽ മറുപടി ഇല്ലെന്നു കരുതും. അക്കാര്യങ്ങളെക്കുറിച്ച് മറുപടി പറയാൻ 10 മിനിറ്റെങ്കിലും വേണ്ടിവരും.

മി. സ്പീക്കർ: You can continue.

സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8-30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ഡിസംബർ 30-ാം തീയതി ചൊവ്വാഴ്ച രാവിലെ 8-30 ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 1-30-ന് പിരിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly